3. The Kerala Private Forests (Acquisition) Bill, 1968.

Minister for Industries and Labour (**Shri P. Ravindran**): Sir, I move that the time for the presentation of the Report of the Select Committee on the Kerala Private Forests (Acquisition) Bill, 1968 be extended till March 31, 1970.

Minister for Education and Home (**Shri C. H. Muhammad Koya**): I second it. The motion was put and carried.

[ശ്രീ. എം. രാമുണ്ണി: 1968-ലെ പൊതുപ്രവർത്തകരെ സംബന്ധിച്ച് (അന്വേഷണ വിചാരണ) ബില്ലിന്റെ സമയം നീട്ടുന്നതു ശരിയല്ലെന്നും ഈ സമ്മേളനത്തിൽതന്നെ ഈ ബിൽ വരുമെന്നും ഞങ്ങൾ പ്രതീക്ഷിച്ചതാണ്. ഇനിയും ഇതിന്റെ സമയം നീട്ടുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: സമയം നീട്ടിയെന്നു വിചാരിച്ച് ഈ സമ്മേളനത്തിൽ വന്നുകൂടെന്നില്ല.

ശ്രീ. എം. രാമുണ്ണി: 1970 മാർച്ചു 31-ാം തീയതി വരെ സമയം നീട്ടിക്കിട്ടണമെന്നാണ്. അതു സമ്മതിക്കാൻ നിവൃത്തിയില്ല.

MOTION FOR ELECTION TO THE KERALA STATE AID TO INDUSTRIES BOARD

Minister for Industries and Labour (**Shri P. Ravindran**): Sir, I move that this House do proceed to elect three members of the Kerala Legislative Assembly to the State Aid to Industries Board from among themselves in accordance with the system of proportional representation by means of single transferable vote.

Minister for Transport and Health (**Shri K. M. George**): Sir, I second it.

Mr. Speaker: I think the House adopts the motion.

(The motion was adopted.)

FINANCIAL BUSINESS

Minister for Finance (**Shri N. K. Seshan**): Sir, I lay on the Table the Supplementary Financial Statement for the year 1969-70.

Mr. Speaker: The Financial Statement is laid on the Table.

DISCUSSION ON THE GOVERNOR'S ADDRESS—(*Contd.*)

[ശ്രീ. എം. എം. തോമസ്: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കൃതജ്ഞതാ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഇപ്പോഴത്തെ നിലവിലുള്ള ഐക്യകക്ഷി സർക്കാർ രണ്ടര മാസംകൊണ്ട് മുമ്പുണ്ടായിരുന്ന ഐക്യമുന്നണി സർക്കാർ രണ്ടരക്കൊല്ലംകൊണ്ട് ചെയ്യാതിരുന്ന പല നല്ല കാര്യങ്ങളും ത്വരിതഗതിയിൽ ചെയ്യുന്നുണ്ട്, ജനങ്ങളോട് എടുത്ത പ്രതിജ്ഞ

LIBRARY ARCHIVES Kerala Legislative Assembly

നിറവേറുന്നുണ്ടെന്നു കാണുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഉദാഹരണമായി കഴിഞ്ഞ ഐക്യമുന്നണി സർക്കാരിന്റെ കാലത്ത് അവശ കൃസ്ത്യാനികൾ ഇവിടെ ഒരു സമരം ആരംഭിച്ചതാണ്. മറ്റു ഹരിജനങ്ങളോടൊപ്പം അവർക്കും അവകാശങ്ങൾ കിട്ടണമെന്നു കാണിച്ച് ഐക്യമുന്നണി സർക്കാർ നിലവിലുണ്ടായിരുന്നപ്പോൾത്തന്നെ പത്തറുപത്തിരണ്ടു ദിവസം അവർ സമരം നടത്തി. പക്ഷേ അന്ന് ഐക്യമുന്നണി സർക്കാർ അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മടിക്കുകയും തികഞ്ഞ അവഗണനയോടുകൂടി അവരോട് പെരുമാറുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെതന്നെ ആ പ്രശ്നങ്ങൾ കാര്യമായി കൈകാര്യം ചെയ്യുകയും അവർക്ക് വളരെ അനുകൂലമായ ഒരു തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടു എന്നു ഞാൻ അംഗീകരിക്കുന്നില്ലെങ്കിലും ഭാഗികമായിട്ടെങ്കിലും അവരുടെ അവകാശങ്ങൾ അംഗീകരിച്ച ഈ ഐക്യകക്ഷി സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ മറ്റൊരു പ്രശ്നമാണ് ഈ രാജ്യത്തുണ്ടായിരുന്ന ലെവി പിരിക്കുന്നതിനു ആണെന്നു പറഞ്ഞ് ഇട്ടിരുന്ന ചെക്ക് പോസ്റ്റുകൾ അന്നു ഞങ്ങൾ പറഞ്ഞു ഈ വഴിയുടെ നടുവിൽ ഒരു മുളയിട്ടാൽ എങ്ങനെ ലെവി പിരിക്കാൻ സൗകര്യമാകുമെന്ന്. പല പ്രാവശ്യവും ചൂണ്ടിക്കാണിച്ചിട്ടും അന്നത്തെ റവന്യൂമന്ത്രി കൂട്ടാക്കാതിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ സർക്കാർ വന്നപ്പോൾ ആ മുള മാറ്റി. അതിന്റെ ഫലമായിട്ട് പാലക്കാട്ടെ ചെറുകിട കൃഷിക്കാർക്ക് അവരുടെ നെല്ലിനു വിലകൂടുകയും അതോടൊപ്പം രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ വളരെ വില താഴുകയും ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. എങ്കിലും വീണ്ടും ചെക്ക്പോസ്റ്റുകൾ പുനഃസ്ഥാപിക്കുന്നതിന് ഈ സർക്കാർ (വിളവെടുപ്പു സമയത്ത്) ഉദ്ദേശിക്കുന്നതായി ഒരു പ്രസ്താവനയുണ്ടായിട്ടുണ്ട്. അക്കാര്യം, അതു വേണമൊ എന്നു സർക്കാർ ഒന്നു പുനഃപരിശോധിച്ച് യാഥാർത്ഥ്യങ്ങളുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽവേണം ഒരു തീരുമാനമെടുക്കാനെന്നു ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ ഗവർണ്ണറുടെ പ്രസംഗത്തിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അതായത് ഇടുക്കി പദ്ധതിയുടെ പണി വളരെ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുള്ളത് വളരെ സന്തോഷകരമായ ഒരു കാര്യമാണ്. ഇപ്പോൾത്തന്നെ ഇടുക്കി പദ്ധതി കഴിഞ്ഞ കാലത്തെ തൊഴിൽത്തർക്കങ്ങൾ മൂലം അതിന്റെ പണി ഒരു കൊല്ലം പിന്നോക്കം പോയിരിക്കുകയാണ്. അതിന്റെ ഫലമായിട്ട് കോടിക്കണക്കിനു രൂപ സർക്കാരിനു നഷ്ടം വന്നിട്ടുണ്ട്. ഈ സർക്കാരെങ്കിലും അതിന്റെ പണി കഴിയുംവേഗം പൂർത്തിയാക്കത്തക്കരീതിയിൽ നടപടികൾ സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുകയും അതിനു വേണ്ട നടപടിസ്വീകരിച്ചിട്ടുണ്ട്, സ്വീകരിക്കുന്നുണ്ട് എന്നു പറഞ്ഞതിൽ ഈ സർക്കാരിനെ അഭിനന്ദിക്കുകയും ചെയ്യുകയാണ്. ഇടുക്കി പദ്ധതിയോട് അനുബന്ധിച്ച മറ്റൊരു പ്രശ്നമാണ് പദ്ധതിക്കുവേണ്ടി കുടിയിറക്കേണ്ട പത്തെണ്ണായിരം കുടുംബങ്ങളുടെ കാര്യം. കഴിഞ്ഞ രണ്ടരക്കൊല്ലമായി ഞാൻ ഈ പദ്ധതിയുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഈ കുടിയിറക്കു നടത്തണമെന്നാവശ്യപ്പെടാൻ തുടങ്ങിയിട്ട്. പക്ഷേ സർക്കാരുദ്യോഗസ്ഥൻമാരുടെ താൽപ്പര്യക്കുറവും ചുവപ്പുനാടയും കാരണം ഇതേവരെയും അതിനൊരു അവസാന തീരുമാനം ഉണ്ടായിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇതുവരെയും വനത്തിൽ അവരെ കുടിയിരുത്തേണ്ടപകരം സ്ഥലം നൽകുകയോ അല്ലെങ്കിൽ റവന്യൂ ഡിപ്പാർട്ടുമെന്റിലേയ്ക്ക് കുടിയിരുത്താൻ ട്രാൻസ്ഫർ ചെയ്യുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ട് പദ്ധതിയുടെ പൂർത്തീകരണത്തിനു താമസം വരുത്താതിരിക്കത്തക്കവണ്ണം, അതുപോലെതന്നെ കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ വസ്തുവും ധനവും കുടിയിറക്കപ്പെടുന്ന സ്ഥലങ്ങളിൽനിന്നു നഷ്ടപ്പെടുത്താതെ കഴിയുംവേഗം കുടിയിരുത്തത്തക്ക വണ്ണം വേണ്ട നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ പ്രശ്നത്തോടനുബന്ധിച്ചു മറൊരു പ്രശ്നമാണ് മലയോര കൃഷിക്കാരുടെ മാഗ്നാകാർട്ടായെന്നറിയപ്പെടുന്ന മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിന്റെ മേലുള്ള സർക്കാർ തീരുമാനം. കഴിഞ്ഞ സർക്കാർ വളരെ വൈകിയാണെങ്കിലും അക്കാര്യത്തിലൊരു തീരുമാനമെടുത്തു. പക്ഷേ ആ തീരുമാനത്തിൽ കൃഷിക്കാർക്കു വളരെ ദ്രോഹകരമായ കാര്യങ്ങളും വന്നു കൂടിയിട്ടുണ്ട്. മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമായും ശുപാർശചെയ്തിരുന്നതാണ് കല്യാണപാറയ്ക്കും ചിന്നാറിനുമിടയ്ക്കുള്ള കുടികിടക്കുന്ന കുടുംബങ്ങളെ കുടിയിറക്കേണ്ട എന്ന്. അതുപോലെതന്നെ പീച്ചിയിൽനിന്നും കുടിയിറക്കേണ്ട എന്നുള്ളതാണ്. പക്ഷേ തീരുമാനം വന്നപ്പോൾ കുടിയിറക്കണമെന്ന രീതിയിലാണ് റിപ്പോർട്ടു ചെയ്തിരിക്കുന്നത്. അതുപോലെതന്നെ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിൽ ദേഹണ്ഡത്തിന്റെ വില നിശ്ചയിക്കുന്നതിന് ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ സ്റ്റാറ്റസ് ഉള്ള ഒരു ജുഡിഷ്യൽ ഓഫീസർ ആയിരിക്കണമെന്നുള്ളത് മാറ്റി റവന്യൂ ഉദ്യോഗസ്ഥനെക്കൊണ്ട് തീരുമാനിച്ചിരിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായി ഈ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിന്റെ മേൽ പഴയ സർക്കാർ എടുത്ത തീരുമാനം പുനഃപരിശോധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മലനാടു ജില്ല രൂപീകരിക്കുമെന്നു വ്യക്തമായ ഉറപ്പുണ്ടായിട്ടും മലപ്പുറം ജില്ലയുണ്ടായിട്ടും മലനാടു ജില്ല രൂപീകരിക്കാൻ ആ സർക്കാരിന്നു കഴിഞ്ഞിട്ടില്ല. ഈ സർക്കാരെങ്കിലും ഇക്കാര്യത്തിൽ മുൻകൈയെടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ കൃതജ്ഞതാപ്രമേയത്തെ അനുകൂലിക്കുകയാണ്.

ശ്രീ. എം. ചടയൻ: ഡെപ്യൂട്ടി സ്പീക്കർ സർ, ബഹുമാനപ്പെട്ട ശ്രീ പി. രാമുണ്ണിക്കുറുപ്പ് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഉദ്യോഗനിയമനകാര്യങ്ങളിലുള്ള ഹരിജനങ്ങളുടെ വിഷമാവസ്ഥ പരിഹരിക്കാൻ നടപടിയെടുത്ത ശ്രീ. അച്ചുതമേനോൻ ഗവൺമെൻറിനെ ഞാൻ അഭിനന്ദിക്കുന്നു. രണ്ടാമതു പ്രമോഷൻ കോട്ടായിൽ ഒരു ഐ. എ. എസ്. ഓഫീസറെ, ഒരു ഹരിജനെ നിയമിക്കാൻ ഈ ഗവൺമെൻറു ശുപാർശചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ ഗവൺമെൻറു ഹരിജനങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കുന്ന കാര്യത്തിൽ 25 ശതമാനം റിസർവ്വേഷൻ ചെയ്തിട്ടുണ്ട്. എന്നാൽ വെറും 7 ശതമാനം മാത്രമേ കൊടുത്തിട്ടുള്ളു. ഈ ഗവൺമെൻറ് മൂന്നിലൊന്നു ഹരിജനങ്ങൾക്ക് പതിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ ഹരിജനങ്ങൾ അതിൽ നന്ദിയുള്ളവരാണ്. അതു ശരിക്കും പതിച്ചുകൊടുക്കണമെന്നു ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോടഭ്യർത്ഥിക്കുന്നു. പിന്നീട് കഴിഞ്ഞ ഐക്യമുന്നണിഗവൺമെൻറ് ഈ സ്റ്റേറ്റിലെ ഹരിജനങ്ങളുടെ ഉദ്യോഗ നിയമനത്തിലും പ്രമോഷൻ കാര്യങ്ങളിലും വളരെ അവഗണിച്ചിട്ടുണ്ടെന്നു പറയുന്നതിൽ തെറ്റില്ല. പത്തു ശതമാനം ഹരിജനങ്ങൾക്കു റിസർവ്വുചെയ്തിട്ട് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ മൂന്നു ശതമാനം മാത്രമേ കൊടുത്തിട്ടുള്ളു. മറെറല്ലാ വിവിധ ഡിപ്പാർട്ടുമെൻറുകളിലും അതുപോലെതന്നെ മൂന്നുംനാലും ശതമാനം കൊടുത്ത് ബാക്കിയുള്ള റിസർവേഷൻ ചെയ്ത കോട്ടാ മറ്റുള്ള സമുദായങ്ങൾക്കു വിട്ടുകൊടുക്കുകയുമാണ് ആ ഗവൺമെൻറ് ചെയ്തിട്ടുള്ളത്. പാവങ്ങളുടെ ഗവൺമെൻറാണെന്നും സാധുക്കളുടെ ഗവൺമെൻറാണെന്നും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി നേതാക്കൻമാരും സഖാക്കളും റോഡുനീളെ മുദ്രാവാക്യം വിളിക്കുന്നുണ്ട്. ഹരിജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറാണെന്ന്. ഹരിജനങ്ങൾക്ക് എന്തു ചെയ്തു? അവർക്ക് അർഹതയുള്ള ഉദ്യോഗസ്ഥൻമാർക്ക് പ്രമോഷൻ കൊടുത്തിട്ടില്ല. അവരുടെ നിയമനം നടത്തിയിട്ടില്ല. അവർക്ക് റിസർവേഷൻ കൊടുത്തിട്ടില്ല. അങ്ങനെ പല കാര്യങ്ങളുമാണ് കഴിഞ്ഞ ഗവൺമെൻറു ചെയ്തിട്ടുള്ളത്. രണ്ടരമാസം പ്രായമുള്ള അച്ചുതമേനോൻ ഗവൺമെൻറ് ഹരിജനങ്ങളുടെ നിയമനക്കാര്യത്തിൽ ഒരു പ്രത്യേകതയുണ്ടാക്കി. ഉദ്യോഗനിയമനം നടത്തിയതിന് അച്ചുതമേനോൻ ഗവൺമെൻറിനെ അഭിനന്ദിക്കുകയാണ്. ഭൂമിവിതരണത്തിലും മറ്റും വളരെ ക്രമക്കേടുകളും നടത്തിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഹരിജനങ്ങൾക്ക് എന്താണു കൊടുത്തതെന്നു പറയാമോ?

ശ്രീ. എം. ചടയൻ: പത്തുശതമാനം എല്ലാ ഡിപ്പാർട്ടുമെൻറുകളിലും റിസർവ്വുചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ മൂന്നു ശതമാനം മാത്രമേ കിട്ടിയിട്ടുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ അതെല്ലാം കിട്ടിക്കഴിഞ്ഞോ? വേണ്ടാത്തതെല്ലാം നിയമസഭയിൽ പറയുന്നത്.....

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: വേണ്ടാത്തത് ഒരു മെമ്പർ പറഞ്ഞു എന്നു പറയുന്നത് ശരിയല്ല.

ശ്രീ. എം. ചടയൻ: പത്തുശതമാനമെന്ന് കടലാസിൽ എഴുതിവച്ചിട്ടുണ്ട്. അതു കൊടുത്തിട്ടില്ല. ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൽ അഞ്ചുശതമാനം ഉദ്യോഗം കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറ് അതു നിർത്തി.

ഈ അസംബ്ലിയിലെ പകുതി മെമ്പറൻമാർ ഉഴക്കൊള്ളുന്നതാണ് ഭൂപരിഷ്ക്കരണകമ്മിറ്റി. ബഹുമാനപ്പെട്ട മുൻ റവന്യൂമന്ത്രി ശ്രീമതി ഗൗരി ചെയർമാനായിരുന്ന കമ്മിറ്റിയാണ്. വേലികെട്ടി കുറേസ്ഥലം വളച്ചെടുക്കാൻ ഭൂപരിഷ്ക്കരണബില്ലിൽ വ്യവസ്ഥയുണ്ടോ? ആരെഴുതിവച്ചു? കമ്മ്യൂണിസ്റ്റു സഖാക്കൾ രാത്രി പോയി വേലി വളച്ചുകെട്ടുന്നുണ്ട്. അതു പകൽ കെട്ടിയാൽ പോരെ? വേലികെട്ടാൻ ബില്ലിൽ വ്യവസ്ഥയുണ്ടോ? കോലുകൊണ്ട് അളന്നുകൊടുക്കുകയാണ് വേലി കെട്ടാൻ. അങ്ങനെ വ്യവസ്ഥയുണ്ടോ? അതല്ലേ നടക്കുന്നത്? അങ്ങനെ ബില്ലിൽ വല്ല വ്യവസ്ഥയുമുണ്ടോ? പോലീസ് ഭരണത്തിൽ കഴിഞ്ഞ രണ്ടര മാസത്തിൽ ഉള്ള സംഭവങ്ങളുടെ ഉത്തരവാദിത്വം നിങ്ങൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാർ ഏറ്റെടുക്കണം. ആഭ്യന്തരവകുപ്പുമന്ത്രി ജനാബ് സി. എച്ച്. മുഹമ്മദുകോയ ആഭ്യന്തരവകുപ്പ് ഏറ്റെടുത്തതിനുശേഷം അന്നുതന്നെ അന്നത്തെ മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്, മുസ്ലീം ലീഗിന് ആഭ്യന്തരവകുപ്പു കൊടുത്തത് തെറ്റായിപ്പോയി എന്ന്. മുസ്ലീം ലീഗിന് ഭരിക്കാൻ പറ്റുകയില്ലെന്ന്. പക്ഷേ രണ്ടരമാസം കൊണ്ട് നന്നായി ഭരിക്കുന്നുണ്ട്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്ക്, ഇ. എം. എസ്. നമ്പൂതിരിപ്പാടിനെല്ലാം സബ് ഇൻസ്പെക്ടർ ഓഫീസിലും സർക്കിൾ ഇൻസ്പെക്ടർ ഓഫീസിലും എല്ലാം ഒരു കസേര, പോലീസുദ്യോഗസ്ഥന് ഒരു കസേര. ഇപ്പോൾ ഒരു കസേര മാത്രമേയുള്ളു.

ശ്രീ. കെ. പി. രാഘവപൊതുവാൾ: ലീഗുകാർക്ക് എത്ര കസേര ഉണ്ടിപ്പോൾ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചടയൻ: സുകൗഷിച്ചോ സി. എച്ചേ. എന്നാണ് അവർ വിളിക്കുന്നത്. അതല്ലേ തലശ്ശേരിയിൽ കണ്ടിട്ടുള്ളത്. ബഹുമാനപ്പെട്ട ബാഫക്കിതങ്ങൾ ഐക്യമുന്നണി നിലനിർത്താൻ വേണ്ടി കോർഡിനേഷൻ കമ്മിറ്റിയിൽ അങ്ങേയറ്റം പരിശ്രമിച്ച ആളാണ്. ആ ബാഫക്കിതങ്ങളെ പ്പറ്റി എന്താണ് പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട ബാഫക്കിതങ്ങളെ പ്പറ്റി റോഡുനീളെ എന്താണു പറഞ്ഞു നടന്നത്. നിങ്ങളുടെ, മുസ്ലീങ്ങളുടെ തല മൊട്ടയടിക്കും, ബാഫക്കിതങ്ങളുടെ തലയിൽ ഐ. ആർ. എട്ട് നട്ടു കളയും എന്നെല്ലാമാണ്. അതിന്റെ ഭാഗമായിട്ടാണ് നിങ്ങളുടെ ഭൂരിപക്ഷം മാറിയിട്ടുള്ളത്. ബാഫക്കിതങ്ങൾ ദൈവവിശ്വാസിയാണ്. കമ്മ്യൂണിസ്റ്റുകാർക്ക് ദൈവവിശ്വാസമില്ല. ബാഫക്കിതങ്ങളുടെ ശാപമാണ് നിങ്ങൾക്ക്. അതുകൊണ്ട് എനിക്കു പറയാനുള്ളത് നിങ്ങൾ നല്ല കാര്യം ജനങ്ങൾക്കു ചെയ്താൽ ശ്രീമാൻ അച്ചുതമേനോന്റെ ഗവൺമെൻറ് ഈ സ്റ്റേറ്റിലെ രണ്ടുകോടി ജനങ്ങൾക്ക് നല്ലകാര്യം ചെയ്തില്ലെങ്കിൽ 1972–ലെ ഇലക്ഷനിൽ മറിച്ചിട്ട് നിങ്ങൾക്ക് അധികാരത്തിൽ വരാം. നല്ലകാര്യങ്ങൾ ചെയ്യാൻ നിങ്ങൾ സഹായിക്കണം. നല്ലകാര്യങ്ങൾ ചെയ്താൽ 72–ലെ എലക്ഷനിൽ ഭരണം ഏറെറടുക്കാം. ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ജനുവരി 9–ാംതീയതി ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീമാൻ പി. ആർ. കുറുപ്പ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ നയപ്രഖ്യാപനം ചെയ്യാൻവേണ്ടി ഗവർണ്ണർ ഈ നിയമസഭയിലേയ്ക്കു വന്ന അവസരത്തിൽ അപ്പുറത്തിരുന്ന ആളുകൾ ആ പ്രസംഗം കേൾക്കാൻ നിയമസഭാംഗങ്ങളെ അനുവദിക്കാതെയും വെറും ആഭാസപ്രകടനം നടത്തിയും മനുഷ്യക്കുരങ്ങുകളായി മാറി, കുറുക്കൻമാരായിമാറി ഓലിയിട്ടുകൊണ്ട് സഭയിൽ ജനാധിപത്യവിരുദ്ധമായി പ്രവർത്തിച്ചുകൊണ്ടുചെയ്ത ഏറവും ജുഗുപ്സാവഹമായ ആ പ്രവർത്തനത്തെ സംബന്ധിച്ച് വാസ്തവത്തിൽ ജനങ്ങൾ ഇന്ന് വളരെയധികം.....

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പായിന്റ് ഓഫ് ആർഡർ. ഈ സഭയിലെ അംഗങ്ങളെ മനുഷ്യക്കുരങ്ങുകൾ എന്നു സംബോധന ചെയ്യാമോ?

ഡെ. സ്പീക്കർ: അങ്ങനെ പാടില്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: മനുഷ്യക്കുരങ്ങെന്നല്ല ഞാൻ പറഞ്ഞത്, കുരങ്ങിന്റെ തരത്തിലുള്ള ചാപല്യം കാട്ടിയെന്നാണ് ഞാൻ പറഞ്ഞത്.

സർ, അങ്ങനെയുള്ള പ്രവർത്തനം നിയമസഭാതലത്തിൽ ചെയ്യുന്നതിനു പകരം ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തോട് എതിർപ്പുണ്ടായിരുന്നെങ്കിൽ, അച്ചുതമേനോൻ ഗവൺമെൻറു രൂപീകരണത്തിൽ എതിർപ്പുണ്ടായിരുന്നെങ്കിൽ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനോട് എതിർപ്പുണ്ടായിരുന്നെങ്കിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ചെയ്യാൻ സാധിക്കുന്നത് ഈ നിയമസഭാ സമ്മേളനത്തിൽ നയപ്രഖ്യാപനപ്രസംഗ അവസരത്തിൽ നിയമസഭയിൽ ഹാജരാകാതെകണ്ട് അതിനെ ബഹിഷ്ക്കരിച്ചു കൊണ്ട് നിയമസഭയിലെ ചർച്ച ബഹിഷ്ക്കരിച്ചുകൊണ്ട് അവരുടെ പ്രതിഷേധം രേഖപ്പെടുത്താൻ അവർക്കു കഴിയുമായിരുന്നെങ്കിൽ അത്രയും ബഹളത്തിന് അവർ പാത്രീഭൂതമാകുമായിരുന്നില്ലെന്നാണ് എനിക്കു പറയാനുള്ളത്. എന്നുമാത്രമല്ല, ആളുകൾക്കു കേൾക്കാൻ സാധിക്കാത്തതരത്തിൽ ഇവിടെ ഈ നിയമസഭയിലെ പ്രസംഗത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്ന

ആളുകളും അതേ പ്രസംഗത്തെ സംബന്ധിച്ചിടത്തോളം പ്രസംഗിക്കാനും വിമർശിക്കാനും ഇറങ്ങിയതിൽ ഞാൻ അത്ഭുതപ്പെട്ടുപോയി.

സർ, എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ളതായ ഏറ്റവും പ്രശംസനീയമായ തീരുമാനങ്ങളാണ്. അതായത്, ഇവിടെ ട്രാൻസ്പോർട്ടു കാർപ്പറേഷന്റെ നിയമനങ്ങളും സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തത്, പ്ലാനിംഗ് അഡ്വൈസറി കൗൺസിൽ പുനഃസംഘടിപ്പിച്ചത്, കേരളഫൈനാൻസ് കാർപ്പറേഷൻ രൂപീകരിച്ചത്, ഭക്ഷ്യവിതരണത്തിന്റെ ഉത്തരവാദിത്വം സ്വകാര്യ വ്യക്തികളിൽനിന്നും ഫുഡ് കാർപ്പറേഷനെ ഏൽപ്പിച്ചുകൊടുത്തത്, എൻ. ജി. ഓ. മാർക്ക് ഒരുകോടി നാൽപ്പതു ലക്ഷം രൂപാ അനുവദിച്ചത്, 1 ലക്ഷം ഏക്കർ സ്ഥലങ്ങളിൽ ഉയർന്നതോതിൽ നെല്ല് വിളയിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചത്, കണ്ണൂർ ജില്ലയിലെ എൺപതിനായിരം ഏക്കർ തരിശുഭൂമി ട്രാക്ടറും മറ്റും ഉപയോഗിച്ച് കൃഷിക്കുവേണ്ടി നികത്തിയെടുക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചത്, മലബാർ പ്രദേശത്തെ സ്വകാര്യവനങ്ങൾ ദേശസാൽക്കരിക്കാനുള്ള സംരംഭം ആരംഭിച്ചത്, ഭൂപരിഷ്ക്കരണനിയമത്തിനു മിന്നൽവേഗത്തിൽ അനുവാദം വാങ്ങിച്ച് അതിന്റെ എല്ലാ വ്യവസ്ഥകളും ഒന്നിച്ചുനടപ്പിലാക്കാനുള്ള ധീരമായ തീരുമാനമെടുത്തത്, വ്യവസായരംഗത്തെ ആത്മാർത്ഥമായ പരിശ്രമംകൊണ്ട് വ്യവസായവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുത്തത്, കണ്ണൂർ സ്പിന്നിംഗ്മില്ല് പൂട്ടിയതിന്റെ ഫലമായിട്ട് തൊഴിലില്ലാതായിത്തീർന്ന 1500 ഓളം വരുന്ന ആ തൊഴിലാളികളെസംബന്ധിച്ചിടത്തോളം ആ മില്ലു തുറപ്പിക്കാൻവേണ്ടി ഖജനാവിലെ ഭീമമായ ഒരു സംഖ്യ നീക്കിവച്ചുകൊണ്ട് ഈ ഗവൺമെൻറ് എടുത്ത ധീരമായ തീരുമാനം, കൈത്തറിത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി നമ്മുടെ ഗവൺമെൻറുദ്യോഗസ്ഥൻമാർക്കു വായ്പാസൗകര്യം ചെയ്തുകൊടുത്തുകൊണ്ട് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നതായ ഇത്രയും സംഘത്തിനു സാമ്പത്തികസഹായം ചെയ്തുകൊടുത്തത്, ഇരുപതിനായിരത്തിൽപരം പാവങ്ങൾക്ക് ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം പട്ടയംകൊടുത്തത്, കാഷ്യു കാർപ്പറേഷൻ രൂപീകരിച്ചത്, അതിനെല്ലാം പുറമേ ഇ. എം. എസ്. മന്ത്രിസഭ വളരെയധികം വൈമനസ്യം കാണിച്ചിരുന്നതായ അഴിമതി നിരോധന നിയമത്തെസംബന്ധിച്ചിടത്തോളം ആ നിയമം പാസ്സാകുന്നതുവരേയ്ക്കും താൽക്കാലികമായ ഒരു അഴിമതിനിരോധന ഏർപ്പാടുണ്ടാക്കിയത്—ഇങ്ങനെ ഈ ഗവൺമെൻറു ചെയ്ത അനേകം നല്ലകാര്യങ്ങൾ നല്ലകാര്യങ്ങളല്ലെന്നു പറയുന്നവരുണ്ടെങ്കിൽ, അങ്ങനെ ധരിക്കുന്നവരുണ്ടെങ്കിൽ അവരെ ബധിരമൂക വിദ്യാലയത്തിൽ അയയ്ക്കണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

സർ, ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. കാർഷിക പരിഷ്ക്കരണനിയമത്തിന്റെ സെലക്ടുകമ്മിറ്റി സമ്മേളിച്ച ചർച്ചനടത്തിക്കൊണ്ടിരുന്ന അവസരത്തിൽ, ഈ കേരളത്തിലെ ഭൂമിയെ സംബന്ധിച്ചിടത്തോളം ഉള്ളതായ ഭൂപരിധി നിർണ്ണയിക്കുന്ന അവസരത്തിൽ തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം, റബർതോട്ടങ്ങളേയും, തേയിലത്തോട്ടങ്ങളെയും കാപ്പിത്തോട്ടങ്ങളെയും കാർഡമം തോട്ടങ്ങളേയും ആ നിലങ്ങളേയും ആ തോട്ടങ്ങളേയും എല്ലാംതന്നെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം ഉന്നയിച്ചപ്പോൾ, വിപ്ലവകാരിയെന്നഭിമാനിക്കുന്ന ശ്രീമതി ഗൗരിയുടെ മുമ്പിൽ വച്ചപ്പോൾ അത് അവജ്ഞാപൂർവ്വം തള്ളിക്കളയുകയാണുണ്ടായത്. സർ, അതു പ്രായോഗികമല്ല, സാധ്യമല്ല എന്നു പറഞ്ഞു തള്ളിയപ്പോൾ ഈ ഗവൺമെൻറു അധികാരത്തിൽ വന്നതിനുശേഷം വളരെ ധീരമായ തീരുമാനമെടുത്തുകൊണ്ട് കേരളത്തിലെ വിദേശതോട്ടങ്ങൾ ദേശസാൽക്കരിക്കാനുള്ളതായ ഏറ്റവും സഹായകമായ തീരുമാനമെടുത്തുകൊണ്ട് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ആ ഒരൊറ്റകാര്യം എടുത്തുകൊണ്ടുതന്നെ ഈ ഗവൺമെൻറിനെ അഭിനന്ദിക്കാതിരിക്കാൻ സാധ്യമല്ല. സർ, ഞാൻ എന്റെ പ്രസംഗം ചുരുക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, ഈ സംസ്ഥാനത്തിന്റെ ഭരണത്തലവനെന്നുള്ള നിലയിൽ തന്റെ ഗവൺമെൻറിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടും അടുത്ത ഒരു വർഷത്തെ പരിപാടികളും വ്യക്തമാക്കിക്കൊണ്ടും ഈ സഭയിൽ പ്രസംഗിക്കാൻ ബഹുമാനപ്പെട്ട ഗവർണ്ണർ വന്ന അവസരത്തിൽ അദ്ദേഹത്തോട് ഇപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റ് സ്നേഹിതൻമാർ സ്വീകരിച്ച സമീപനം നിർഭാഗ്യകരമായിപ്പോയി എന്ന് ഞാൻ പറയുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയിൽ താൽപ്പര്യമുള്ള ആളുകളായിരുന്നെങ്കിൽ പാർലമെൻററി ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരായിരുന്നെങ്കിൽ ഒരിക്കലും അത്തരത്തിലുള്ള നടപടികളും സ്വീകരിക്കുമായിരുന്നില്ല. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും ലജ്ജാകരമായ ഒരു നടപടിയായിപ്പോയി അതെന്നു പറയേണ്ടിയിരിക്കുന്നു. ഒരുപക്ഷേ, മാർക്സിസ്റ്റുപാർട്ടി പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതുപോലെ തങ്ങൾക്കു പാർലമെൻററി ജനാധിപത്യത്തിൽ വിശ്വാസമില്ലെന്നും തങ്ങളുടെ അന്തിമലക്ഷ്യമായ സായുധവിപ്ലവത്തിന് ജനങ്ങളെ അണിനിരത്തുന്നതിന്റെ ഉപാധിയെന്ന നിലയ്ക്ക് അസംബ്ളിയും പാർലമെൻറും ഭരണരംഗവും ഉപയോഗപ്പെടുത്തുക എന്നുള്ള ആ പരിപാടി നടപ്പിലാക്കുക എന്നതിന്റെ ഭാഗമായിട്ടായിരിക്കണം ജനുവരി മാസം 9-ാം തീയതി ഈ നിയമസഭയിൽ അവർ പ്രകടനം നടത്തിയത്. പ്രതിപക്ഷമായപ്പോഴും മാത്രമല്ല ഭരണകക്ഷിയിൽ ഇരുന്നപ്പോഴും ഈ ഒരു സമീപനമാണ് ഈ പാർട്ടിയിൽ നിന്നുണ്ടായിട്ടുള്ളത് എന്നുള്ളതിൽനിന്നുംതന്നെ ഈ പാർട്ടിയുടെ നയപരിപാടികളും നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇതുണ്ടായിട്ടുള്ളതെന്ന് വേണം മനസ്സിലാക്കാൻ. അതിനുശേഷം പഴവങ്ങാടിയിൽവച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഒരു പ്രസംഗത്തിൽ, അദ്ദേഹത്തിന്റെ പാർട്ടി ഈ പ്രകടനം നടത്താൻ ഇടവന്നിട്ടുള്ളത് ഗവർണ്ണറോടുള്ള ബഹുമാനക്കുറവുകൊണ്ടല്ല, ആദരവുകുറവുകൊണ്ടല്ല ഈ ഗവൺമെൻറിന്റെ നയപ്രഖ്യാപനമെന്ന നിലയ്ക്ക് പ്രസംഗിക്കുന്നതിനോടുള്ള എതിർപ്പുകൊണ്ടാണെന്നു പറയുകയുണ്ടായി.

എന്താണുസർ, ഈ ഗവൺമെൻറിന്റെ നയപ്രഖ്യാപനമെന്നനിലയിലുള്ള പ്രസ്താവനയെ എതിർക്കുന്നതിന്റെ അടിസ്ഥാനം. ഈ ഗവൺമെൻറ് ഒരു ന്യൂനപക്ഷഗവൺമെൻറായി അധികാരത്തിൽ വന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ ആരോപണം. സർ, കേരളത്തിലെ ജനങ്ങളും 67-ൽ ശ്രീ. ഈ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ വമ്പിച്ച അംഗസംഖ്യയോടുകൂടി ഐക്യമുന്നണിയെ അധികാരത്തിലേയ്ക്കുയർത്തി; വലിയ പല പ്രതീക്ഷയോടുകൂടി. ആ പ്രതീക്ഷയ്ക്കൊത്തവണ്ണം പ്രവർത്തിച്ചില്ലെന്നുമാത്രമല്ല ജനങ്ങളുടെ എല്ലാ താൽപ്പര്യങ്ങളേയും മറികടന്നുകൊണ്ട് ജനങ്ങളെ രണ്ടായി തരംതിരിച്ചുകൊണ്ട്, ജനങ്ങളുടെ എല്ലാ അഭിപ്രായങ്ങളേയും ആദരിക്കാതെ, ധിക്കരിച്ചുകൊണ്ടുതന്നെ, അവഗണിച്ചുകൊണ്ടുതന്നെ, മുന്നോട്ടുപോയപ്പോഴും കേരളത്തിലെ ജനങ്ങളുടെ വികാരത്തിന്റെ ഫലമായി ഘടകകക്ഷിയിലെ ആളുകൾക്കുപോലും ജനരോഷത്തിൽനിന്നും ഒഴിഞ്ഞുമാറാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള, ശ്രീമാൻ ഇ. എം. എസ്സിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയെ പുറംതള്ളാൻ തീരുമാനിച്ചതാണ്. ആ കാര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ വികാരത്തെ മാനിച്ചുകൊണ്ട് ഞങ്ങളും ഞങ്ങളുടേതായ പങ്കുനിർവ്വഹിച്ചിട്ടുണ്ട്. അങ്ങനെ അധികാരത്തിൽനിന്നും പുറംതള്ളപ്പെട്ട ശ്രീ. നമ്പൂതിരിപ്പാട് പിന്നീടുണ്ടായ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭയേയും മന്ത്രിസഭയുടെ രൂപീകരണസ്വഭാവത്തേയും ചോദ്യം ചെയ്തിരിക്കുകയാണ്. ഭൂരിപക്ഷത്തിന്റെ പിൻതുണയില്ലാതെയാണ് ഈ മന്ത്രിസഭ രൂപീകരിച്ചത് എന്നു പറയുകയാണ്.

സർ, ഈ മന്ത്രിസഭയ്ക്ക് പിൻതുണനൽകാൻ എന്റെപാർട്ടി എടുത്ത തീരുമാനം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീമാൻ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയെ പുറംതള്ളിയ അവസരത്തിൽ—രാജിവച്ചു എന്നു പറഞ്ഞതു നടപടിക്രമമാണ്, കേരളത്തിലെ ജനങ്ങളാണ് പുറംതള്ളുകയാണ് ചെയ്തത്. അങ്ങനെ പുറംതള്ളപ്പെട്ട മന്ത്രിസഭയുടെ സ്ഥാനത്ത് ഉദ്യോഗസ്ഥമേധാവിത്വം സ്ഥാപിക്കപ്പെടരുതെന്ന ഉദ്ദേശത്തോടെ പ്രസിഡൻറുഭരണം ഒഴിവാക്കാൻ വേണ്ടി ഒരു മാർക്സിസ്റ്റേതരെ മന്ത്രിസഭ കേരളത്തിൽ ആവശ്യമാണെന്നു ദ്ദേശിച്ചാണ് ശ്രീമാൻ അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്ക് എന്റെ പാർട്ടി പിൻതുണ നൽകാൻ തീരുമാനിച്ചത്. ഒന്നും രണ്ടും പഞ്ചവൽസരപദ്ധതി രൂപവൽക്കരിച്ചിരുന്ന കാലഘട്ടത്തിൽ കേരളത്തിൽ ഒരു ജനകീയ ഗവൺമെൻറില്ലാതെ വന്ന അടിസ്ഥാനത്തിൽ കിട്ടേണ്ടതായ പല വിഹിതങ്ങളും നഷ്ടപ്പെട്ടുപോയി എന്നുള്ളതുകൊണ്ട് നാലാം പഞ്ചവൽസര പദ്ധതിയുടെ കാലഘട്ടത്തിലെങ്കിലും ഒരു ജനകീയഗവൺമെൻറ് ഇവിടെ ഉണ്ടാകണമെന്നു കരുതി ഞങ്ങളുടെ പിൻതുണ ആവശ്യമില്ലെന്നു പറഞ്ഞ അവസരത്തിൽ പോലും—അച്ചുതമേനോൻ മന്ത്രിസഭയ്ക്കു ഞങ്ങളുടെ പിൻതുണവേണമോ എന്നുള്ളതല്ല പ്രശ്നം—അതിനെ മുൻനിറുത്തിയാണ് മറൊന്നും പരിഗണിക്കാതെ അദ്ദേഹത്തിന്റെ സൻമനസു കണക്കാക്കാതെ കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യത്തെ മുൻനിറുത്തി പിൻതുണകൊടുക്കാൻ തീരുമാനിച്ചത്. സർ, ഈ സാഹചര്യത്തിൽ അന്നു ഞങ്ങളാ മന്ത്രിസഭ രൂപീകരിക്കാൻ അവരെ അനുവദിച്ചിട്ടുള്ളത് ഈ സംസ്ഥാനത്തിന്റെ താൽപ്പര്യത്തെ മുൻനിറുത്തിയാണ്. അന്നു ഞങ്ങളെടുത്ത നിലപാട് ശരിയായിരുന്നുവെന്ന് കഴിഞ്ഞ രണ്ടുമാസക്കാലത്തെ ഈ ഗവൺമെൻറിന്റെ പ്രവർത്തനം തെളിയിച്ചെന്നു പറയുന്നതിൽ ഞങ്ങളാരെയും അശേഷം ലജ്ജയില്ല; അഭിമാനമുണ്ട്. ഇന്നും ആ നിലപാടിൽത്തന്നെ ഞങ്ങളാ തുടരുന്നു. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം പാർട്ടിതാൽപ്പര്യത്തിനുപരിയായി, കിട്ടിയ കാലഘട്ടം ഒരു പാർട്ടിയെ ഊട്ടിവളർത്താൻവേണ്ടി ഉപയോഗിക്കാത്തിടത്തോളംകാലം ഈ മന്ത്രിസഭയ്ക്ക് ഞങ്ങളാ പിൻതുണനൽകും. മറിച്ചു ജനോപകാരപ്രദമായ നല്ലകാര്യങ്ങളാ ചെയ്യാത്ത ഏതു ഗവൺമെൻറിനേയും എതിർക്കുകയെന്നുള്ളതും ഞങ്ങളുടെ നിലപാടാണ്.

ഈ അവസരത്തിൽ ഒന്നു രണ്ടുകാര്യങ്ങളാ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ സ്റ്റേറ്റിന്റെ സാമ്പത്തികനിലയെപ്പറ്റി പ്രതിപാദിക്കുകയുണ്ടായി. സ്റ്റേറ്റിന്റെ സാമ്പത്തികനില വളരെ ശോചനീയമായ നിലയിലാണെന്നുള്ളത് വളരെ വ്യക്തമായ സംഗതിയാണ്. അഞ്ചാം ധനകാര്യകമ്മിഷന്റെ ശുപാർശ കേരളത്തെസംബന്ധിച്ചിടത്തോളം നിരാശയുണ്ടാക്കാവുന്ന ഒന്നാണ്. പക്ഷേ ആ നിരാശ ഉണ്ടാകാനുള്ള സാഹചര്യം ഞാൻ മനസ്സിലാക്കിയിടത്തോളം മുൻഗവൺമെൻറ് സ്റ്റേറ്റിന്റെ പ്രശ്നങ്ങളാ പ്രസൻറു ചെയ്തതായ മാർഗ്ഗത്തിൽ വന്ന ന്യൂനതകൊണ്ടാണെന്നാണു കാണുന്നത്. ഏതായാലും പ്ലാനിംഗ് കമ്മിഷനെ സമീപിച്ചപ്പോളാ കേരളത്തിലെ കമ്മിനികത്താനുള്ള കേരളത്തിന്റെ പ്രത്യേകതകളാ സമർപ്പിക്കാൻ സാധിച്ചില്ലെന്നുള്ള കാര്യം കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി ഒരു പരിഹാരം കണ്ടുപിടിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

നിയമസമാധാനത്തെപ്പറ്റിയാണ് അടുത്തതായി എനിക്കു പറയാനുള്ളത്. നിയമസമാധാനപാലനത്തിൽ കാര്യമായ ശ്രദ്ധചെലുത്തുന്നു,

LIBRARY ARCHIVES Kerala Legislative Assembly

കുറെക്കൂടി ജാഗ്രത പുലർത്തുന്നുണ്ട് എന്നുള്ളത് സന്തോഷപ്രദമാണ്. ഭരണകക്ഷിയിൽപ്പെട്ടവരല്ലെങ്കിൽ അവരുടെ ആവലാതി കേൾക്കുകയില്ലെന്നുള്ള സ്ഥിതി ഉണ്ടാകാൻ പാടില്ല. പോലീസിന്റെ ശരിയായ പ്രവർത്തനത്തെ അംഗീകരിക്കുകയും തെറ്റായ പ്രവർത്തനത്തെ ചോദ്യംചെയ്യുകയും ചെയ്യേണ്ടത് ആവശ്യമാണ്. കുറ്റ്യാടി പോലീസ് സ്റ്റേഷനാക്രമണത്തെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതു ശരിയാണ്. നല്ലത് അംഗീകരിക്കണം. അതേ സമയം ഗവർണ്ണറുടെ പ്രസംഗത്തിൽ ഒരുകാര്യം വിട്ടുപോയതു തെറ്റായിപ്പോയി എന്ന അഭിപ്രായം എനിക്കുണ്ട്; നമ്മുടെ ആഭ്യന്തരമന്ത്രിയുടെ നേരെയുണ്ടായ ആക്രമണം. കൊലപാതകശ്രമമല്ലെന്നൊക്കെ പറയുന്നുണ്ട്. ജനങ്ങളുടെ ആവലാതി കേൾക്കാൻവേണ്ടി ഏതവസരത്തിലും പൊതുജനങ്ങളെ സ്വീകരിക്കാൻ ജനകീയമന്ത്രിമാർ തയ്യാറാകുമ്പോഴും രാഷ്ട്രീയമായ ഗൂഢാലോചനയുടെ പേരിൽ കൊലപാതകം ചെയ്വാനുള്ള ശ്രമം ഏതുപാർട്ടിയുടെ കീഴിലുണ്ടായാലും അതു ആക്ഷേപാർഹമാണ്, ലജ്ജാകരമാണ്. സർ, ഈ കാര്യത്തെസംബന്ധിച്ചിടത്തോളം. ഒരുകാര്യം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ കൊലപാതകത്തിനു മുതിർന്നു എന്നുപറയുന്ന ആളെ ഞങ്ങളുടെ പാർട്ടിയിൽ നിന്നു പുറത്താക്കിയെന്നാണ് മുൻ മുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്സും. അദ്ദേഹത്തിന്റെ പാർട്ടിപ്രവർത്തകരും പറയുന്നത്. എന്നാൽ ഈ നിയമസഭാതലത്തിൽ പ്രകടനം നടത്തിയവരെസംബന്ധിച്ചിടത്തോളം ഞങ്ങൾക്കു യാതൊരു ഉത്തരവാദിത്വവുമില്ലാ അവരെ പാർട്ടിയിൽ നിന്നു പുറംതള്ളിയിരിക്കുകയാണ് എന്നു പറയുകയും എന്നാൽ കേസ് കഴിഞ്ഞ പിറ്റേദിവസം തന്നെ അവരെ പാർട്ടിയിലേയ്ക്ക് തിരിച്ച് എടുക്കുകയും ചെയ്തവരാണ് ഇവർ. ഈ കൊലപാതകിയേയും കൊലപാതകക്കേസു കഴിഞ്ഞാൽ തിരിച്ചെടുക്കും. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രവർത്തനത്തിന്റെ ഒരു ഭാഗമാണ് അത്.

സർ, കൃഷിഭൂമി കൃഷിക്കാരനു് എന്നുള്ളതു് ഒരു യാഥാർത്ഥ്യമാക്കിത്തീർക്കാൻവേണ്ടി ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. സ്വകാര്യജൻമികളിൽ നിന്നും സർക്കാരിലേയ്ക്കുമാറിയ ഭൂമിയിൽ കൃഷിക്കാരനെ ശരിയായ ഉടമസ്ഥരാക്കിത്തീർക്കാൻ നടപടികളും സ്വീകരിക്കണം. ചുരുങ്ങിയ സമയംകൊണ്ടു് കൂടുതൽ ഒന്നും പറയാൻ പറ്റാത്തതിൽ ഞാൻ ഖേദിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. അബ്യു: സർ, ഗവർണ്ണർ ചെയ്ത പ്രസംഗത്തിനു കൃതജ്ഞത രേഖപ്പെടുത്തുന്നതിനോടു് യോജിക്കാൻ എനിക്കു് സാധിക്കുന്നില്ല. ജനാധിപത്യം ഒരു ഗെയിമാണു് സർ. ഗെയിമിൽ നിഷ്പക്ഷനായ ഒരു റഫറിയെപ്പോലെ ഉത്തരവാദിത്വമുള്ളയാളാണു് ബഹുമാനപ്പെട്ട ഗവർണ്ണർ. അതിനു പകരം കളിക്കാരുടെ പക്ഷംപിടിച്ചു തുള്ളിച്ചാടി നടക്കുന്ന കാണികളെപ്പോലെ പെരുമാറിയാൽ അദ്ദേഹത്തോടു് ആദരവു മുഴുവൻ നൽകാൻ സാധിക്കുകയില്ല സർ. ആദരവെന്നെല്ലാം പറയുന്നത് നിരുപാധികമല്ല. ആദരവു കാണിക്കണമെങ്കിൽ ആ ആദരവിനർഹനായിരിക്കണം. മുഖ്യമന്ത്രിയായാലും ഗവർണ്ണരായാലും ആദരവിനു് അർഹതയുണ്ടായാൽ സ്വാഭാവികമായും അവരോടു് ആദരവുണ്ടാകും. വളരെ മമ്പുതന്നെ ഞങ്ങളുടെ പാർട്ടി ചെയർമാൻ എഴുതി അറിയിക്കുകയുണ്ടായി, നിങ്ങൾ നിങ്ങളുടെ പ്രസംഗം മലയാളത്തിലാക്കണമെന്നു്. എന്നിട്ടു് അദ്ദേഹം അതു ചെയ്തില്ല. ഇരിക്കട്ടെ. വടക്കേ നാട്ടിൽ നിന്നൊക്കെ നേതാക്കൻമാർ വരുമ്പോഴും രണ്ടുമൂന്നു മലയാള വാക്കു് പഠിച്ചു് അതെങ്കിലും അവിടെ പറയുക പതിവാണു്. ഇവിടെയുള്ള അനേകലക്ഷം ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ടു് ഈ ഗവർണ്ണർ ഇവിടെ രണ്ടു മലയാള

LIBRARY ARCHIVES Kerala Legislative Assembly

വാക്കെങ്കിലും പറയാനുള്ള ഭാവം ഉണ്ടായില്ല. പഴയ ഐ.സി.എസ്. കാരന്റെ രൂപം, ഭാവം, വേഷം, ഭാഷ ഇതാണ് അദ്ദേഹത്തിൽ കണ്ടത്. ഗവർണ്ണറുടെ പ്രസംഗ സമയത്ത് ഞങ്ങൾ ഇവിടെ പ്രതിഷേധം കാണിച്ചില്ലെന്ന് ശ്രീ. കരുണാകരൻ സൂചിപ്പിക്കുകയുണ്ടായി. ഞങ്ങളെ അതിൽ നിന്ന് ഒഴിവാക്കേണ്ട സർ, ഇൻഡ്യൻ പാർലമെന്റിലും സ്റ്റേറ്റ് അസംബ്ലികളിലും ഞങ്ങൾക്ക് പ്രത്യേകമായ ഒരു നയമുണ്ട്. ആ പരിപാടി ആവിഷ്ക്കരിക്കുവാൻ നേതൃത്വം കൊടുത്ത പാർട്ടി ഉണ്ട്. ഇന്നു നിങ്ങളെ എതിർക്കുകയും നിങ്ങളെ പരാജയപ്പെടുത്തുകയും ചെയ്ത ആളുകളെ കെട്ടിപ്പിടിക്കുവാൻ നിങ്ങൾക്ക് എവിടെ നിന്നും അവകാശം കിട്ടി. ഐക്യമുന്നണിയെ തകർക്കാനുള്ള കാരണം എന്തോ ആകട്ടെ, ഞാൻ അതു വിട്ടുകളയുന്നു. തകർന്നു പോയാൽ പിന്നെ ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുക എന്നുള്ളതാണ് നമ്മുടെ ബാദ്ധ്യത. അല്ലാതെ മറെറാരു മന്ത്രിസഭയെ തട്ടിക്കൂട്ടുകയല്ല. ഞങ്ങളും അന്നേ ദിവസത്തെ പ്രകടനത്തിൽ ശരിയായ പങ്കു വഹിച്ചിട്ടുണ്ട്. അന്നത്തെ പ്രകടനത്തിൽ പ്രതിഷേധിച്ചു കൊണ്ട് ആർ.എസ്.പി. യും സി.പി.ഐ. യും ശക്തമായ പ്രസ്താവനകൾ ഇറക്കിയതായിക്കണ്ടു. സർ, ബംഗാളിൽ ഇവർ ധർമ്മവീരയെ എന്തു ചെയ്തു എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്നു ധർമ്മവീര ചെരുപ്പു പോലും ഉപേക്ഷിച്ചിട്ട് പിൻ വാതിലിൽക്കൂടി ദേഹം രക്ഷപ്പെടുത്താൻ ഓടി രക്ഷപ്പെടുകയല്ലേ ചെയ്തത്? അതിന് സി.പി.ഐ. യും മാർക്സിസ്റ്റ് പാർട്ടിയും ഈ ആർ.എസ്.പി. യും ഞങ്ങളുടെ പാർട്ടിയും ഒരുപോലെ പങ്കു വഹിച്ചിട്ടുണ്ട്. ആ ആളുകൾ ഇവിടെ എന്തിന് മാറുന്നു.

ശ്രീ. ബേബിജോൺ: സർ, ഒരു ചോദ്യം.....

ശ്രീ. കെ. കെ. അബു: സമയമില്ല.

ശ്രീ. ബേബിജോൺ: സ്നേഹമില്ലേ?

ശ്രീ. കെ. കെ. അബു: സ്നേഹമില്ലാഞ്ഞിട്ടല്ല. ബേബിയോട് എനിക്ക് കൂടുതൽ സ്നേഹമുണ്ട്. എനിക്ക് എല്ലാവരോടും സ്നേഹമുണ്ട്. ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻനായർ ചോദിച്ചിരുന്നെങ്കിൽ വഴങ്ങാൻ എനിക്കു ബാധ്യതയുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. അവിടെ ഗവർണ്ണർ പ്രസംഗിച്ചതു ശരിയാണെന്നാണ് എസ്.എസ്.പി. യുടെ അഭിപ്രായം. ബംഗാളിൽ ഗവർണ്ണർ ധർമ്മവീര പ്രസംഗിച്ചത് തെറ്റാണെന്ന് അവിടെ ആർ.എസ്.പി. യ്ക്ക് അഭിപ്രായമുണ്ടായിരുന്നു. അവിടെ ഗവർണ്ണർ പ്രസംഗിച്ചില്ല. ഇവിടെ പ്രസംഗിച്ചതു തെറ്റാണെന്നു പറയുന്ന കക്ഷി അവിടെ പ്രസംഗിച്ചതു ശരിയാണെന്നു പറഞ്ഞത് ഇപ്പോഴും പറയുന്നത് ശരിയാണോ?

ശ്രീ. കെ. കെ. അബു: സർ, ഈ സമയം എന്റെ സമയത്തിൽ കൂട്ടരുത്; അത് പോയിൻറ് ഓഫ് ഓർഡർ ആണെന്ന് കരുതുന്നില്ല. ഞങ്ങൾക്ക് തെറ്റാണെന്ന് തോന്നിയതുകൊണ്ട് ഞങ്ങൾ അതു ചെയ്തു. അവിടെ ശരിയാകുന്നത് ഇവിടെ ശരിയാകുന്നതെങ്ങനെ? ഇവിടെ തെറ്റാകുന്നത് അവിടെ ശരിയാകുമോ? പലയിടത്തും പലതും നടക്കുന്നുണ്ട്. ഞങ്ങൾക്ക് ഈ ഗവൺമെൻറ് രൂപീകരണത്തിൽപ്പോലും എതിർപ്പുണ്ട്. ഞങ്ങളുടെ നാഷണൽ കമ്മിറ്റിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇന്ദിരാഗാന്ധിയും സി.പി.ഐ. യും കൂടി നടത്തിയ ഗൂഢാലോചനയുടെ ഫലമായാണ് ഇവിടെ ഗവർണ്ണർ ന്യൂനപക്ഷ മന്ത്രിസഭയുണ്ടാക്കാൻ അവസരം കൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്തത് എന്ന്. 1959—ലാണെന്നു തോന്നുന്നു പട്ടം താണുപിള്ള ഇവിടെ ഒരു ന്യൂനപക്ഷ ഗവൺമെൻറുണ്ടാക്കിയത്. അന്ന് കോൺഗ്രസ് പ്രസിഡൻറായിരുന്ന പനമ്പള്ളി ഗോവിന്ദമേനോൻ വ്യക്തമായി രാജ്പ്രമുഖന് എഴുതിക്കൊടുത്തിട്ടുമുണ്ടായിരുന്നു. ഗവൺമെൻറ് രൂപീകരിച്ചതിൻെറ നാലാം ദിവസം അസംബ്ലി വിളിച്ചുകൂട്ടുകയും ചെയ്തു. എന്നാൽ ഇപ്പോഴാണെങ്കിൽ ഇവിടത്തെ മുഖ്യമന്ത്രി അച്ചുതമേനോൻ അതു ചെയ്തിട്ടില്ല. അദ്ദേഹം രണ്ടുരണ്ടര മാസം കാത്തിരുന്നു അതുവരെ ആളുകളെ സ്വാധീനിച്ചും പ്രലോഭിപ്പിച്ചും ചാക്കിട്ടുപിടിച്ചും ഭൂരിപക്ഷമുണ്ടാക്കാൻ ശ്രമിക്കുകയായിരുന്നു. അതിനു വഴി കാട്ടിയത് ഇവിടെയുള്ള ഗവർണ്ണറാണ്. യു. പി. യിലെ ഗവർണ്ണർ ഞങ്ങളെ ഇവിടെ.....

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ രാജ്യത്ത്, ഈ നിയമസഭയിൽത്തന്നെ ഇന്ന് ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ നടന്ന കാര്യങ്ങൾ അംഗീകരിക്കുകയും ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്ത ഒരു കക്ഷിയിലെ നേതാവു തന്നെ പിന്നീട് ആ നടപടിയുടെ ധാർമ്മികതയെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ ചോദ്യം ചെയ്യുന്നത് ഓർഡറിലാണോ.

ഡെ. സ്പീക്കർ: ഇതു പോയിൻറ് ഓഫ് ഓർഡറല്ല.

ശ്രീ. കെ. കെ. അബു: സർ, ഇത് എൻെറ സമയത്തിൽ കൂട്ടരുത്. പട്ടംതാണുപിള്ള നാലു ദിവസം കൊണ്ടു നിയമസഭ വിളിച്ചുകൂട്ടി ഭൂരിപക്ഷം തെളിയിച്ചു എന്നാണ് ഞാൻ പറഞ്ഞത്. ആ രീതി കൈക്കൊള്ളാതെ ഇവിടെ ഒരു മന്ത്രിസഭ തട്ടിക്കൂട്ടിയുണ്ടാക്കുവാൻ ഗവർണ്ണർ അനുവാദം കൊടുത്തു. അതിലാണ് ഞങ്ങൾക്ക് പ്രതിഷേധമുള്ളത്. ആ പ്രതിഷേധം ഞങ്ങൾ കാണിക്കുകയും ചെയ്തു. ശ്രീ. അച്ചുതമേനോൻ ഇന്നിവിടെയില്ല. എനിക്ക് അദ്ദേഹത്തോട് ആദരവുണ്ട്. ഒരു സൂത്രശാലിയാണെന്ന് അദ്ദേഹം. അദ്ദേഹം വളരെ വ്യക്തമായി പറഞ്ഞതാണ് കോൺഗ്രസിൻെറ പിന്തുണയോടുകൂടി മാത്രമേ എൻെറ ഗവൺമെൻറ് നിലനിൽക്കുകയുള്ളുവെങ്കിൽ ഒരു നിമിഷം പോലും ഭരിക്കുകയില്ലെന്ന്. അതേയവസരത്തിൽ ബംഗാളിൽ വച്ചു പറയുന്നു രണ്ടു കോൺഗ്രസിൻെറയും പിന്തുണയുണ്ടെന്ന്. ഇത് ബഹുമാനപ്പെട്ട എം. എൻ. പറഞ്ഞാൽ മനസ്സിലാക്കാമായിരുന്നു. ശ്രീ. ടി. വി. പറഞ്ഞാൽ മനസ്സിലാക്കാൻ കഴിയും. കാരണം വളരെ തന്ത്രങ്ങളും സൂത്രങ്ങളും ഉള്ള നേതാക്കളാണ് അവർ. അച്ചുതമേനോൻ ഈ രീതിയിൽ പരസ്പര വിരുദ്ധമായ പ്രസ്താവനകളിറക്കുന്നതിൽ ഖേദമുണ്ട്. ശ്രീ. അച്ചുതമേനോനെ ഞങ്ങൾ തെരഞ്ഞെടുത്തത് രാജ്യസഭയിലേക്കാണ്. സർ, സർക്കസിൽ ചില തൊപ്പിയേറുകളുണ്ട്. വിദഗ്ദൻമാരായ ആളുകൾ തൊപ്പിയെറിഞ്ഞാൽ അത് തിരിച്ച് അവരുടെ കയ്യിൽത്തന്നെ വരാറുണ്ട്. അതുപോലെ അച്ചുതമേനോനാകുന്ന തൊപ്പി ഇപ്പോൾ ഡൽഹിയിൽ നിന്ന് ഇവിടെ വന്നിരിക്കുകയാണ്. അച്ചുതമേനോൻ ഈ സഭയോടുകാണിക്കുന്ന അനാദരവാണ് ഇതു്. ഈ രീതിയിൽ വേണ്ട, അവരുടെ പാർട്ടിയിൽ മുഖ്യമന്ത്രിയാകാനും അതിലപ്പുറമാകാനും ആളുകൾ ഉള്ളപ്പോൾ ഇങ്ങനെയൊരു ഏർപ്പാട് അച്ചുതമേനോനെപ്പോലെയുള്ള ആളുകൾ.....

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പാർലമെൻറിൽ എം.പി. യായിരുന്ന മണ്ഡലത്തിൻെറ നേതൃത്വത്തിൽ ബീഹാറിൽ മന്ത്രിസഭയുണ്ടാക്കിയതിനെക്കുറിച്ചുകൂടി പറയണം.

ശ്രീ. കെ. കെ. അബു: അതുകൊണ്ടാണ് സർ, മണ്ഡലിനെ ഞങ്ങൾ പുറത്താക്കിയത്. അതുകൊണ്ടാണല്ലോ സോഷിത്ദളമെന്നൊരു പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായതെങ്ങിനെവന്നതു്. അതു് മി. മുഹമ്മദുകോയ മറന്നുപോയതിൽ എനിക്കു് സങ്കടമുണ്ടു്. അതെന്തായാലും ശരി ഈ രീതിയിലുള്ള നിലപാടാണു് ഇന്നിവിടെയുള്ളതു്. ധാർമ്മികമായി ഈ മന്ത്രിസഭയ്ക്കു് നിലനിൽക്കാൻ അർഹതയില്ല. സർ, ഐക്യമുന്നണി മന്ത്രിസഭയുടെ പരിപാടികളും നടപ്പിലാക്കാനാണു് ഈ മന്ത്രിസഭ രൂപീകരിച്ചതു് എന്നു വാദിക്കുന്നതു് ശരിയല്ല. ശ്രീമാൻ കെ. എം. ജോർജിനോടു് എനിക്കു് സഹാനുഭൂതി തോന്നുകയാണു്. ഒരു മന്ത്രിയാകാൻ വേണ്ടിയുള്ള അദ്ദേഹത്തിന്റെ ഗതികേടിനെപ്പറ്റി ഞാനീയവസരത്തിൽ ഓർത്തുപോവുകയാണു്. ചൈനാചാരൻമാർക്കും സോവിയറ്റു ചാരൻമാർക്കും എതിരായി പ്രവർത്തിച്ചുവന്ന ആളാണു് അദ്ദേഹം. അവരുടെ തലപ്പുപ്പൻമാരായ വിയറ്റ്കോങ്കും ഇവിടെ വന്നപ്പോൾ അവരെസൽക്കരിക്കാനും അവരുടെ ആധിപ്രേയത്വം സ്വീകരിക്കാനുമുള്ള ഗതികേടു് ശ്രീ. കെ. എം. ജോർജിനുണ്ടായിപ്പോയി. അധികാരത്തിനു വേണ്ടി മനുഷ്യൻ എന്താണു ചെയ്യാത്തതു്. സർ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മാനിഫെസ്റ്റോയും ശ്രീ. കെ. എം. ജോർജിന്റെ മാനിഫെസ്റ്റോയും രണ്ടും രണ്ടാണു്. അങ്ങനെയുള്ള രണ്ടു വ്യത്യസ്തമായ വൈരുദ്ധ്യങ്ങൾ ഉള്ള പരിപാടികളും വച്ചുകൊണ്ടു് ഒന്നിച്ചു ചേർന്നു് ഒന്നായി ഭരിക്കുന്നതു് ഇവിടെയാണു്. രാഷ്ട്രീയ ഭരണാധിപൻമാരുടെ ചരിത്രം നോക്കിയാൽ ഇതു് വിഭീഷണന്റെ കാലത്തു് ഉൽഘാടനം ചെയ്തതാണെന്നു് കാണാൻ കഴിയും. അദ്ദേഹം ശ്രീരാമന്റെ പക്ഷത്തു ചേർന്നു് കസേര തട്ടിയെടുക്കാൻ വേണ്ടി സ്വന്തം സഹോദരനെ കൊല്പാൻ ശ്രമിച്ചിട്ടുണ്ടു്. ആ പണിയാണു് ഇതു്. അതുകൊണ്ടാണു് ഞങ്ങളം പറയുന്നതു് ഇങ്ങനെയൊരു മന്ത്രിസഭയ്ക്കു് രൂപം കൊടുത്ത കാര്യത്തിൽ മി. വിശ്വനാഥൻ ഗവർണ്ണർ കാണിച്ച വ്യഗ്രതയും അതിനുവേണ്ടിയുള്ള ഒരുക്കങ്ങളും കാണുമ്പോൾ തോന്നിപ്പോകുന്നതു് ഇന്ദിരാഗാന്ധിയെ കേന്ദ്രത്തിൽ താങ്ങി നിറുത്താൻ വേണ്ടി ആവശ്യത്തിനും അനാവശ്യത്തിനും വോട്ടു നൽകുന്ന സി. പി. ഐ. ക്കു് ഇന്ദിരാഗാന്ധി സമ്മാനിച്ചതാണു് ഈ ഗവൺമെന്റ് എന്നു്. രാഷ്ട്രീയ വഞ്ചന കുതികാൽ വെട്ടു് പകൽക്കൊള്ള ഇവയെല്ലാം ഇതിന്റെ പിന്നിലുണ്ടു്. ലീഗിന്റെ വ്യഗ്രതയും മറ്റും കാണുമ്പോൾ സി.പി.ഐ. യെ..... .....

ഡെപ്യൂട്ടി സ്പീക്കർ: സമയം തീർന്നു.

ശ്രീ. കെ. കെ. അബു: സർ, ഒറ്റ വാക്കേ പറയാനുള്ളു. സർ, ജഗജീവൻ റാമിനു് 10 കൊല്ലത്തെ ടാക്സു് അടയ്ക്കണമെന്നറിയാമായിരുന്നു. അതിനു് പോലും ഡിമാന്റു് ചെയ്ത അവസരത്തിൽ ഇന്ദിരാപക്ഷക്കാരായ സി.പി. ഐ. ക്കാർ ജഗജീവൻറാമിനു് വോട്ടു ചെയ്യുകയുണ്ടായി. ഇൻഡിക്കേറ്റ് കോൺഗ്രസും അവരെ പിന്താങ്ങുന്നുണ്ടു്. ഇന്ദിരാഗാന്ധിയെ പിന്താങ്ങേണ്ട ബാദ്ധ്യത ശ്രീമാൻ കരുണാകരനുണ്ടു്. അതുകൊണ്ടു് അവരുടേതായ ഒരു ഗവൺമെന്റിനെ നിലനിറുത്തേണ്ടതാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ 9-ാം തീയതി ഇവിടെ ചെയ്ത പ്രസംഗത്തിനു് ബഹുമാനപ്പെട്ട രാമുണ്ണിക്കുറുപ്പു് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണു്. സർ, കഴിഞ്ഞ ഒക്ടോബർ 24-ാം തീയതി ഈ നിയമസഭയിൽ നിന്നു പുറത്തുപോകുമ്പോൾ, അടുത്ത തിങ്കളാഴ്ച നിയമസഭയിൽ വരാമെന്നുള്ള ആഗ്രഹത്തോടുകൂടിയാണു് ഞങ്ങളം ഇവിടെ നിന്നും തിരിച്ചതു്. അതിനു ശേഷം അന്നുച്ചയ്ക്കു് അന്നത്തെ നമ്മുടെ മുഖ്യമന്ത്രി ഈ നിയമസഭ അറിയാതെ, അദ്ദേഹത്തിന്റെ സഹപ്രവർത്തകൻമാരറിയാതെ ഗവർണ്ണർക്കു് രാജി സമർപ്പിച്ചു എന്നു് ഞങ്ങളറിഞ്ഞു. ഇവിടെ പ്രസിഡൻറു ഭരണം വരണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണു് അദ്ദേഹം അതു ചെയ്തതെന്നു് ഞങ്ങളം വിശ്വസിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ മറെറാരു മന്ത്രിസഭ ഉണ്ടാകണമെന്ന് അദ്ദേഹം ഉദ്ദേശിച്ചിരുന്നു എന്നു വേണം കരുതാൻ. അതിനു ശേഷം 7 ദിവസങ്ങൾക്കുള്ളിൽ വളരെ വേവലാതിയോടുകൂടി ഈ നാട്ടിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെല്ലാംകൂടി ച്ചേർന്ന് ഇവിടെ പ്രസിഡൻറ് ഭരണം ഒഴിവാക്കാൻ വേണ്ടി ഒരു ഗവൺമെൻറു ണ്ടാക്കി. അതിൽ അവർക്ക് ഇപ്പോഴും അഭിമാനമാണ്. ആ ഗവൺമെൻറ് രൂപീകരിച്ചത് ശരിയല്ലെന്നു കാണിക്കാനാണല്ലോ 9-ാം തീയതി ബഹുമാന പ്പെട്ട ഗവർണ്ണർ ഇവിടെ പ്രസംഗിക്കാൻ വന്നപ്പോഴും ഇവിടെ കാണിച്ച വില്ലാ കഥകളിയും. ആ കഥകളിക്കു ശേഷം കഴിഞ്ഞ 17-ാം തീയതി ഇ. എം. എസ്. എഴുതിയ മുഖപ്രസംഗത്തിൽ ഈ കൂറുമുന്നണിക്ക് അങ്ങനെയൊരു ഗവൺ മെൻറുണ്ടാക്കാൻ അധികാരമുണ്ടെന്നും അങ്ങനെ അവർ എല്ലാം തന്നെ ചെയ്യുക യാണെങ്കിൽ അതിനവസരം കൊടുക്കുന്നത് ഗവർണ്ണരുടെയും പ്രതിപക്ഷ ത്തിരിക്കുന്ന തങ്ങളുടെയും ഭരണഘടനാപരമായ ചുമതലയാണെന്നും എഴുതി പിടിപ്പിച്ചിട്ടുണ്ട്. അങ്ങനെയാണെന്നുണ്ടെങ്കിൽ.....

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതു മുഴുവൻ വായിക്കണം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: എൻെറ ആവശ്യത്തിനുള്ളത് ഞാൻ വായിച്ചു. അങ്ങനെയാണെന്നുണ്ടെങ്കിൽ എന്തിനാണ് ഇവിടെ 9-ാം തീയതി കഥകളി പ്രകടനങ്ങൾ നടത്തിയത്? അപ്പോഴും അദ്ദേഹത്തിൻെറ ആവശ്യം അതല്ല. ഈ നാട്ടിൽ ജനങ്ങളുടേതായ വികാരങ്ങൾ ഇളക്കിവിടുകയും തങ്ങൾ പറയുന്ന കാര്യങ്ങളെല്ലാമാണ് ശരിയെന്ന് മനസ്സിലാക്കാൻ ജനങ്ങളെ പ്രേരി പ്പിക്കുകയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷം ഉണ്ടാക്കാൻ വേണ്ടിയാണ് അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ ഇവിടെ ഇതൊക്കെ നടത്തുന്നത് എന്നുള്ള ത് വ്യക്തമാണ്. ഇവിടെ രണ്ടു ദിവസം നടന്ന പ്രസംഗങ്ങളിൽ നിന്നുള്ള കേട്ട രണ്ടു വാദഗതികളും പോലീസ് മർദ്ദനവും മാംസം തീറ്റിക്കലുമാണ്. ഇതു വളരെ പ്രസക്തമാണ്. പോലീസ് മർദ്ദനത്തിൻെറ ഉൽഘാടനം തുടങ്ങുന്നത് ഇന്നുമുതൽക്കാണോ? ഈ ഗവൺമെൻറ് അധികാരത്തിൽ വന്നു, പോലീസ് വകുപ്പ് മുസ്ലീം ലീഗിൽപ്പെട്ട മന്ത്രിക്കാണെന്നറിഞ്ഞ ദിവസം മുതൽ അതുവരെ പോലീസ് മന്ത്രിയായിരുന്ന ആൾ നാട്ടിൽ ആഹ്ലാദം തുടങ്ങി പോലീസ് ഭരണം മുഹമ്മദുകോയയെ ഏൽപ്പിച്ചത് ശരിയായില്ല അത് ആപത്താണ് എന്ന് അവർ പറയാൻ തുടങ്ങി. മുഹമ്മദുകോയയെ ജീവനോടെ നടത്തുകയില്ലെന്ന് അദ്ദേഹത്തിൻെറ അനുയായികളും പറഞ്ഞു. അതിൻെറ ഒരു പരിപാടിയെന്നോണമാണ് ഈ സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. 1-12-1969-ൽ എന്തിനാണ് ഇവിടെ സമരം നടന്നത്? അച്ചുതമേനോൻ മന്ത്രിസഭ അധികാരത്തിൽ വന്നയുടനേ തന്നെ ഗൗരവമായി ആലോചിച്ചു, നിയമസഭ എന്നു വിളിച്ചുകൂട്ടണമെന്ന്. ജനുവരി 9-ാം തീയതി നിയമസഭ വിളിച്ചുകൂട്ടുമെന്ന് നവംബർ മൂന്നാമത്തെ ആഴ്ച പ്രഖ്യാപിക്കുകയുണ്ടായി. ശ്രീ. പട്ടം താണുപിള്ളഗവൺമെൻറ് രൂപീകരിച്ച ഉടൻതന്നെ നിയമസഭ വിളി ച്ചുകൂട്ടി എന്ന് ഇവിടെ പറഞ്ഞുകേട്ടു. ആ ഗവൺമെൻറ് ഫെബ്രുവരി മാസത്തിലാണ് രൂപീകരിച്ചതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങനെയാണെങ്കിൽ അന്ന് ബഡ്ജറ്റ് സമ്മേളനം കൂടേണ്ട സമയമായിരുന്നു. ബഡ്ജറ്റ്സമ്മേളനമായതുകൊണ്ട് അന്ന് നിയമസഭ വിളിച്ചുകൂട്ടി. ഇവിടെ ബഡ്ജറ്റ് സമ്മേളനമല്ല. ഇവിടെ ഒരു ഗവൺമെൻറ് പ്രത്യേകസാഹ ചര്യത്തിൽ വന്ന് ആ ഗവൺമെൻറുമായി, വളരെ വേവലാതിയോടുകൂടി പറഞ്ഞു ജനുവരി 9-ാം തീയതി നിയമസഭ വിളിച്ചുകൂട്ടുമെന്ന്. നവംബർ മൂന്നാ മത്തെ ആഴ്ച ഇക്കാര്യം പ്രഖ്യാപിച്ചതിനു ശേഷം ഡിസംബർ ഒന്നാം തീയതി എന്തിനു വേണ്ടിയാണ് സർ, ഈ നാട്ടിലെ എല്ലാ ജില്ലകളിലും സമരാഹ്വാന വുമായി മുന്നോട്ടു വന്നത്?

LIBRARY ARCHIVES Kerala Legislative Assembly

സർ, കോഴിക്കോട്ടു നടന്ന ലാത്തിച്ചാർജിനെ സംബന്ധിച്ച് എന്റെ സ്നേഹിതൻ ശ്രീ. കേളു വികാരഭരിതനായി ഇവിടെ വിവരിക്കുകയുണ്ടായി. കാരണവശാൽ അതിനിടയിൽപ്പെട്ട ഒരാളാണ് ഞാൻ. അന്ന് അവിടെവന്ന വാളന്റിയറന്മാരിൽ ഭൂരിപക്ഷം ആളുകളുടെ കൈയിലും സഞ്ചികളും ഉണ്ടായിരുന്നു. ആ സഞ്ചികളിൽ എന്തോ സാധനങ്ങൾ ഉണ്ടായിരുന്നു. ആ സാനങ്ങൾ എടുത്തു പോലീസിന്റെ നേർക്ക് എറിയുകയാണ് ചെയ്തത്, എന്ന് എനിക്ക് കാണാൻ സാധിച്ചു. അതിനുശേഷം നടന്ന സംഭവങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ വിവരിക്കുന്നില്ല.

പാലക്കാട്ട് വെടിവയ്പ്പും മർദ്ദനങ്ങളും നടന്നു എന്നു പറഞ്ഞു. പാലക്കാട്ടു നടന്ന വെടിവയ്പ്പിന്റെയും മർദ്ദനങ്ങളുടെയും കഥയെന്താണ്? കോടതിയിൽ ശിക്ഷിച്ച പ്രതിയെ സബ്ജയിലിൽ അടയ്ക്കാൻ പോലീസുകാർ കൊണ്ടുപോയി. ആ പോലീസുകാരെ കുത്തിമുറിവേൽപ്പിക്കുകയും കല്ലെറിയുകയും ചെയ്തു സർ. അതിൽ നിന്നുണ്ടായ വികാരങ്ങളാണ്. പോലീസുകാരും മനുഷ്യരാണെന്ന് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടുതന്നെ ഒരിക്കൽ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. കുത്തേറ്റു ചോര വാർന്നൊലിക്കുന്ന പോലീസുകാരും ശ്രീ. ഇ. എം. എസ്. പറഞ്ഞരീതിയിലുള്ള മനുഷ്യരല്ലെ? മനുഷ്യസഹജമായ വികാരത്തോടുകൂടി അവർ ചെയ്തതാണെന്നു നമുക്കു കണക്കിലെടുക്കാം. സർ, ഇവിടെ വെടിവെയ്പിനെ സംബന്ധിച്ചാണ് ആക്ഷേപം. നമ്പൂതിരിപ്പാടിന്റെ ഭരണകാലത്ത് വെടിവയ്പ്പ് നടന്നിട്ടില്ലേ? ഊടുക്കിയിൽ വെടിവയ്പ് നടന്നില്ലെ സർ. സെക്രട്ടേറിയറ്റിന്റെ പടിക്കൽ സത്യാഗ്രഹം നടത്തിയ അദ്ധ്യാപകൻമാർക്കു അടികൊണ്ട് മൂന്നുഗ്രേറ്റിൽകൂടി ഓടേണ്ടിവന്ന ഗതികേട് ശ്രീ. ഇ. എം. എസിന്റെ ഭരണകാലത്ത് ഉണ്ടായില്ലെ സർ. അതു പറഞ്ഞിട്ട് കഥയില്ല.

മാംസം തിന്നിച്ച കഥ ഇവിടെ പറയുകയുണ്ടായി. സബ് ഇൻസ്പെക്ടരുടെ കൈ മുറിച്ചത് ആശുപത്രിയിൽ വച്ചാണ്. ആ മാംസം എവിടെനിന്ന് പോലീസുകാർക്കുകിട്ടി, മാർക്സിസ്റ്റുകാർക്കു കിട്ടി എന്ന് ഞങ്ങൾക്ക് അറിയേണ്ടതുണ്ട്. സ്പോടകായുധങ്ങളുടെ ഏറുകൊണ്ട് ഇൻസ്പെക്ടരുടെ കയ്യിൽനിന്നും വല്ല ഇറച്ചിയും ചുമരിൽ തെറിച്ചിട്ടുണ്ടെങ്കിൽ അത് എം. ഒ. ആണ് സർ. കേസിന്റെ തെളിവിനുള്ള മെറ്റീരിയൽ ഓബ്ജക്റ്റാണ്. മെറ്റീരിയൽ ഓബ്ജക്റ്റ് ഒരാളിന് നൽകുവാൻവേണ്ടി പിന്നീട് എങ്ങനെ കിട്ടിയതെന്ന് ഞങ്ങൾക്ക് അറിയണം. ഇതെല്ലാം ജനങ്ങളുടെ അനുകമ്പ നേടുവാനുള്ള പ്രചരണംമാത്രമല്ലാതെ മറെറന്താണ്. ഇക്കാര്യം പറയുമ്പോൾത്തന്നെ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഏതു ഗവൺമെന്റിന്റെ പോലീസ് ആയാലും ശരി എക്സസ് കാണിച്ചിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തണം. അന്വേഷണം നടത്തുവാൻ രണ്ടുപ്രാവശ്യം ഈ ഗവൺമെന്റ് ഉത്തരവ് ഇട്ടിട്ടുണ്ട്. കോഴിക്കോട് അന്വേഷണം നടത്തുവാൻ നിയമിതനായ ഉദ്യോഗസ്ഥൻ കോഴിക്കോട് ഹജൂർ കച്ചേരിയിൽ രാവിലെതൊട്ട് വൈകുന്നേരം വരെയിരുന്നിട്ട്, ഇവിടെ വികാരത്തോടുകൂടി പ്രസംഗിച്ച യാതൊരു സ്നേഹിതൻമാരും അദ്ദേഹത്തിന്റെ മുമ്പിൽ തെളിവു നൽകുവാൻ ഹാജരായില്ല. ഇതാണ് അന്വേഷണം നടത്തുവാനുള്ള ഡിമാന്റ് എന്നുണ്ടെങ്കിൽ എന്തിന് ഈ പ്രഹസനം? ഏതായാലും പോലീസ് എക്സസ് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതു നിരോധിക്കണം. ഈ ഗവൺമെന്റിനെ താറടിച്ചു കാണിക്കാനും വേണ്ടി ,പോലീസ് വിഭാഗത്തിലും കുറെ ആളുകൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർ നടത്തുന്ന അക്രമങ്ങളെ കടിഞ്ഞാൺ ഉപയോഗിച്ച് ചെറുക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, പി. ആർ. കുറുപ്പു അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ആ പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് പ്രതിപക്ഷത്തുനിന്നും മാർക്സിസ്റ്റു ബഞ്ചുകളിൽനിന്നും ഉണ്ടായ പ്രസംഗം ഞങ്ങളെ വളരെയധികം നിരാശപ്പെടുത്തി. അധികാരം നഷ്ടപ്പെട്ട പല്ലുകടിയുടെയും പിറുപിറുപ്പിന്റെയും ശബ്ദം അവരുടെ പ്രസംഗത്തിൽ മുഖരിതമായിരുന്നു. സർ, ഈ നിയമസഭയിൽ പ്രതിപക്ഷം അംഗസംഖ്യയിൽ വളരെ പരിമിതമായിരുന്നു. ഇപ്പോഴും ആ ഭാഗത്തുകാണുന്നത് പ്രബലമായ ഭൂരിപക്ഷ പ്രതിപക്ഷത്തെയാണ്. വളരെയധികം ആശ്വാസത്തോടുകൂടിയാണ് കേരളത്തിലെ ജനങ്ങളും പ്രതിപക്ഷത്തിന്റെ സംഖ്യാബലത്തെ വീക്ഷിക്കുന്നത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും ആവശ്യമായ വിമർശനങ്ങളും നടത്തുന്ന സുശക്തമായ ക്രിയാത്മകമായ പ്രതിപക്ഷം പാർലമെന്ററി ജനാധിപത്യത്തിനു് ആവശ്യമാണ്, പ്രതിപക്ഷ നേതാവായ ശ്രീ. നമ്പൂതിരിപ്പാടിനോടു് ഞാൻ ചോദിക്കുകയാണ്, നിങ്ങളുടെ സംഖ്യാബലം നിങ്ങളും അതിനാണോ ഉപയോഗിച്ചത്? നിങ്ങളും നിങ്ങളുടെ കർത്തവ്യം നിർവ്വഹിച്ചിട്ടുണ്ടോയെന്നു ഞാൻ ചോദിക്കുകയാണ്. കഴിഞ്ഞ ഒമ്പതാം തീയതി നിയമസഭയിൽ പ്രസംഗിച്ചപ്പോഴും ഭരണത്തലവനെ അധിക്ഷേപിക്കുന്നതിനും നിയമസഭാനടപടികളും അലങ്കോലപ്പെടുത്തുന്നതിനും വേണ്ടിയാണ് മാർക്സിസ്റ്റു പാർട്ടി, പ്രതിപക്ഷകക്ഷി സംഖ്യാബലം ഉപയോഗിച്ചത്. ഇത് വളരെയധികം അപലപനീയമാണ്.

സർ, ഈ രാജ്യത്ത് രണ്ടു തവണ മുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ്. പലതവണ പ്രതിപക്ഷ നേതാവായിരുന്ന ഇ. എം. എസ്. നല്ലൊരു പാർലമെന്റേറിയനായ ഇ. എം. എസ്. പ്രഗൽഭനായ ഇ. എം. എസ് ഈ അധ:പതനത്തിനു് കൂട്ടുനിന്നല്ലോ എന്നു ഓർക്കുമ്പോഴും ഏറെ പരിതാപമുണ്ട്. ഏതു നാടിന്റെ ഭരണചരിത്രമെടുത്ത് വിശകലനം ചെയ്താലും ഓരോ രാജ്യത്തിന്റെ ഭരണത്തിലും സുവർണ്ണകാലഘട്ടവും ഇരുണ്ട കാലഘട്ടവും ഉണ്ടായിരിക്കും. കേരള ജനാധിപത്യചരിത്രത്തിൽ ഈ സുവർണ്ണ കാലഘട്ടമായി അച്ചുതമേനോൻ മന്ത്രിസഭയെ ഭാവി ചരിത്രകാരൻമാർ കുറിക്കുമെന്ന് ആത്മാർത്ഥമായി നെഞ്ചത്ത് കൈവച്ച് ഞാൻ പറയുകയാണ്. ആ ചരിത്രത്തിൽ ഒരു ഇരുണ്ട അദ്ധ്യായം ഉണ്ടായിരുന്നു. ആ കറുത്ത അദ്ധ്യായം കഴിഞ്ഞ ഒക്ടോബർ 24–ാംതീയതിയോടുകൂടി പര്യവസാനിച്ചു. ഒരു പുതിയ കാലഘട്ടത്തിന്റെ ഒരു പുതിയ വഴിത്തിരിവിന്റെ നാന്ദി ഈ ഒന്നാം തീയതിയോടുകൂടി നില നിൽക്കുകയാണ്. ഈ ഗവൺമെന്റ് അവിടെ നില നിൽക്കേണ്ടതു് ഈ രാജ്യത്തിന്റെ ആവശ്യമാണ്. വിശ്വാസത്തോടും പ്രതീക്ഷയോടും കൂടി ഈ രാജ്യത്തെ ജനങ്ങളും വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ഗവർണ്ണരുടെ പ്രസംഗം പരിശോധിച്ചു നോക്കുമ്പോഴും ധീരമായ പ്രഖ്യാപനങ്ങളും അതിൽ ഉണ്ടായിരുന്നു. കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ ചെയ്ത ധീരമായ കാൽവയ്പ്പിന്റെ ഒരു സംക്ഷിപ്ത ചിത്രം അവിടെയുണ്ട്, പക്ഷേ രാഷ്ട്രീയ തിമിരം ബാധിച്ച മാർക്സിസ്റ്റ് കണ്ണുകൾക്ക് അത് കാണാൻ കഴിഞ്ഞില്ല. അവരുടെ കണ്ണിൽ ഈ ഗവൺമെന്റിനെ അട്ടിമറിക്കുക എന്നുള്ളതു് മാത്രമേയുള്ളു. ശ്രീമാൻ ഇ. എം. എസ് ചെയ്ത പ്രസ്താവനയിലെ വാചകങ്ങളും കേരള ഭൂഷണം പത്രത്തിൽ വന്നത് എടുത്ത് വായിക്കുകയാണ്. ''അച്ചുതമേനോൻ മന്ത്രിസഭയെ തകർക്കാൻ ഏതു ചെകുത്താനേയും കൂട്ടുപിടിക്കും.....

ഈ രാജ്യത്തെ പ്രഗത്ഭനായ പ്രതിപക്ഷ നേതാവിന്റെ പ്രസ്താവനയാണ്. ഏതു ചെകുത്താനേയും കൂട്ടുപിടിക്കുമെന്ന്. ഏതു ചെകുത്താനേയും കൂട്ടുപിടിക്കുവാൻ ശ്രീ. ഇ. എം. എസിനുള്ള പ്രാഗത്ഭ്യത്തെ ഞാൻ

ചോദ്യം ചെയ്യുന്നില്ല. ശ്രീ നമ്പൂതിരിപ്പാടിന് അച്ചുതമേനോൻ മന്ത്രിസഭയെ താഴെയിറക്കാൻ മനുഷ്യനെ കൂട്ടു നിൽക്കുന്നതിന് കിട്ടുകയില്ല. ചെകുത്താനെ മാത്രമേ കിട്ടുകയുള്ളു. ഈ മന്ത്രിസഭയെ സംബന്ധിച്ചിടത്തോളം ഈ നാട്ടിലെ ജനങ്ങളുടെ മുഴുവൻ അണി നിരന്നിട്ടുണ്ട് എന്നുള്ളതു് ഒരു വസ്തുത യാണ്. ഈ ഗവൺമെൻറിനെതിരെയുള്ള അപവാദങ്ങളും യുദ്ധപ്രഖ്യാപന ങ്ങളും എല്ലാം ഈ ഗവൺമെൻറിനെ അട്ടിമറിക്കുവാൻ വേണ്ടിയാണ്. ഇവിടെ ശ്രീ. ഇ. എം. ജോർജ് പ്രസംഗിച്ചു 'ചോര, ചോര' എന്നു് പറഞ്ഞുകൊണ്ടു് രാജ്യമാകെ തളം കെട്ടിക്കിടക്കുന്ന ചോരയുടെ ബീഭൽസമായ ഒരു ചിത്രം അവതരിപ്പിക്കുവാൻ ശ്രീ. കുഞ്ഞമ്പു മാസ്റ്റർ പണിപ്പെടുകയുണ്ടായി. പക്ഷേ ഞാൻ നിങ്ങളോടു് പറയുകയാണു് നിങ്ങളുടെ നേതാവായ ശ്രീ. ഇ. എം. എസ്. കഴിഞ്ഞ 32 മാസം, അവിടെ വെടിവയ്പ്പും ലാത്തിച്ചാർജുകളും ലോക്കപ്പ് മർദ്ദനങ്ങളും ഒന്നും നടത്തിയിട്ടില്ലേ. ശ്രീമാൻ നമ്പൂതിരിപ്പാടിൻെറ പോലീസ്, പൂഞ്ഞാറിലെ ചെത്തു തൊഴിലാളികളെ നിർദ്ദയമായി മർദ്ദിച്ചില്ലേ. ശ്രീ. ഇ. എം. ജോർജിൻെറ മനസാക്ഷി എവിടെ പോയി മറഞ്ഞുഎന്നു് ഞാൻ ചോദിക്കുകയാണു്. ചേർത്തലയിലെ അന്തിക്കാട്ടെ പാവ പ്പെട്ട ചെത്തു തൊഴിലാളികളെ ഇ. എം. എസ്—ൻെറ പോലീസ് അടിച്ചവശരാക്കി അവരെ നിലം പതിപ്പിച്ചപ്പോഴും ഈ അച്ചുതാനന്ദനു് ഒന്നും അതേപ്പറ്റി പറയുവാനില്ലേ? തൃശൂരിലെ ചുമട്ടു് തൊഴിലാളികളെ ആലപ്പുഴ റബ്ബർ ഫാക്ടറിയിലെ തൊഴിലാളികളെ ഇ.എം.എസ്—ൻെറ പോലീസ് നിഷ്ഠൂര മായി മർദ്ദിച്ചപ്പോഴും മാർക്സിസ്റ്റ് പാർട്ടിയുടെ പ്രതിഷേധ ശബ്ദം എവിടെ പോയി. വെടിവയ്പ്പിനെപ്പറ്റി ധീരമായി ചോദിക്കുന്ന മാർക്സിസ് റ്റുകളെ, നിങ്ങളോടു് ഞാൻ ചോദിക്കുകയാണു് പാലാ റബ്ബർ ഫാക്ടറി യിലെ തൊഴിലാളികളെ തല്ലിയപ്പോഴൊന്നും മാർക്സിസ്റ്റ് പാർട്ടിയുടെ പ്രതിഷേധ ശബ്ദം പുറത്തു് കേട്ടില്ല. സർ, ഈ രാജ്യത്തു് ഈ നിലയിലുള്ള മർദ്ദനങ്ങളും നടന്നു. വെടിവയ്പ്പിനെ സംബന്ധിച്ചു് ധീരമായി പ്രസംഗിച്ച മാർക്സിസ്റ്റുകാരോടു് ഞാൻ ചോദിക്കുകയാണു് കുളമാവിൽ ഇ. എം. എസി ൻെറ പോലീസിൻെറ വെടിയേറ്റു് മരിച്ചു് വീണവരെക്കുറിച്ചു് എന്തു പറയുന്നു. പൂവ്വാറിലേയും വിഴിഞ്ഞത്തേയും മൽസ്യത്തൊഴിലാളികളെ ഇ. എം. എസിൻെറ പോലീസ് വെടിവച്ചില്ലേ? കാസർകോട്ടെ തൊഴിലാളികളെ വെടിവച്ചു് വീഴ് ത്തിയതിനെപ്പറ്റി സഖാവു് ഗൗരിക്കു് എന്തു് പറയുവാനുണ്ടു്. വെടിവയ്പ്പിൻെറ നഗ്നമായ ചിത്രം വരച്ചു കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

കഴിഞ്ഞ 32 മാസക്കാലത്തു് ക്രൂരമായ ഭരണം നടത്തിയ മാർക്സിസ്റ്റ് പാർട്ടിയാണു് ഇന്നു് ഇവിടെ മുഹമ്മദു് കോയയുടെ പോലീസ് നയങ്ങളെ സംബന്ധിച്ചിടത്തോളം വിമർശിക്കുന്നതു്. അച്ചുതമേനോൻ മന്ത്രിസഭയെ ക്കൊണ്ടു് വെടിവയ്പ്പിക്കും ലാത്തിച്ചാർജു് നടത്തിക്കും എന്നു് ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ ശപഥം പൂർത്തിയാക്കുന്നതിനു് ശ്രീ. ഇ. എം. എസ്. പാവപ്പെട്ട കുറെ ആളുകളെ പോലീസിൻെറ നിറതോക്കിൻെറ മുൻപിലേക്കു എറിഞ്ഞുകൊടുക്കുകയാണു്. അതിൻെറ ഉത്തരവാദിത്വം മറന്നു പോകരുതു്. അതിൻെറ ഉത്തരവാദിത്വം പ്രതിപക്ഷ നേതാവു് ശ്രീ.ഇ. എം. എസിനാണു്. കഴിഞ്ഞ 32 മാസക്കാലമായി തകർന്ന ക്രമസമാധാന നില പുനഃസ്ഥാപി ക്കുവാൻ ധീരമായ ഈ പോലീസ് നയം ആവിഷ്കരിച്ചതിൽ ഞാൻ ഈ ഗവൺ മെൻറിനെ അഭിനന്ദിക്കുകയാണു്. സർ, ഈ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തു് സുരക്ഷിതത്വം ഉണ്ടാകണം. നിയമങ്ങളും പാലി ക്കപ്പെടുന്നു. ഈ ഗവൺമെൻറിനെ അനുമോദിക്കുവാനല്ലാതെ എതിർക്കുവാൻ യാതൊരുവകയും കാണുന്നില്ല. ആസിഡു് ബൾബു് സി. എച്ചിൻെറ നേർക്കു് എറിയുകയുണ്ടായി. ഗവർണ്ണറുടെ കാറിൽ കല്ലെറിഞ്ഞപ്പോഴും സസ്പെൻറ് ചെയ്തു. പിന്നേയും അംഗത്വം നൽകി. ആറുമാസം കഴിഞ്ഞപ്പോഴും വീണ്ടും സസ്പെൻറ് ചെയ്തു. ഈ നാടകമൊക്കെ നിങ്ങളും മാറണം. സി. എച്ച്.

LIBRARY ARCHIVES Kerala Legislative Assembly

മുഹമ്മദ്കോയയുടെ നേർക്ക് ആസിഡ് ബോംബ് എറിഞ്ഞു. അദ്ദേഹത്തിന്റെ ജീവനെ അപകടപ്പെടുത്തിയോ ഞങ്ങളുടെ ഏതെങ്കിലും ഒരു മന്ത്രിയുടെ ദേഹത്തുതൊട്ടോ ഞങ്ങളുടെ ഏതെങ്കിലും ഒരു മാർക്സിസ്റ്റ് പാർട്ടിയുടെ വിജയ പതാക പാറിക്കാം എന്ന് ആശിക്കുന്നു എങ്കിൽ അതൊരു മൗഢ്യമാണ്. ഞാൻ നിങ്ങൾക്ക് താക്കീത് നൽകാൻ ആശിക്കുകയാണ്. ഈ കളി മുന്നോട്ട് കൊണ്ടുപോയാൽ നിങ്ങൾ പൊടുന്നനെ തകർന്നു പോകും. നിങ്ങൾക്കെതിരെ ജനരോക്ഷമാകുന്ന ഒരു ബോംബ് പൊട്ടുവാൻ പോകുകയാണ്. അത് പൊട്ടിയാൽ ഇന്ന് പ്രതിപക്ഷത്തേക്ക് മാറിയ ശുഷ്ക്കിച്ച അവശേഷിക്കുന്ന മാർക്സിസ്റ്റ് പാർട്ടി ഭസ്മമായി പോകും. സർ, 32 മാസംകൊണ്ട് ശ്രീ. ഇ. എം. എസിന് ചെയ്യാൻ കഴിയാതെ പോയത് ഗൗരിക്ക് ചെയ്യാൻ കഴിയാതെ പോയത് 32 ദിവസങ്ങൾ കൊണ്ട് നോക്കൂ ആ കസേരയിൽ ഇരിക്കുന്ന മന്ത്രിമാർ ചെയ്തു. ഇവരാണ് ജനകീയ മന്ത്രിമാർ. അതാണ് ഞാൻ പറയുന്നത് സുവർണ്ണ കാലഘട്ടമെന്ന്. ജൻമിത്വം അവസാനിപ്പിച്ചുകൊണ്ടുള്ള കാർഷിക നിയമം പ്രാബല്യത്തിൽ വരുത്തിയിരിക്കുകയാണ്. ട്രാൻസ്പോർട്ട് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തത് ഏറ്റവും വലിയ നേട്ടമല്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. ഈ രാജ്യത്ത് നടന്ന പട്ടയ വിതരണങ്ങൾ—അപവാദ പ്രചരണങ്ങളെ സംബന്ധിച്ചു പറയുമ്പോൾ വൈയ്ക്കത്ത് കിടങ്ങാപറമ്പിൽ മൂവിവിതരണം ചെയ്യുമ്പോൾ ശ്രീ. ഇ. എം. ജോർജ് പറയുന്നത്.....

ശ്രീമതി കെ. ആർ. ഗൗരി: പോയിന്റ് ഓഫ് ഓർഡർ. ഒരു ബിൽ അതിന്റെ മൂന്നാം വായനയിൽ തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ട ഒരാൾ ജൻമിത്വം അവസാനിപ്പിക്കാൻ എന്നു പറഞ്ഞു പുകഴ്ത്തുന്നത് ഓർഡറിലാണോ?

ശ്രീ. ബേബി ജോൺ: ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും ആ അവതരിപ്പിച്ച നിയമത്തിൽ അന്ന് മുഖ്യമന്ത്രിയായിരുന്ന ആൾ അതിനു ശേഷം ആ നിയമസഭയിൽ നിയമവിരുദ്ധമായ പലതും അറിഞ്ഞുകൊണ്ട് ചേർത്തിട്ടുണ്ട് എന്നു പറയുന്നത് ഓർഡറിലാണോ? ശ്രീമതി കെ. ആർ. ഗൗരി പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ട് സ്പീക്കർ ഒന്നും പറഞ്ഞില്ല.

ഡെപ്യൂട്ടി സ്പീക്കർ: ഇതൊന്നും പോയിന്റ് ഓഫ് ഓർഡറല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തിരിക്കുകയാണ്. അതു ഡിസ്പോസ് ചെയ്യുന്നതിനു മുൻപ് മറ്റൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ശരിയാണോ ?

ശ്രീ. കെ. എം. മാണി: സർ, എന്റെ സമയം.....

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്: പോയിന്റ് ഓഫ് ഓർഡർ പാസാക്കപ്പെട്ട നിയമം കോടതിയിൽ പോയാൽ ചെലവു ചെയ്തേക്കാൻ ഇടയുണ്ട്, ഇതാണ് അനുഭവം എന്നു പറയുന്നത് നിയമവിരുദ്ധമാണെന്നു പറയുന്നത് രണ്ടും ഒന്നാണോ?

ഡെപ്യൂട്ടി സ്പീക്കർ: ഇതൊന്നും പോയിന്റ് ഓഫ് ഓർഡർ അല്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ പറഞ്ഞത് രാജസ്ഥാൻ നിയമത്തിന്റെ കാര്യത്തിൽ ആ അനുഭവം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് കെ. എം. ജോർജിനെപ്പോലുള്ളവർ ഭരണഘടനാ വിരുദ്ധമാണെന്ന് പറഞ്ഞ സ്ഥിതിക്ക് അങ്ങനെ വരാൻ ഇടയുണ്ട് എന്നാണ്, എന്റെ അഭിപ്രായം പറഞ്ഞതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: സർ, ഒരു സബ്മിഷൻ:

ശ്രീ. കെ. എം. മാണി: സർ, ഈ സമയം കൂടി എനിക്ക് തരണം. അന്ന് കേരളാ കാൺഗ്രസ് എടുത്ത നിലപാട് കഴിഞ്ഞ നിമയസഭയിൽ അവതരിപ്പിച്ച ഭൂ പരിഷ്ക്കരണ നിയമത്തിന് ഞങ്ങളുടെ ദൃഷ്ടിയിൽ ഭരണഘടനാ വിരുദ്ധമെന്നു തോന്നിയ ചില വകുപ്പുകളെ സംബന്ധിച്ചിടത്തോളം ഭരണ ഘടനാ വിരുദ്ധമാണെന്നു പറഞ്ഞപ്പോൾ ശ്രീമതി ഗൗരിയമ്മ പറഞ്ഞു ഈ ബില്ലിൽ ഭരണഘടനാ വിരുദ്ധമായി യാതൊന്നും ഇല്ലെന്ന്. ഭരണഘടനാ പരമായ പരിരക്ഷ ഉണ്ടെന്നാണ്. അതിനെ സംബന്ധിച്ച് ശ്രീ. ഇ. എം. എസിന്റെ പ്രസ്താവന ഞാൻ ഇൻഡ്യൻ എക്സ്പ്രസിൽ നിന്ന് ഉദ്ധരിക്കുകയാണ്.

Letters to the Editor: 'Another correspondent recalled that it was Mr. Namboothiripad who headed the Government when this land-law was passed. What steps did you contemplate to deal with constitutional objection' he was asked.

Shri E. M. S. Namboothiripad: I know even then there was no ghost of chance of legally implementing this Bill.

അതായത് കാൺസ്റ്റിറ്റ്യൂഷണലായിട്ട് ഈ നിയമം നടപ്പിലാക്കാൻ ഉള്ള യാതൊരു നിയമ സാധുത പ്രയാസവും ഇല്ലെന്നു പറഞ്ഞാൽ ഭരണഘടനാ വിരുദ്ധമായ വകുപ്പാണോ അത് എന്നാണ് എനിക്കു ചോദിക്കുവാനുള്ളത്. കണ്ണടച്ച് ഇരുട്ടാക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. പ്രസംഗം ഈ നിയമസഭയിൽ അദ്ദേഹം വായിക്കുന്നതിനു മുമ്പ് പ്രസംഗത്തെ സംബന്ധിച്ചിടത്തോളം എന്റെ പാർട്ടിയിൽ നിന്ന് മുഖ്യമന്ത്രി സഖാവ് അച്യുത മേനോന് ഒരു അഭിപ്രായം എഴുതിക്കൊടുത്തിട്ടുണ്ടായിരുന്നു; ഈ പ്രസംഗം മലയാളത്തിലായിരിക്കണം ഈ പ്രാവശ്യം ഇവിടെ നടത്തേണ്ടത് എന്നു ഞങ്ങളാവശ്യപ്പെട്ടിരുന്നു. മലയാളത്തിലായിരിക്കണമെന്നത് ഈ നിയമസഭയിൽ എസ്. എസ്.പി.യെ സംബന്ധിച്ച് ആദ്യമായി പറയുന്ന കാര്യമല്ല. ഇതിനു മുൻപ് തന്നെയും ഇവിടെ ഔദ്യോഗികഭാഷാനിയമ നിർമ്മാണ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ ഞങ്ങൾ വളരെ വ്യക്തമായ ഭേദഗതികൾ അവതരിപ്പിക്കുകയുണ്ടായി. എസ്.എസ്.പി. യിലെ അംഗങ്ങളെല്ലാം മാത്രമല്ല കമ്മ്യൂണിസ്റ്റ് സാമാജികൻമാരും കാൺഗ്രസ് നിയമസഭാസാമാജികൻമാരും മറ്റെല്ലാ നിയമസഭാ സാമാജികൻമാരും മലയാളത്തിൽ മാത്രമായിരിക്കണം എന്നുള്ള അഭിപ്രായത്തിൽ ഉറച്ചുനിൽക്കുകയാണു ചെയ്തത്. ഞാൻ ഇതുപറയുമ്പോൾ.....

ശ്രീ. ബി. മാധവൻ നായർ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. 1967 മുതൽ രണ്ടര കൊല്ലം ഇവിടെ അധികാരത്തിലിരുന്ന ഗവൺമെന്റിന്റെ കാലത്ത് ഈ സഭയിൽ ഗവർണ്ണർ ചെയ്ത പ്രസംഗങ്ങൾ ഇംഗ്ലീഷിലായിരുന്നപ്പോൾ മൗനം ദീക്ഷിക്കുകയും അതിനുശേഷം ഇപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തെ സംബന്ധിച്ച് പ്രത്യേകമായ ഒരു ഭാഷാ നയം മനസാക്ഷിക്കു വിരുദ്ധമായി അവതരിപ്പിക്കുകയും ചെയ്യുന്നത് ആർഡറിലാണോ?

ഡെപ്യൂട്ടി സ്പീക്കർ: അതിൽ പോയിന്റ് ഓഫ് ആർഡർ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. പി. രാഘവപ്പൊതുവാൾ: സർ, പോയിന്റ് ഓഫ് ആർഡർ ഇല്ലാതെ പോയിന്റ് ഓഫ് ആർഡർ ഉന്നയിക്കുന്നു ശരിയാണോ?

ഡെപ്യൂട്ടി സ്പീക്കർ: ഉന്നയിക്കുന്നതിന് എന്തുചെയ്യാനാണ്?

ശ്രീ പി. കെ. കുഞ്ഞച്ചൻ: റൂൾസ് ഓഫ് പ്രൊസീഡിയറിൽ ഉണ്ട്, വായിച്ചു മനസ്സിലാക്കണം.

ഡെപ്യൂട്ടി സ്പീക്കർ: മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് പറയുന്നത്. എന്നെയല്ല കുറ്റപ്പെടുത്തേണ്ടത്. ശ്രീ ശിവരാമഭാരതിക്കു തുടരാം.

ശ്രീ കെ. എ. ശിവരാമഭാരതി: ബഹുമാനപ്പെട്ട മെംബർ ശ്രീ മാധവൻ നായർ ഇന്നു വേറെ പാർട്ടിയെ ആണ് പ്രതിനിധാനം ചെയ്യുന്നതെങ്കിലും കഴിഞ്ഞകാലങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാം മറന്നുപോയതിൽ എനിക്കു സങ്കടമുണ്ട്. എസ്. എസ്. പി. യിൽ കുറേക്കാലം ഉണ്ടായിരുന്നയാൾ എന്നുള്ള നിലയ്ക്ക് ഭാഷയെ സംബന്ധിച്ചു എടുത്ത നിലപാട് അനുസരിച്ച് മറിച്ച് ഒരു തരത്തിലും വിശ്വസിക്കാനും ചിന്തിക്കാനും സാധ്യമല്ല എന്നുള്ളതു വ്യക്തമാണ്. നിയമസഭാതലത്തിൽ നിന്നുകൊണ്ടുതന്നെ, മലയാളം ഭരണഭാഷയായി, ഈ രാജ്യത്ത് എല്ലാ നടപടികൾക്കും ഉപകൊള്ളുക്കണമെന്നതിനെസംബന്ധിച്ച് വളരെ ശക്തിയായി ഞങ്ങളുടെ ഭാഗത്തു നിന്ന് ഉന്നിപറഞ്ഞിട്ടുള്ളതാണ്. അക്കാര്യം ആദ്യമായി ഇപ്പോൾ ഉന്നയിച്ചതല്ല. കഴിഞ്ഞ പ്രാവശ്യം പല അംഗങ്ങളും സംസാരിച്ചപ്പോൾ ഊന്നിപ്പറഞ്ഞിട്ടുണ്ട്. മാത്രമല്ല കഴിഞ്ഞ പ്രാവശ്യം, ഞാൻ നേരത്തെ പറഞ്ഞമാതിരി, ഭാഷാ ഭേദഗതിബിൽ വന്നപ്പോൾ അമെൻഡ്മെന്റു കൊടുത്തിട്ടുണ്ട്. അമെൻഡ്മെന്റ് പ്രസ്സുചെയ്തിട്ടുണ്ട് എന്നും ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ഗവർണ്ണർ പ്രസംഗിച്ചപ്പോൾ ഉന്നയിക്കാതെ ഈ പ്രാവശ്യം ഉന്നയിച്ചുകൂടാ എന്നു പറയുന്നതിൽ എന്തു ന്യായീകരണമാണുള്ളതു് എന്ന് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. എസ്. എസ്. പി. യെ സംബന്ധിച്ചിടത്തോളം ഉറച്ച അഭിപ്രായമാണിത്. പൊതുരംഗത്ത് ഇംഗ്ലീഷിന്റെ ഉപയോഗം ഇല്ലായ്മചെയ്യണം. താത്വികമായിത്തന്നെ പലകാര്യങ്ങളും ഇതിനെസംബന്ധിച്ച് സംസാരിക്കാനുണ്ട്. ഇംഗ്ലീഷ് നിലനിൽക്കുന്നതുകൊണ്ട് എന്താണ് സ്ഥിതി വിശേഷങ്ങൾക്കു മാറ്റം വരികയെന്നുള്ളതിന്റെ ഇതിനു വളരെ നീണ്ട ഒരു ചരിത്രം ഉണ്ട്. ഭാഷയും അതുപോലുള്ള മറ്റു പ്രത്യേക കാര്യങ്ങളും ഈ രാജ്യത്തെ ഭരണസംവിധാനത്തിൽ വളരെയധികം ഇൻഫ്ളുവൻസ് ചെലുത്തിയിട്ടുള്ളതിന്റെ ഫലമായി പ്രത്യേകിച്ച് പല വിഷമങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്.

ശ്രീ. ബേബി ജോൺ: ശ്രീ ശിവരാമഭാരതി ഭാഷയെക്കുറിച്ചുപറയുമ്പോൾ ഒരു കാര്യം. എസ്., എസ്. പി. യുടെ നേതാവു പ്രസംഗിച്ചപ്പോൾ സി. പി. ഐ. യും ഇന്ദിരാഗാന്ധിയും കൂടിയുള്ള ഗൂഢാലോചനകൊണ്ടാണ് ഈ ഗവൺമെന്റുണ്ടായതാണെന്നും അതുകൊണ്ട് ഗവർണ്ണറുടെ പ്രസംഗത്തെ അംഗീകരിക്കാൻസാധ്യമല്ലെന്നും പറയുകയുണ്ടായി. അതാണു വാദഗതിയെങ്കിൽ ഗവർണ്ണറുടെ പ്രസംഗം മലയാളത്തിലായിരിക്കണമെന്ന ഭേദഗതി എങ്ങനെ പ്രസക്തമാകും? അംഗീകരിക്കുകയില്ലെന്ന് ഒരു ഭാഗത്തു പറയുകയും അംഗീകാരമില്ലാത്ത പ്രസംഗം മലയാളത്തിലായിരിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്യുന്നത് പരസ്പരവിരുദ്ധമല്ലേ ?

ശ്രീ. കെ. എ. ശിവരാമഭാരതി: അത്രവലിയ വൈരുദ്ധ്യം ഒന്നും കാണേണ്ടതില്ല. എസ്. എസ്. പി.യെ സംബന്ധിച്ചിടത്തോളം അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നയപരിപാടികളിൽ വളരെ പ്രാമുഖ്യം വഹിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. വ്യക്തമായ അഭിപ്രായം ഇക്കാര്യത്തിൽ ഇന്നും എസ്. എസ്. പി. വച്ചുപുലർത്തുകയാണ്. ഞങ്ങൾ എഴുതി അയച്ചിട്ടുള്ള കത്തിന് മുഖ്യമന്ത്രിയിൽനിന്നു ഒരു മറുപടിപോലും ലഭിച്ചിട്ടില്ല. വാസ്തവം പറഞ്ഞാൽ, ഇതു ഒരു പ്രതിപക്ഷ കക്ഷിയോടു കാണിക്കുന്ന ഒരു നല്ല സമീപനമാണോ എന്നു ഞാൻ ചോദിക്കുകയാണ്. ഏതെങ്കിലും വിധത്തിലുള്ള കാരണങ്ങൾകൊണ്ട് അതിനെപ്പറ്റി ആലോചിക്കാൻസാധിച്ചില്ലെങ്കിൽ സാധിച്ചില്ലെന്നുള്ള വിവരമെങ്കിലും കാണിച്ച് മറുപടി അയയ്ക്കാൻ മുഖ്യമന്ത്രിക്കു സാധിച്ചില്ല. ആ വിധത്തിൽ, നന്ദിപ്രമേയത്തെ അനുകൂലിക്കുമെന്നു പ്രതീക്ഷിക്കാൻസാധിക്കാത്ത സാഹചര്യത്തിൽ നന്ദിപ്രമേയത്തെ അനുകൂലിച്ചു വോട്ടുചെയ്യുമെന്നു പ്രതീക്ഷിച്ചാൽ അത് എത്ര കണ്ടു ശരിയാകും? ഇതാണ് എസ്. എസ്. പി. എടുത്തിട്ടുള്ള നയം. അതു വളരെ വ്യക്തമാണ്. എസ്. എസ്. പി. ഒരുതരത്തിലുള്ള വിട്ടുവീഴ്ചയ്ക്കും തയ്യാറില്ല. വ്യക്തമായി പറഞ്ഞാൽ, ഇത്തരത്തിലുള്ള നയപരിപാടികളും തുടർന്നു നടത്തിയാൽ എസ്. എസ്. പി. കുറേക്കൂടി ശക്തമായ നിലപാടു സ്വീകരിക്കുമെന്നുപറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഒരു ചോദ്യം.

ശ്രീ കെ. എ. ശിവരാമഭാരതി: ഇതു കഴിഞ്ഞിട്ടാകാം.

ഒരു സംസ്ഥാനത്തിലെ ഗവർണ്ണറായി വരുന്ന ആളുകളെ സംബന്ധിച്ച് എനിക്ക് അഭിപ്രായമുള്ളത് അവർ ആ സംസ്ഥാനത്തിലെ ഭാഷ അറിയാവുന്നവരായിരിക്കണം എന്നാണ്. അങ്ങനെയുള്ള നിലയിൽമാത്രമേ ഒരു സംസ്ഥാനത്ത് ഗവർണ്ണറെ നിയമിക്കാൻപാടുള്ളൂ എന്നുള്ള വ്യക്തമായ നിലപാട് കേന്ദ്രഗവൺമെൻറ് സ്വീകരിക്കേണ്ടതാണ്. സംസ്ഥാനഗവൺമെൻറുകളുടേതായ നയങ്ങളാണ് ഗവർണ്ണർമുഖാന്തിരം ജനങ്ങളുടെ മുൻപിൽ വയ്ക്കപ്പെടുന്നത്. സംസ്ഥാനഗവർമെൻറിൻെറ നയങ്ങൾ ജനങ്ങളുടെ മുൻപിൽവയ്ക്കുന്ന അവസരത്തിൽ ജനങ്ങളോടു ബന്ധമുള്ള ഒരു ഭാഷയിൽ സംസാരിക്കണമെന്നു പറയുന്നതിൽ എന്ത് അസാംഗത്യമാണുള്ളത്? ആ നിലപാട് അംഗീകരിക്കുന്നതിന് ഭരണകക്ഷിയിലുള്ള ആളുകൾക്ക് എന്തുകൊണ്ട് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടുകൂടാ ? ഗവർണ്ണർ ശ്രീമാൻ വിശ്വനാഥൻ ഈ സന്ദർഭത്തിൽ അതു ചെയ്തില്ലെങ്കിൽ, നിശ്ചയമായിട്ടും ഇനി നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ ഒന്നുകിൽ മലയാളത്തിൽ പ്രസംഗിക്കാൻ സാധിക്കണം അല്ലെങ്കിൽ, അതിനു തയ്യാറില്ലെങ്കിൽ ഗവർണ്ണറായി വച്ചിരിക്കുകയില്ല എന്നു ഭരണകക്ഷി തുറന്നു പറയണം. അതു നിങ്ങൾ ചെയ്യുമോ? എങ്കിൽ അതു വളരെ സ്വാഗതാർഹമായ ഒരു കാര്യമായിരിക്കും.

വളരെയധികം സങ്കീർണ്ണങ്ങളായ സംഗതികളെസംബന്ധിച്ച് വളരെയധികം പ്രസംഗങ്ങൾ നടന്നു. ഗവർണ്ണർ പ്രസംഗംചെയ്ത സന്ദർഭത്തിൽ നന്ദിപ്രമേയത്തിലൂടെ ഒരു വിശ്വാസപ്രമേയം അവതരിപ്പിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ.....

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഗവർണ്ണർ ഏതു ഭാഷയിലാണ് പ്രസംഗിച്ചതെന്നു നിങ്ങളാരെങ്കിലും കേട്ടോ? ബഹളം കൊണ്ട് വല്ലതും കേൾക്കാൻ കഴിഞ്ഞോ?

ശ്രീ. കെ. എ. ശിവരാമഭാരതി: ഗവർണ്ണർ പ്രസംഗിച്ചതു കേൾക്കാൻ കഴിഞ്ഞില്ലെങ്കിലും വായിക്കുന്നതിനു കഴിഞ്ഞു. പ്രസംഗത്തിൻെറ കോപ്പി മെമ്പർമാർക്കെല്ലാം വിതരണം ചെയ്തപ്പോൾ വായിച്ചുപഠിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. ഇക്കാര്യത്തിൽ വളരെ വ്യക്തമായ അഭിപ്രായം ഞാൻ ഇവിടെ രേഖപ്പെടുത്താനാഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ ഗവർണ്ണരുടെ നയ പ്രഖ്യാപനപ്രസംഗത്തെസംബന്ധിച്ചിടത്തോളം പറയുമ്പോഴും എന്റെ പാർട്ടി യെസംബന്ധിച്ചിടത്തോളം ഗവർണ്ണർ രൂപീകരിച്ചു.....69 മെമ്പർമാർ അപ്പുറത്ത് കഴിഞ്ഞ മന്ത്രിസഭ തകർന്ന അവസരത്തിൽ ഉണ്ടായിരുന്നു. 69 മെംബർമാർ അപ്പുറത്തുണ്ടായിരിക്കുമ്പോഴും 69 മെമ്പർമാർക്ക്....ഗവൺമെൻറിനെ മറിച്ചിട്ടയാളുകൾക്ക് മന്ത്രിസഭ രൂപീകരിക്കാനുള്ള സാഹചര്യം.....

ശ്രീ. ജോസഫ് ചാഴിക്കാടൻ: ആരു മറിച്ചിട്ടു? രാജിവച്ച് ഇറങ്ങിപ്പോയതല്ലേ? ആരെങ്കിലും ഇവിടെ അവിശ്വാസപ്രമേയം കൊണ്ടുവന്നോ? എന്തെങ്കിലും ചെയ്തോ?

ശ്രീ. കെ. എ. ശിവരാമഭാരതി: രാജിവയ്ക്കാനുണ്ടായ സാഹചര്യമുണ്ടായത് എല്ലാവർക്കുമറിയാം. രാജിവച്ചശേഷമുള്ള സാഹചര്യമാണ് പറയുന്നത്. അതിനുശേഷം ഈ 69 മെമ്പറൻമാർക്ക് അങ്ങനെയുള്ള അഭിപ്രായം ഉണ്ടെങ്കിൽ ഞങ്ങൾ അതിനു തടസ്സമായിരുന്നില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ വ്യക്തമായ അഭിപ്രായം ഞങ്ങൾ അന്നു തന്നെ രേഖപ്പെടുത്തി. ഗവൺമെൻറിൽ പങ്കാളിയാകേണ്ട എന്നു അന്നുതന്നെ തീരുമാനിച്ചു. ഈ ഗവൺമെൻറിന്റെ പ്രവർത്തനങ്ങൾ എങ്ങനെയായിരുന്നാലും കാർഷികപരിഷ്കരണനിയമത്തെ സംബന്ധിച്ചിടത്തോളം, അതിന്റെ നടപടികളെസംബന്ധിച്ച് എത്രയും എളുപ്പം ഇക്കാര്യത്തിൽ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. അങ്ങനെയുള്ള നടപടികൾ ഉണ്ടാകേണ്ട കാര്യത്തിൽ എന്തെല്ലാം സഹകരണങ്ങൾ ഞങ്ങളുടെ ഭാഗത്തുനിന്നു വേണമോ അതെല്ലാം നിശ്ചയമായും ഉണ്ടായിരിക്കുമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. കാർഷികപരിഷ്കരണനിയമം ഒരാളുടെ നിയമമല്ല. ഇന്ന് ഇപ്പുറത്തിരിക്കുന്ന, അന്ന് അപ്പുറത്തിരിക്കുന്ന, മെംബർമാർകൂടി യോജിച്ചാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. മാത്രമല്ല ഇത് അവതരിപ്പിച്ചയാൾ പോലും ഇപ്പുറത്താണിരിക്കുന്നത്. ഈ നിയമം നടപ്പിൽവരുത്താൻ എന്തെല്ലാം സഹായസഹകരണങ്ങൾ ഈ ഭാഗത്തുനിന്നു വേണമോ അതെല്ലാം നൽകാൻ എല്ലാവരും തയ്യാറാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല.

Shri K. Mahabala Bhandari: Sir, I rise to support the motion of thanks to the Governor's Address. Sir, myself and the Hon. Member from Kasaragod have been the victims of a very malicious propaganda consequent on our support to the Resolution of October 24th. Of course we have explained our stand and I do not want to deal with it at length. The people in this State want a good Government, and so do we, the people living in the northern part of the State, wish that we should have a very good Government. Our Taluk, Kasaragod Taluk is a God-forsaken place. It was forsaken by everybody, including all successive Governments whatever party they belonged to. Now it is admitted by everybody and all the representatives of the Government that this is a most backward area. But except lip sympathy nothing was being done. Now of course, this is a very long story to narrate and I don't want to go into the details. I may suggest to the Government to constitute a Committee of responsible Government officials or Members of this Legislature to go to that Taluk and study the conditions prevailing in

LIBRARY ARCHIVES Kerala Legislative Assembly

the Taluk and satisfy themselves about the backwardness of the area and make a report to the Government. It would be the 'unkindest cut of all' Sir, if nothing is done to that God-forsaken area, if it is allowed to continue like that. I only request this Government that some sincere efforts should be taken by this Government to improve the conditions of the Kasaragod Taluk.

Besides the question of development, various other problems are also facing that area—the problem of linguistic minorities and all that.

Now so far as what has taken place in this House, I cannot but express my deep sense of sorrow about what has been done on that day. It was very unbecoming of a House like this and particulary the Kerala Legislative Assembly that has kept up a very high tradition so far. I only wish that wise counsel will prevail upon the concerned people, the Members, not to repeat the history hereafter.

Regarding the question of law and order, of course, people want to live in peace in the State and that is the desire which we can see throughout the State. And of course, I am sorry Mr. Kunhambu, the hon. Member from Nileswar has placed a distorted version about some incidents that have taken place in the Kasargod Taluk, some incidents he has referred to. But what has taken place is entirely a different story altogether. Of course, I am not referring to the details of that case because, both regarding the incidents in Manjeswar and the incident in Kasargod,—the matters are before a Court of Law, I should think it may not be fair on my part to deal with the details. But one thing I may refer especially. In my constituency there is a village by name Paivalike, and in that village, Sir a large number of people, more than 350 people, on a particular day, they had organised themselves and they wanted to loot a particular man's house and then created panic and scare everywhere and this culminated in all sorts of unlawful things including cutting the nose of a school-teacher, Sir I am not exaggerating this is rather painful. The teacher is there in the Kasargod Hospital, his nose is cut off by the Marxists. Is this justifiable? The people who have justified the attack on the Home Minister would also justify this. In the interest of our State, in the interest of humanity I say, Sir, that such things should be stopped at all costs.

ശ്രീ. ബേബിജോൺ: സർ, ബഹുമാനപ്പെട്ട പി. ആർ. കുറുപ്പ് അവതരിപ്പിച്ച കൃതജ്ഞതാപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഈ പ്രമേയത്തെ എതിർത്തുകൊണ്ടും അതിനു ഭേദഗതികളും അവതരിപ്പിച്ചുകൊണ്ടും ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും പ്രധാനമായും രണ്ടു കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ഒന്ന്, ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന സ്ഥിതിഗതികളെക്കുറിച്ചും അതിനു ഭൂരിപക്ഷമുണ്ടോയെന്നുള്ള സംശയത്തെക്കുറിച്ചും. മറെറാന്ന് രൂക്ഷമായ പോലീസ് മർദ്ദനത്തെക്കുറിച്ച്. ഭൂരിപക്ഷമുണ്ടോ ഇല്ലയോയെന്ന് നാം ഇപ്പോൾ ഒരു വാദപ്രതിവാദം നടത്തേണ്ട കാര്യമില്ല. കഷ്ടിച്ച് അൽപ്പസമയത്തിനുള്ളിൽ അത് അറിയാം. എങ്കിലും ഈ ഗവൺമെൻറ് രൂപംകൊണ്ട സാഹചര്യത്തെക്കുറിച്ച് ഒന്നുരണ്ട് വാക്കുകൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരു ഗവൺമെൻറ്, ശ്രീ. നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിൽ ഒരു ഗവൺമെൻറ് ഇവിടെ ഉണ്ടായിരുന്നത് എങ്ങനെപോയി, ആരാണ് അതിന് ഉത്തരവാദിയെന്നുള്ളതിൻെറ വിശദമായ ചർച്ചയിലേക്ക് ഞാനിപ്പോഴം കടക്കുന്നില്ല. എങ്കിലും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം ഐക്യമുന്നണിയെ സംബന്ധിച്ച കാഴ്ചപ്പാടും, ഐക്യമുന്നണിയെന്തിനുവേണ്ടിയെന്ന കാര്യത്തെക്കുറിച്ചും അവരുടെ വ്യക്തമായ അഭിപ്രായം അറിയണമെന്ന് ആഗ്രഹമുണ്ട്. ഈ രാജ്യത്തെ അധ്വാനിക്കുന്ന ജനവിഭാഗത്തെയും തൊഴിലാളിവർഗ്ഗത്തെയും സംഘടിപ്പിച്ച് പുരോഗമന ശക്തികളെയും കൂട്ടിയിണക്കിക്കൊണ്ട് മുതലാളിത്തത്തിനും ജൻമിത്തത്തിനും എതിരായി സമരം ചെയ്യാനുള്ള ഒരു സമരസംഘടനയായിട്ടാണ് എൻെറ പാർട്ടി ഐക്യമുന്നണിയെ കാണുന്നത്. ചില ഘട്ടത്തിൽ ചില സംസ്ഥാനങ്ങളിൽ ഐക്യമുന്നണി ഭരണകക്ഷിയായിത്തീരുമെന്നുള്ള തിപ്പുറത്ത് മുതലാളിത്തത്തിനും ജൻമിത്തത്തിനുമെതിരായി സമരം ചെയ്യാനുള്ള ഒരു സമരസംഘടനയായിട്ടാണ് ഞങ്ങളം ഐക്യമുന്നണിയെ കാണുന്നത്. മാർക്സിസ്റ്റു പാർട്ടിയും ആ രീതിയിൽ കാണുമെന്നാണ് എൻെറ വിശ്വാസം. അങ്ങനെയാണെങ്കിൽ ആ ഐക്യമുന്നണിയെ തകർക്കാനുള്ള സാഹചര്യം ഒഴിവാക്കാനുള്ള ബാധ്യത എല്ലാ പാർട്ടികൾക്കും ഉണ്ടായിരുന്നില്ലേ? വിശേഷിച്ചും മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിക്ക് ഉണ്ടായിരുന്നില്ലേയെന്നു ഞാൻ ചോദിക്കുകയാണ്. ബഹുമാന്യനായ ഇ. എം. എസ്. നമ്പൂതിരിപ്പാട് ജർമ്മനിയിൽനിന്നു ചികിൽസ കഴിഞ്ഞു മടങ്ങിയെത്തിയ അവസരത്തിൽ, അദ്ദേഹത്തിൻെറ അഭാവത്തിൽ ഈ സംസ്ഥാനത്ത് നടന്ന ചിലകാര്യങ്ങളെസംബന്ധിച്ച് ഞാനും മറ്റു ചില ആളുകളും അദ്ദേഹത്തോടു നിവേദനം നടത്തി. ശ്രീ. മജീദും വേറെചിലയാളുകളും എന്നോടൊപ്പം ഉണ്ടായിരുന്നു. ഐക്യമുന്നണിയെ നിലനിറുത്തുന്നതിനു വേണ്ടി നേതാവെന്ന നിലയിൽ അങ്ങ് ഒരു സമ്മേളനം വിളിച്ചുകൂട്ടി ഇന്നുള്ള അഭിപ്രായവ്യത്യാസങ്ങളം പറഞ്ഞു തീർക്കാൻ ശ്രമിക്കണമെന്നു ഞങ്ങളാവശ്യപ്പെട്ടു. അതിന് അദ്ദേഹം പറഞ്ഞ മറുപടി, ഇപ്പോഴൊന്നും പറയാൻ നിവൃത്തിയില്ല, എൻെറ പാർട്ടിയുമായി കൂടിയാലോചിച്ച് കമ്മിറ്റികൂടി അതിൻെറ തീരുമാനമനുസരിച്ച് അറിയിക്കാമെന്നു പറഞ്ഞു. അതു കഴിഞ്ഞ് നമ്മുടെ രാജ്യത്ത് എന്തുണ്ടായി? ഞങ്ങൾക്കൊന്നും പറയാനില്ല, എനിക്കു ഒന്നും പറയാനില്ല, നിങ്ങൾക്കാർക്കെങ്കിലും എന്തെങ്കിലും പറയാനുണ്ടെങ്കിൽ നിങ്ങൾ പറയുന്നതു കേൾക്കാൻ വിരോധമില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഐക്യമുന്നണിയുടെ നേതാവെന്നനിലയിൽ ഐക്യമുന്നണിയെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹംകൊണ്ട് പറഞ്ഞപ്പോൾ മാർക്സിസ്റ്റുപാർട്ടിയുടെ സമുന്നതനേതാവായ ഇ. എം. എസ്. പറഞ്ഞ മറുപടി, നിങ്ങളോട് ഞങ്ങൾക്കൊന്നും പറയാനില്ല, എനിക്കൊന്നും പറയാനില്ല, നിങ്ങൾക്കു വല്ലതും പറയാനുണ്ടെങ്കിൽ ഞാൻ കേൾക്കാമെന്നാണ്, അതിനിടയിൽ നടന്ന സംഭവങ്ങളെക്കുറിച്ച് ഒന്നും ഞാൻ പറയുന്നില്ല. ടി. വി. തോമസ്സിനേയും എം. എൻ. ഗോവിന്ദൻനായരെയും പി. ആർ. കുറുപ്പിനെയും അന്വേഷണ വിധേയമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞതിനുശേഷം 18–ാം തീയതി എൻെറ പാർട്ടിയുടെ നേതാവായ ശ്രീ. ത്യദീപ്കുമാർ ചൗധരിയും ടി. കെ. ദിവാകരനും ഞാനുമായി ശ്രീ. എ. കെ. ഗോപാലനേയും ശ്രീ. സുന്ദരയ്യയേയും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിനെയും എ. കെ. ഗോപാലൻെറ വീട്ടിൽ ചെന്നു കണ്ടു. ഞങ്ങളപേക്ഷിച്ചു, ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിൻെറ താൽപ്പര്യങ്ങളം സംരക്ഷിക്കുവാൻ ആവശ്യമായ ഐക്യമുന്നണി നിലനിറുത്തുന്നതിനുവേണ്ടി പരസ്പരം വിട്ടുവീഴ്ചകൾക്ക് തയ്യാറായി യോജിപ്പോടുകൂടി മുന്നോട്ടു പോകണമെന്ന്. രണ്ടു മൂന്നു മണിക്കൂർ നേരം അടിയന്തിരമായ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച നടത്തി. പക്ഷേ ഒരു യോജിപ്പിലെത്താൻ സാധ്യമല്ലാതെ വന്നു. ഐക്യമുന്നണിനേതാവെന്നുള്ള നിലയിൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഒരു സമ്മേളനം വിളിച്ചു കൂട്ടാൻ തയ്യാറായില്ലെന്ന ദുഃഖസത്യം അവശേഷിക്കുകയല്ലേയെന്നു ഞാൻ ചോദിക്കുകയാണ്. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭ രാജിവച്ചതിന്റെ പിറ്റേദിവസം ഐക്യമുന്നണിയെ നിലനിറുത്തണമെന്ന ആഗ്രഹംകൊണ്ട് എന്റെ പാർട്ടിയുടെ നേതാവായ ശ്രീകണ്ഠൻനായരും ഞാനുമായി നമ്പൂതിരിപ്പാടിന്റെ വീട്ടിൽ ചെന്ന് ഈ ഐക്യമുന്നണിയെ പുനരുജ്ജീവിപ്പിക്കുന്നതിനു പരമാവധി പരിശ്രമിക്കണമെന്നു ഞങ്ങളം ആവശ്യപ്പെട്ടു. അതിന് അദ്ദേഹം ഞങ്ങളോടു പറഞ്ഞ മറുപടി, അദ്ദേഹം പാർട്ടിയുടെ സെൻട്രൽകമ്മിറ്റിക്കു പോകുന്നു അതുകഴിഞ്ഞിട്ട് അറിയിക്കാമെന്നാണ്. അതിൽ ഞങ്ങൾക്ക് വിരോധമില്ല. ഒരു പാർട്ടിയുടെ നേതാവെന്നനിലയിൽ അദ്ദേഹം ഈ കാര്യം അദ്ദേഹത്തിന്റെ പാർട്ടിയുടെ സെൻട്രൽ കമ്മിറ്റിയുമായി ആലോചിക്കണമെന്നുള്ളത് ഒരു സാമാന്യതത്വം മാത്രമാണ്. പക്ഷേ ഐക്യമുന്നണിയ നിലനിറുത്തണമെന്ന ആത്മാർത്ഥമായ ആഗ്രഹംകൊണ്ട് ഒരു കൊച്ചുപാർട്ടിയിൽപ്പെട്ട ഞങ്ങൾ സമർപ്പിച്ച നിർദ്ദേശത്തെ അദ്ദേഹം കൽക്കട്ടയിൽ ചെന്നിറങ്ങിയ ഉടനെതന്നെ നടത്തിയ ഒരു പൊതുയോഗത്തിൽ വച്ചു പുകഴിച്ച്, ആക്ഷേപിച്ച് പ്രസംഗിക്കുകയാണു ചെയ്തതെന്ന വസ്തുത ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇപ്പോഴെങ്കിലും ഓർക്കണമെന്നു ഞാൻ പറയുകയാണ്. ഐക്യമുന്നണിയെ ബോധപൂർവ്വം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വൻപാർട്ടിമേധാവിത്വംകൊണ്ട് ജൻമിത്വമനോഭാവംകൊണ്ട് കരുതിക്കൂട്ടി തകർത്തിട്ട് ഇന്നൊരു ഗവൺമെന്റ് ഉണ്ടായപ്പോൾ അതിന്റെ ഉൽഭവത്തെക്കുറിച്ചും അതിന്റെ സാഹചര്യത്തെക്കുറിച്ചും ചോദ്യംചെയ്യുന്നതു ശരിയാണോ? അതിന്റെ അർത്ഥം മാർക്സിസ്റ്റ് പാർട്ടിയല്ലാതെ മറ്റൊരു പാർട്ടിയും ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടാക്കാൻ പാടില്ലെന്നാണ്.

[Shri K. Moideenkutty Hajee in the Chair]

ഞങ്ങളുടെ പാർട്ടി പറഞ്ഞുപൂർണ്ണമായ പിൻതുണ തരാം, ഒരു ഗവൺമെന്റ് ഉണ്ടാക്കണമെന്ന്. എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാലും ശരി, എന്തെല്ലാം താൽപ്പര്യങ്ങൾ ഉണ്ടെങ്കിലും ശരി, നിങ്ങളൊരു ഗവൺമെന്റ് ഉണ്ടാക്കുക, അന്നുമിന്നും നിങ്ങളുടെ കൂടെ നിൽക്കുന്ന എസ്. എസ്. പിയും എല്ലാം കൂടി ചേർന്ന് ഒരു ഗവൺമെന്റ് ഉണ്ടാക്കുക, ഞങ്ങൾ പിൻതുണ നൽകാമെന്നു പറഞ്ഞു. പ്രസിഡൻറ്ഭരണം എന്നു പറഞ്ഞാൽ കേന്ദ്രത്തിലെ കോൺഗ്രസ്സ് ഭരണമാണ്, ഉദ്യോഗസ്ഥൻമാരുടെ ഭരണമാണ്, അതു ഒഴിവാക്കുന്നതിനു വേണ്ടി മാർക്സിസ്റ്റു പാർട്ടിയോട് ഞങ്ങൾ പറഞ്ഞു, നിങ്ങൾ ഒരു ഗവൺമെന്റുണ്ടാക്കുക, പിൻതുണ നൽകാമെന്ന്. അതിൽ നിന്നു തെറ്റി മാറിയിട്ട് നിഷേധാത്മകമായ ഒരു നയം സ്വീകരിച്ചത് എന്തിനാണ്? തനിക്ക് ശേഷം ജലപ്രളയമെന്നുള്ള മനോഭാവത്തോടുകൂടി അല്ലെങ്കിൽ മാർക്സിസ്റ്റു പാർട്ടിയില്ലെങ്കിൽ ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടാകുകയില്ലെന്നുള്ള മനോഭാവത്തോടുകൂടി മാറിനിന്ന് ഒരു സമീപനം മാർക്സിസ്റ്റു പാർട്ടി സ്വീകരിച്ചാൽ ഈ സംസ്ഥാനത്ത് ഒരു ഗവൺമെന്റ് വേണ്ടേ? ഒരു ഗവൺമെന്റ് രൂപംകൊള്ളേണ്ടതേ ഈ സംസ്ഥാനത്തിന്റെ ആവശ്യമല്ലേ? ശ്രീമതി ഗൗരിയമ്മയുടെ നേതൃത്വത്തിൽ വളരെയേറെ ത്യാഗങ്ങൾ സഹിച്ച് പാസ്സാക്കിയ ഭൂപരിഷ്ക്കരണനിയമം പ്രസിഡൻറ് ഭരണകാലത്താണോ നടപ്പാക്കാൻ സാധിക്കുക, അതോ, ഒരു ജനാധിപത്യഗവൺമെൻറിന്റെ കാലത്താണോ നടപ്പാക്കാൻ സാധിക്കുകയെന്നു ഞാൻ ചോദിക്കുകയാണ്. ആ ഒരു സാഹചര്യത്തിൽ ഇവിടെയൊരു ഗവൺമെൻറുണ്ടായതിനെ ആർക്കും കുറ്റം പറയാൻ സാധിക്കുകയില്ല. ഐക്യമുന്നണി തകർത്തതിന്റെ ഉത്തരവാദിത്വം

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിതന്നെയാണ് ഏറെ ടുക്കേണ്ടത്.

അടുത്തത് എനിക്ക് പോലീസ് ഭരണത്തെക്കുറിച്ചാണ് പറയാനുള്ളത്. പോലീസ് മർദ്ദനങ്ങളെക്കുറിച്ചു വേദനിപ്പിക്കുന്ന കഥകളും ബഹുമാനപ്പെട്ട കേളുയേട്ടൻ പറഞ്ഞതു കേട്ടു. തീർച്ചയായും സഹതാപമർഹിക്കുന്നുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. ഇ. എം. ജോർജ്ജ് പോലീസ്മർദ്ദനത്തിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ട് ഈ ഗവൺമെന്റിന്റെ വർഗ്ഗസ്വഭാവത്തെ ക്കുറിച്ച് ചോദിച്ചു. പോലീസിന്റെ ഭരണത്തെ മാത്രം അടിസ്ഥാനമാക്കി ഏതു വർഗ്ഗത്തിന്റെ ഗവൺമെന്റ് എന്നു ചോദിച്ചുകൊണ്ട് പ്രചരണം നടത്തുന്നത് ഇതു പിൻതിരിപ്പൻ ഗവൺമെന്റാണെന്നു സ്ഥാപിക്കുവാൻ മാർക്സിസ്റ്റുപാർട്ടി നടത്തുന്ന ശ്രമത്തിന്റെ ഒരു ഭാഗമാണ്. പോലീ സിന്റെ ചെയ്തികളെ മാത്രം അടിസ്ഥാനമാക്കിക്കൊണ്ട് ഒരു ഗവൺമെന്റി ന്റെ വർഗ്ഗസ്വഭാവത്തെ നിശ്ചയിക്കാൻ ഒരുങ്ങുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയോട് എനിക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട്. 1957—58—ൽ അന്നു കമ്മ്യൂണിസ്റ്റു പാർട്ടി ഒരുമിച്ചുനിന്നു ഭരിച്ചിരുന്ന കാലത്ത് ചന്ദനത്തോപ്പിൽ സുലൈമാന്റെയും രാമന്റെയും നേർക്ക് വെടിവച്ചു വീഴ്ത്തിയ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വർഗ്ഗസ്വഭാവത്തെ ആരെങ്കിലും ചോദ്യം ചെയ്തിരുന്നുവോ? മൂന്നാറിൽ ഗർഭിണിയായ പാപ്പാമ്മാളെ വെടിവച്ചു കൊന്ന കമ്മ്യൂണിസ്റ്റു പാർട്ടി പിൻതിരിപ്പൻ പാർട്ടിയാണെന്നു നിങ്ങളും സമ്മതിക്കുമോ? രണ്ടു ദിവസ ങ്ങൾക്ക് മുമ്പ് പറയുന്നതു കേട്ടു, സമനിലതെറ്റി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി പറയുന്നതാണെന്ന് തോന്നുന്നു, ഞങ്ങളല്ലാ വെടിവച്ചത് അച്യുതമേനോനാണെന്ന്. ഒരു പാർട്ടി ഒരുമിച്ചു നിൽക്കു മ്പോൾ ചെയ്ത പ്രവർത്തികളും അതു ഒരു പ്രത്യേക വർഗ്ഗദോഷംകൊണ്ടാ ണെന്നു പറയത്തക്ക സമനിലതെറ്റിയ സ്ഥിതിയിലേക്ക് അതിന്റെ നേതാ ക്കൾ ഇന്നു മാർക്സിസ്റ്റു പാർട്ടിയെ കൊണ്ടുചെന്ന് എത്തിച്ചിരിക്കുക യാണ്. 1967—ലും പോലീസ് മർദ്ദനങ്ങളും നടന്നിട്ടില്ലേ, വെടിവയ്പ്പു നടന്നിട്ടില്ലേ, ആ പോലീസ് മർദ്ദനങ്ങളും വെടിവയ്പുകളും നടന്നത് അന്നത്തെ ഗവൺമെന്റിന്റെ വർഗ്ഗസ്വഭാവംകൊണ്ടാണോ? ഇ. എം. എസ്. മുഖ്യമന്ത്രിയായിരിക്കുമ്പോൾ, ഇ. എം. എസ്. പോലീസ് വകുപ്പ് മന്ത്രി യായിരിക്കുമ്പോൾ ഇവിടെ വെടിവയ്പുനടന്നത് നാം അംഗീകരിക്കുന്ന ഒരു വസ്തുതയല്ലേ? ഒരു ബൂർഷ്വാ സംവിധാനത്തിന്റെ ഭരണകൂടത്തിനുള്ളിൽ, മുതലാളിത്തഭരണകൂടത്തിനുള്ളിൽ പോലീസ് എപ്പോഴും റിപ്രസീഡ് മെഷി നറിയാണ്. നമുക്കു ചെയ്യാൻ സാധിക്കുന്നത് അതിനെ എത്രത്തോളം കടിഞ്ഞാണിടാൻ സാധിക്കുമെന്നുള്ളതാണ്. അതിനപ്പുറത്ത് അതിന്റെ ഉത്തരവാദിത്വം മുഴുവൻ അതിന്റെ മന്ത്രിക്ക് ആണെന്നു പറയുന്നവരോട് ഞാൻ വിനീതമായി ചോദിക്കുകയാണ്, പൂഞ്ഞാറിൽ പെത്തുതൊഴിലാളികളെ അടിച്ചതിന്റെ ഉത്തരവാദിത്വം ഇ. എം. എസ്. ഏറെറടുക്കുമോ? ആല പ്പുഴ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനുയായികളെ അടി ച്ചതിന്റെ ഉത്തരവാദിത്വം ഇ. എം. എസ്. ഏറെറടുക്കുമോ? അതുപോലെ തന്നെ 1957—58—ൽ കുണ്ടറയിൽവച്ച് ശ്രീ. ടി. എം. പ്രഭയ്ക്കുമർദ്ദനമേറെറതിൽ ഞങ്ങൾക്ക് പരാതിയില്ല. ഭരണകൂടം ഏതായാലും തൊഴിലാളികളുടെ അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്യുമ്പോൾ പോലീസ് മർദ്ദനം ഏൽ ക്കേണ്ടിവരുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് അതിനുവേണ്ടി പോകു ന്നത്. 1968—ൽ ടി. എം. പ്രഭയെ തല്ലിച്ചതച്ചപ്പോൾ, കുണ്ടറയിലെ കശു അണ്ടിതൊഴിലാളികളെ മർദ്ദിച്ചപ്പോൾ വേദനയോടുകൂടി ഞങ്ങളപേക്ഷിച്ചു, അതിനെക്കുറിച്ച് അന്വേഷണം നടത്തുക പോലീസ് ഉദ്യോഗസ്ഥൻമാരെ സ്ഥലംമാറ്റുക എന്ന്. എന്നിട്ട് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്

LIBRARY ARCHIVES Kerala Legislative Assembly

അതിനെ പുച്ഛിച്ച് തള്ളിക്കളയുകയല്ലേ ചെയ്തത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. അന്ന് ഇ. എം. എസ്സിന്റെ പാർട്ടി വർഗ്ഗസ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് പോലീസ് ഭരണം നടത്തിയതെന്നു സമ്മതിക്കുവാൻ തയ്യാറുണ്ടോ?

വളരെ വേദന നിറഞ്ഞ ഒരു ചിത്രമാണ് കേളുയേട്ടൻ ഇവിടെ അവതരിപ്പിച്ചത്. അതുപോലെ ചോരയുടെ ഒരു ചിത്രം ശ്രീ. കുഞ്ഞാമ്പുവും വരച്ചു കാണിക്കാൻ ശ്രമിച്ചു. പോലീസിന്റെ നടപടികളും അധികപ്പറ്റാണെങ്കിൽ അതുതടയേണ്ടതാണ്. ഒരു ഗവൺമെന്റും അതിന് കൂട്ടു നിൽക്കുന്നതു ശരിയല്ല. മർദ്ദനം ഏതുകാലത്ത് ഉണ്ടായാലും അതു തടയേണ്ടത് എല്ലാ കക്ഷികളുടെയും എല്ലാ ഗവൺമെന്റുകളുടെയും മൗലികമായ ബാധ്യതയാണ്, കടമയാണ് എന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷേ ചില വസ്തുതകളും നാം ഓർക്കേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് ചാർജ്ജെടുത്ത അവസരത്തിൽ ഇ. എം. എസ്. പറഞ്ഞു, തോക്കുകൊണ്ടും ലാത്തികൊണ്ടും മാത്രമേ ഇവിടെ ഭരിക്കാൻ അനുവദിക്കുകയുള്ളുവെന്ന്. വെടിവയ്പും ലാത്തിച്ചാർജ്ജും ഉണ്ടാക്കി മാത്രമേ ഭരിക്കാൻ അനുവദിക്കുകയുള്ളുവെന്നു പറഞ്ഞു. ഒന്നു ചോദിക്കട്ടെ, പ്രധാന പ്രതിപക്ഷത്തിന്റെ ചുമതല ഇതാണോ, പരിപാടി ഇതാണോ എന്ന്. ഇവിടെ വെടിവയ്പ്പുണ്ടാക്കിക്കുന്നതും ലാത്തിച്ചാർജു നടത്തിക്കുന്നതുമാണോ പ്രതിപക്ഷത്തിന്റെ നയമെന്നു വിനീതമായി ഞാൻ ചോദിക്കുകയാണ്. ആദ്യം വഞ്ചനാദിനം കഴിഞ്ഞു. ഒരു പാർട്ടിയുടെ പൗരാവകാശമെന്നുള്ള നിലയിൽ അതാവശ്യമാണ്. ആ പാർട്ടി വഞ്ചനാദിനാചരണം നടത്തി. അതു കഴിഞ്ഞ് നിയമസഭ വിളിച്ചുകൂട്ടണമെന്നു പറഞ്ഞു. അതിനുവേണ്ടി ഡിസംബർ 1—ാം തീയതി സമരം ചെയ്യുമെന്നു പറഞ്ഞപ്പോൾ പ്രതിപക്ഷത്തിന്റെകൂടി അഭിപ്രായത്തെ ആദരിച്ചുകൊണ്ട്, പ്രതിപക്ഷത്തിന്റെ ആവശ്യം ആദരിച്ചുകൊണ്ട് ഈ മന്ത്രിസഭ ഡിസംബർ ഒന്നാംതീയതിക്കു മുമ്പുതന്നെ പറഞ്ഞു, ഞങ്ങൾ ജനുവരി 9—ാം തീയതി നിയമസഭ കൂടാൻ പോകുന്നുയെന്ന്. പിന്നെയെന്തിന് നിയമസഭ കൂടണമെന്ന ആവശ്യത്തിനു വേണ്ടി ഡിസംബർ ഒന്നാംതീയതി സമരം ചെയ്യണം. നിയമസഭ ഉടനടി കൂടണമെന്നു പറഞ്ഞുകൊണ്ട് അതിനുവേണ്ടി ഡിസംബർ ഒന്നാം തീയതി സമരം ചെയ്യുമെന്നു പറഞ്ഞു. ന്യായമായ ഒരു ആവശ്യമാണ് അത്. പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശം അംഗീകരിക്കേണ്ടതാണ്. പക്ഷേ ആ അവകാശം അംഗീകരിച്ച് ജനുവരി 9—ാം തീയതി നിയമസഭ കൂടുമെന്നു പ്രഖ്യാപിച്ചശേഷം പിന്നെ എന്തിന് ആ ആവശ്യം ഉന്നയിച്ച് കളക്ടറേറുകളുടെയും താലൂക്കുകച്ചേരികളുടെയും പടിക്കൽ സമരം ചെയ്തു എന്നു ചോദിക്കുകയാണ്. അപ്പോൾ സമരത്തിനുവേണ്ടി സമരം എന്നുള്ളതിന് അപ്പുറത്ത് ആ സമരത്തിന് പ്രത്യേകമായ ഉദ്ദേശം ഉണ്ടായിരുന്നോ? ആലപ്പുഴ സമ്മേളനത്തെ സംബന്ധിച്ചിടത്തോളം ഞാൻ എതിർക്കുന്നില്ല, ഏതു നിയമം നടപ്പാക്കണമെന്നുണ്ടെങ്കിലും, മുതലാളിത്തസംവിധാനത്തിൽ ഏതു നിയമം നടപ്പാക്കണമെന്നുണ്ടെങ്കിലും സമരസംഘടനകളുടെ സമ്മർദ്ദം ആവശ്യമാണെന്നുള്ള കാര്യത്തിൽ എന്റെ പാർട്ടിയെസംബന്ധിച്ചിടത്തോളം അഭിപ്രായവ്യത്യാസമില്ല.

പക്ഷേ ഈ ജനുവരി 9—ാംതീയതിക്കുമുമ്പ് ഭൂനിയമം നടപ്പാക്കണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടപ്പോൾ പ്രസിഡന്റിന്റെ അംഗീകാരം വാങ്ങിച്ചുകൊണ്ട് ആ ഒന്നാംതീയതി ഭൂനിയമം പ്രാബല്യത്തിൽ വന്നപ്പോൾ പിന്നെ എന്തിനു വേണ്ടി സമരം ചെയ്യണം. ഞാൻ ചോദിക്കുകയാണ്, എന്തിനുവേണ്ടി പിന്നീടു സമരം ചെയ്യണം. കുടികിടപ്പുകാരന്റെ അവകാശം സ്ഥാപിക്കുന്നതിനുവേണ്ടിയാണെന്നാണു പറയുന്നതെങ്കിൽ എനിക്കു വളരെ ബഹുമാനമുള്ള വളരെ ഹാർദ്ദവമായി ഈ നിയമം പാസ്സാക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പരിശ്രമിച്ച ശ്രീമതി ഗൗരിയമ്മയോട് ഞാൻ വിനീതമായി ചോദിക്കുകയാണ്, ഈ നിയമത്തിന്റെ ചർച്ചയിൽ എന്റെ കൊച്ചുപാർട്ടി വളരെ വിനീതമായി നിങ്ങളോടപക്ഷിച്ചില്ലേ ഈ ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വരുന്ന അന്ന് കുടികിടപ്പുകാരന് ഉടമാവകാശം കിട്ടത്തക്കരീതിയിലുള്ള വകുപ്പ് എഴുതിച്ചേർക്കണമെന്നു പറഞ്ഞിട്ട് അന്ന് നടന്നോ? അതു നടത്താതെ അതിനെ എതിർത്തുകൊണ്ട് ഇന്നു നിയമം വന്ന അവസരത്തിൽ നടപ്പാക്കുന്നതിനുവേണ്ടി സമരം എന്നു പറഞ്ഞാൽ സ്വാഭാവികമായും സമരത്തിനു വേണ്ടി സമരം എന്നുള്ളതിനപ്പുറത്ത് അതിനെ കാണാൻ കഴിയുന്നില്ല. ഞാൻ ചോദിക്കുകയാണ്, നമ്മുടെ ഉൽപ്പാദന സംവിധാനത്തിൽ മൗലികമായ മാറ്റം വരുത്തുന്ന ഈ ഭൂനിയമം പ്രായോഗികമാക്കുന്നതിന് ഇതിനെ സഹായിക്കുകയാണോ വേണ്ടത്, അതോ ഇതിനെ എതിർക്കുകയാണോ വേണ്ടത്. ഒരു പ്രതിപക്ഷത്തിന്റെ പ്രത്യേകിച്ച് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി പ്രതിപക്ഷമായിരിക്കുമ്പോൾ നമ്മുടെ ഉൽപ്പാദന സംവിധാനത്തിൽ മൗലികമായ മാറ്റം വരുത്തുന്ന ഭൂനിയമം നടപ്പാക്കുന്നതിനാവശ്യമായ സഹകരണമല്ലേ നൽകേണ്ടത്. അതിനു പകരം അതിനെ എതിർക്കുക എന്നു പറഞ്ഞാൽ ശരിയായ നടപടിയാണോ? പക്ഷേ സമരം ആവശ്യമാണ്. മാർക്സിസ്റ്റുപാർട്ടിയുടെ സമരനേതൃത്വത്തിനു തെറ്റു പറ്റിയിരിക്കുന്നു. ആ തെറ്റിനെക്കുറിച്ച് സാവകാശമായി അതിന്റെ അണികൾ ആലോചിക്കാൻ അവസരംകൊടുക്കാതെ സമരം നീട്ടിക്കൊണ്ടുപോവുക എന്നുള്ള നടപടിയാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വം അംഗീകരിച്ചിരിക്കുന്നത്. നേതൃത്വത്തിനു പറ്റിയ തെറ്റ് അനുയായികളുടെ രക്തത്തിൽ കൂടി കഴുകിത്തീർക്കാനുള്ള ഹീനമായ നടപടിയാണു മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടി സ്വീകരിച്ചിരിക്കുന്നത്. ഇല്ലെങ്കിൽ വിലപ്പെട്ട തൊഴിലാളികളുടെ രക്തം വീഴ്ത്തുക എന്നതാണോ ഈ രാജ്യത്തെ നിങ്ങളുടെ നയം? തൊഴിലാളികളുടെ ഭരണകൂടം സ്ഥാപിക്കുന്നതിനുവേണ്ടി ധീരമായി സമരം ചെയ്യാനുള്ള ആളുകൾ ഒരു പാർട്ടിയുടെ നേതൃത്വത്തിനു പറ്റിയ തെറ്റ് തിരുത്താനുള്ള ഈ നടപടി തൊഴിലാളി വർഗ്ഗത്തിനു സഹായകരമാവുകയില്ല എന്നു ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. ഇ. എം. എസ്സിനോട് അന്നു പറഞ്ഞ അവസരത്തിൽ നിഷേധിച്ചിട്ടുണ്ട്. പക്ഷേ പത്രത്തിൽ വന്നത്, ശ്രീ. മാണി ഇവിടെ വ്യക്തമാക്കുകയുണ്ടായി. അത് അദ്ദേഹം ഇതുവരെ നിഷേധിച്ചിട്ടില്ല. ഈ ഭൂനിയമം നടപ്പിലാക്കുന്ന സമയത്ത് അദ്ദേഹം പറഞ്ഞത് ഇതിൽ ഭരണഘടനാവിരുദ്ധമായ, നിയമവിരുദ്ധമായ പല ഭാഗങ്ങളും ഉണ്ടെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഞങ്ങൾ പാസാക്കിയതെന്ന്. നിയമം പാസ്സായതിനുശേഷം ആ നിയമം നടപ്പിലാക്കാനുള്ള സാഹചര്യത്തിൽ ഇ. എം. എസ്സിനെപ്പോലെയുള്ളവർ ഇങ്ങനെ പറയുക എന്നു വച്ചാൽ ഈ രാജ്യത്തെ ഭൂവുടമകളെ സഹായിക്കുക മാത്രമാണു ചെയ്യുന്നതെന്ന് വ്യസനത്തോടുകൂടി പറയുകയാണ്. അതുകൊണ്ട് എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇനിയും ചോദിക്കാനുള്ളത് ഐക്യമുന്നണി പുനഃസ്ഥാപിക്കാനുള്ള പരിശ്രമം നടത്താൻ നിങ്ങൾ തയ്യാറാണോ? പരസ്പരം തെറ്റു തിരുത്താനും തൊഴിലാളി വർഗ്ഗത്തിന്റെ പേരിൽ, അദ്ധ്വാനിക്കുന്ന ജനതയുടെപേരിൽ, പാർട്ടിയുടെ ദുരഭിമാനം മാറ്റിയിട്ട് തൊഴിലാളി വർഗ്ഗത്തിന്റെ ഐക്യമുന്നണി പുനരുജ്ജീവിപ്പിക്കാൻ നിങ്ങൾ തയ്യാറാണോ? ഇവിടെ ഒരു പ്രസിഡൻറ്ഭരണം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഈ ഗവൺമെൻറിനു പിൻതുണ നൽകുന്നത്. ഇതു ജനാധിപത്യത്തിന്റെ കടമയാണെന്നു വിശ്വസിച്ചുകൊണ്ട് ഈ ഭൂനിയമം നടപ്പാക്കാനുള്ള നടപടിക്ക് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കലവറയില്ലാത്ത പിൻതുണ നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡാ: ജോർജ് തോമസ്: മി. ചെയർമാൻ സർ, ഗവർണ്ണറുടെ പ്രസംഗത്തെപ്പറ്റിയുള്ള ചർച്ചകൾ ഇന്നു നടക്കുന്നതു വ്യത്യസ്തമായ ഒരു സാഹചര്യത്തിലാണ്. കഴിഞ്ഞ മൂന്നു തവണ ഈ പ്രസംഗത്തെപ്പറ്റിയുള്ള ചർച്ചകൾ നടന്നപ്പോൾ പ്രതിപക്ഷം അപ്പുറത്ത് പാരാവാരം പോലെ പരന്നു കിടന്നു. ഞങ്ങൾ കുറെ ആളുകൾ വിരലിൽ എണ്ണാവുന്ന ആളുകൾ ഒരു മൂലയിൽ പതുങ്ങിയിരുന്നു. ഇന്ന് അതല്ല സാഹചര്യം. ഇപ്പുറത്താണോ അപ്പുറത്താണോ ഭൂരിപക്ഷമെന്നുള്ള തർക്കം അവശേഷിക്കുന്നു. ആ തർക്കം പരിഹരിക്കാൻ ഇപ്പോൾ ഒരുമ്പെടുന്നില്ല. ഞാൻ ഈ അഞ്ചുമിനിട്ടുകൊണ്ടു പ്രസംഗിക്കാൻ വളരെ അധികം വിഷമിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കഴിഞ്ഞ രണ്ടര മാസമായി ഈ ഗവൺമെന്റിനു ഭൂരിപക്ഷമുണ്ടോ ഇല്ലയോ എന്നുള്ള തർക്കം ഈ രാജ്യത്ത് മുഴങ്ങിക്കേട്ടു. സങ്കേതികമായി ഈ ഗവൺമെന്റിന് ഭൂരിപക്ഷമുണ്ടായിരിക്കാം. ആ ഭൂരിപക്ഷമുള്ളതിൽ അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതൻമാർ അരിശം കൊള്ളേണ്ട കാര്യമില്ലെന്നാണ് എനിക്കു പറയാനുള്ളത്. കാരണം കഴിഞ്ഞ 32 മാസം ഈ രാജ്യത്ത് ഭരണവും സമരവും ഒരുമിച്ചു നടത്തിയതിന്റെ ദുരന്തഫലമാണ് അച്ചുതമേനോൻ ഗവൺമെന്റിനു ഭൂരിപക്ഷമുണ്ടാക്കാൻ ഇടയാക്കിയത്. സർ, അതുകൊണ്ട് ഈ ഗവൺമെന്റിന് ഉറച്ച അടിസ്ഥാനമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഞങ്ങൾ ഈ ഗവൺമെന്റിനെ പിൻതാങ്ങുന്നതു ശരിയോ തെറ്റോ എന്നുള്ള വാദത്തിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. പിൻ താങ്ങുകയല്ലാതെ മറ്റെന്തു ചെയ്യാൻ കഴിയും സർ? ശ്രീമാൻ പട്ടം താണുപിള്ളയോ, ശ്രീമാൻ പനമ്പള്ളി ഗോവിന്ദ മേനോനോ, ശ്രീ. ആർ. ശങ്കറോ ആ കസേരയിൽ ഇരുന്നു ഭരിച്ചിരുന്നെങ്കിൽ ഈ ഭരണത്തെക്കാൾ വലിയ വ്യത്യാസമൊന്നും ഉണ്ടാവുകയില്ലായിരുന്നു എന്നാണ് എന്റെ വിശ്വാസം. (പ്രതിപക്ഷ ബഞ്ചുകളിൽ കയ്യടി) സർ, ഇതിൽ അവർ എന്തിനു കയ്യടിക്കുന്നു എന്ന് എനിക്കു മനസ്സിലാകുന്നില്ല. എന്റെ പാർട്ടിയുടെ പങ്കാളിത്തത്തോടുകൂടി ഭരിച്ച ആളുകൾ നന്നായി ഭരിച്ചു എന്ന് ഞാൻ ഒന്നു കൂടി അനുസ്മരിക്കുക മാത്രമാണ് ചെയ്യുന്നത്. ഇതാണ് വസ്തുത യെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഈ ഗവൺമെന്റിന് പിൻതുണ നൽകാതിരിക്കാൻ നിവൃത്തിയില്ല. എങ്കിലും ഈ മന്ത്രിസഭയ്ക്ക് ഉറച്ച അടിസ്ഥാനം ഉണ്ടോ ഇല്ലയോ എന്ന് ഒരു ആത്മപരിശോധന നടത്തണം. എന്റെ സ്നേഹിതൻ ശ്രീ. കരുണാകരൻ കൊല്ലത്തുവച്ചു പറഞ്ഞു, വേണ്ടിവന്നാൽ അച്ചുതമേനോൻ മന്ത്രിസഭയേയും മറിച്ചിടുമെന്ന്. ആർ.എസ്.പി. ഇതുവരെ മന്ത്രിസഭയിൽ ചേർന്നിട്ടില്ല. ശ്രീ. ടി. കെ. ദിവാകരൻ മന്ത്രിയല്ലാതെ മന്ത്രിക്കസേരയിൽ ഇരിക്കുന്നതിൽ അൽപ്പം പന്തികേടിന്റെ ബീജമുണ്ടെന്നാണ് എന്റെ വിശ്വാസം. എന്റെ പാർട്ടിയുടെ പിൻതുണയാണെങ്കിൽ വേണമെങ്കിലും വേണ്ടാത്തതാണു്. ആകപ്പാടെ ഈ നിയമസഭയ്ക്കു തന്നെ ഒരു പ്രാതിനിധ്യ സ്വഭാവത്തിന്റെ കുറവുണ്ടെന്നാണ് എന്റെ വിശ്വാസം. ഒരേ പ്രകടനപത്രികയിൽ മൽസരിച്ച 9 പേർ ഇന്ന് രണ്ടു ചേരിയിലാണ് സഭയിൽ ഇരിക്കുന്നത്. അതുപോലെ തന്നെ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ മൽസരിച്ച ഐക്യമുന്നണിയിലെ ആളുകൾ പടവാളും ഉയർത്തിക്കൊണ്ട് രണ്ടു ഭാഗത്തായിട്ടു മാറിയിരിക്കുന്നു. ആ മിനിമം പരിപാടിയെ എതിർക്കുകയും അതിന്റെ പേരിൽ മൽസരിച്ചു ജനങ്ങളുടെ വോട്ടു വാങ്ങി നിയമസഭയിൽ വരികയും ചെയ്ത ആളുകൾ ആ പരിപാടിയെ ആയിരം ഗയാറാം ആശ്ലേഷിച്ച് അച്ചുതമേനോൻ പ്രാതിനിധ്യം വഹിക്കുന്ന മന്ത്രിസഭയിൽ സമ്പൂർണ്ണമായ പങ്കാളിത്തം വഹിക്കുന്നു. സർ, ഈ കേരളത്തിൽ സംഭവിച്ചിരിക്കുന്നത് എന്താണെന്നു ഞാൻ പറയാം. കേവലം വ്യക്തികളുടെ ഡിഫക്ഷൻ അല്ല, പാർട്ടികളുടെ ഡിഫക്ഷനാണ്, പാർട്ടികളുടെ ഹോൾസെയിൽ ഡിഫക്ഷനാണ് കേരളത്തിൽ സംഭവിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതിനൊരു പരിഹാരം ഉണ്ടാക്കേണ്ടതു് ആവശ്യമാണു്. സർ, ഈ മാറ്റം മറിച്ചിലുകളിൽ ജനങ്ങളുടെ വിധി അറിയേണ്ടതു് ആവശ്യമാണു്. ശ്രീമാൻ അച്ചുതമേനോനു കേരളത്തിന്റെ മുഖ്യമന്ത്രിയാകാനുള്ള എല്ലാ യോഗ്യതകളും ഉണ്ടെന്നാണു് എന്റെ അഭിപ്രായം. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു് കമ്മിഷനാകുമെങ്കിൽ ഈ മന്ത്രിസഭാ മാറ്റംകൊണ്ടു് നമുക്കുണ്ടായ ഏറ്റവും വലിയ മാറ്റം വളരെ സുമുഖനായ ഒരു മുഖ്യമന്ത്രിയെ ലഭിച്ചു എന്നുള്ളതാണു്. സർ, എങ്കിലും മുഖ്യമന്ത്രിയാകാൻ ജനങ്ങളും അദ്ദേഹത്തെ തെരഞ്ഞെടുത്തിട്ടില്ലായെന്നുള്ള ഒരു അയോഗ്യത അദ്ദേഹത്തിനുണ്ടു്. ഈ അയോഗ്യത അദ്ദേഹം മാറേണ്ടതു് ആവശ്യമാണെന്നാണു് എന്റെ അഭിപ്രായം.

ഒരു വാക്കുകൂടി പറയാതെ അങ്ങുകൂടി ഉൾപ്പെട്ട ഈ ഗവൺമെന്റിനു പിൻതുണ നൽകുന്നതു് എന്തുകൊണ്ടാണെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. ഗവർണ്ണറുടെ പ്രസംഗത്തിൽ ക്രമസമാധാനനിലയെപ്പറ്റി പറഞ്ഞിട്ടുള്ള കാര്യങ്ങളും പ്രശംസാർഹവും അഭിനന്ദനാർഹവുമാണെന്നാണു് എന്റെ അഭിപ്രായം. ഏതാനും ചില ആളുകളും കഴിഞ്ഞ 32 മാസമായി നിയമം കൈയ്യിലെടുത്തുകൊണ്ടു് ഈ രാജ്യത്തു് ഭീകരമായ ഒരന്തരീക്ഷം സൃഷ്ടിച്ചു. ഈ അന്തരീക്ഷത്തിൽനിന്നും വിമുക്തി തേടി രാജ്യത്തു് ഒരു സുരക്ഷിതബോധം കഴിഞ്ഞ 75 ദിവസത്തിനുള്ളിൽ ഉണ്ടായി എന്നതു് അഭിനന്ദനാർഹമായ കാര്യമാണു്. ജീവൻ അപകടത്തിൽനിന്നും ദൈവം രക്ഷിച്ച ആഭ്യന്തരവകുപ്പുമന്ത്രി മുഹമ്മദുകോയയെ ഞാൻ ഈ അവസരത്തിൽ അനുമോദിക്കുകയാണു്. അതേ അവസരത്തിൽ ഈ ആഭ്യന്തരമന്ത്രിപദം, ആ മുൾക്കിരീടം എത്ര വേദനിക്കുന്നതാണെങ്കിലും അങ്ങു് അതു തുടർന്നു വഹിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ഒരുകാര്യം കൂടി അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ രാജ്യത്തു് ഒരു പോലീസ് ഭരണമാണു്, പോലീസ് രാജാണു് നടക്കുന്നതെന്നുള്ള പ്രചരണത്തിനുള്ള സാഹചര്യം പോലും സൃഷ്ടിക്കരുതെന്നാണു് എനിക്കു അപേക്ഷിക്കാനുള്ളതു്. ശ്രീ. പി. ടി. ചാക്കോ ഇവിടെ ആഭ്യന്തരമന്ത്രിയായിരുന്നു. അന്നും ധാരാളം സമരങ്ങളും ഉണ്ടായിരുന്നു.; ശ്രീ. ഏ. കെ. ഗോപാലനും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും ഈ രാജ്യത്തുണ്ടായിരുന്നു. പക്ഷേ അന്നു പോലീസ് ഒരു ചുറ്റു വെടിപോലും വച്ചതായി എന്റെ ഓർമ്മയിൽ ഇല്ല സർ. ഇപ്പോഴും ഈ രാജ്യത്തു് ഇങ്ങനെയുള്ള ഒരു ദുഷ്പ്രചരണം നടത്താൻ കച്ചകെട്ടിയിരിക്കുന്ന കൂട്ടർക്കു് അങ്ങനെയൊരവസരം നൽകരുതെന്നാണു് ഈ അവസരത്തിൽ എനിക്കു് അപേക്ഷിക്കുവാനുള്ളതു്.

ശ്രീ. ഇ. എം. ജോർജ്ജു്: സർ, ഒരു ചോദ്യം.....

ഡാ. ജോർജ്ജു് തോമസ്: ശ്രീമാൻ ഇ. എം. ജോർജിന്റെ ചോദ്യങ്ങൾക്കു മറുപടി പറയാൻ സമയമില്ല. അദ്ദേഹത്തിന്റെ പാർട്ടി സമയം തരുമെങ്കിൽ വളരെ സന്തോഷത്തോടുകൂടി മറുപടി പറയാം. അതു തരികയില്ലെന്നാണു് എന്റെ വിശ്വാസം. ഗവർണ്ണറുടെ പ്രസംഗം പൊതുവെ വളരെയൊന്നും പ്രോൽസാഹജനകമല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ രാജ്യത്തെ ജനാധിപത്യ ക്രമത്തിലൂടെ സോഷ്യലിസത്തിലേക്കു് ത്വരിതമായി നയിക്കുന്നതിനുള്ള വലിയ പരിപാടിയൊന്നും ഇതിലില്ലെന്നു ഖേദപൂർവ്വം പറയുകയാണു്. ഇക്കാര്യങ്ങളൊക്കെ ഇനിയും ബഡ്ജറ്റ് സമ്മേളനം വരുന്ന അവസരത്തിൽ പറയാമെന്നുള്ളതുകൊണ്ടു് ഞാൻ ഈ അവസരത്തിൽ അതിലേക്കു് കടക്കുന്നില്ല. ഞാനും എന്റെ പാർട്ടിയും അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളും പിൻതാങ്ങിക്കൊണ്ടു് ഈ അവസരത്തിൽ എന്റെ വാക്കുകളും ഉപസംഹരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഡോക്ടർ ജോർജ് തോമസ് പറഞ്ഞതുകൊണ്ട് തെറ്റു തിരുത്തുകയാണ്. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മാർഗ്ഗത്തിൽക്കൂടിയാണ് [ശ്രീ. അച്യുതമേനോനും ചലിക്കുന്നതെങ്കിൽ ഈ മന്ത്രിസഭയെ ഞങ്ങളും എതിർക്കുമെന്നാണു പറഞ്ഞിട്ടുള്ളത്.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് : സർ, എന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ഇവിടെ അവതരിപ്പിക്കപ്പെട്ട നാലു ഭേദഗതികളെയുംകുറിച്ചു സംസാരിക്കണമെന്നാണു ഞാനാഗ്രഹിക്കുന്നത്. എന്നാൽ ഇവിടെ ചർച്ചയ്ക്കിടയ്ക്കു വന്നിട്ടുള്ള പല പ്രശ്നങ്ങളും പരാമർശിക്കാതെ വിടുന്നതു ശരിയായിരിക്കുകയില്ല. അതുകൊണ്ട് ആദ്യമായി ഞാൻ അതിലേയ്ക്കു കടക്കാം.

ആദ്യം ജനുവരി 9-ാം തീയതി ഈ നിയമസഭയ്ക്കകത്തു നടന്ന കഥകകളിയെന്നോ കലാപരിപാടി എന്നോ എന്തെങ്കിലും പറയാവുന്ന—പ്രകടനമെന്നാണ് ഞാൻ പറയുന്നത്—പേരു എന്തുപറഞ്ഞാലും കൊള്ളാം—അതിനെക്കുറിച്ചു് ഒന്നു രണ്ടു സംഗതികളും പറയണമെന്നു ഞാനാഗ്രഹിക്കുന്നു. ഇവിടെ പല ബഹുമാനപ്പെട്ട മെമ്പറൻമാരും പറഞ്ഞതുപോലെ ഇൻഡ്യയുടെ നിയമസഭാചരിത്രത്തിൽ ഇതൊരു പുത്തരിയല്ല. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന കുറേ പാർട്ടികളുംകൂടി ബംഗാളിൽ ചെയ്തിട്ടുള്ളതാണ്. അതിന്റെ സാഹചര്യം വേറെയായിരുന്നു. ഇതിന്റെ സാഹചര്യം വേറെയാണ് എന്നു പറഞ്ഞാൽ അതിന്റെ സാഹചര്യത്തിലെ ചെയ്യാവു എന്നു നിങ്ങളും എഴുതിവച്ചിട്ടുണ്ടെങ്കിൽ അതിൽ ഞങ്ങളും ബാധ്യതപ്പെടണമെന്നു പറഞ്ഞാൽ ശരിയായിരിക്കുകയില്ല. ഏതായാലും ഗവർണ്ണർ എന്നു പറഞ്ഞാൽ എല്ലാവരിനും അതീതനായ ഒരു സ്ഥാനത്തിരിക്കുന്ന ഒരാളാണ്, ആ ഗവർണ്ണർ വരുമ്പോഴും ഒന്നും ചെയ്തുകൂടാ എന്നുള്ളതു്.....അപ്പുറത്തിരിക്കുന്ന കുറേ പാർട്ടികളും ഇപ്പുറത്തിരിക്കുന്ന കുറെ പാർട്ടികളുംകൂടി ബംഗാളിൽ ചെയ്തതാണ്. അങ്ങനെയിരിക്കുമ്പോഴും ബഹുമാനപ്പെട്ട കരുണാകരനോ ബഹുമാനപ്പെട്ട ഡോക്ടർ ജോർജ് തോമസ്സോ ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രിയോ ആണ് ഇതു പറഞ്ഞിരുന്നതെങ്കിൽ പരാതിയില്ല. ബംഗാളിലെ സംഭവത്തിൽ അവർക്കുകൂട്ടില്ല. ബഹുമാനപ്പെട്ട കുറുപ്പിനു കൂട്ടുണ്ടോ എന്നു് എനിക്കറിയില്ല; അദ്ദേഹത്തിന്റെ പാർട്ടി അതിൽപ്പെട്ടതാണോ പെടാത്തതാണോ എന്നറിയാത്തതുകൊണ്ടു് എന്നാൽ ബഹുമാനപ്പെട്ട ദിവാകരന്റെ പാർട്ടിയും ബഹുമാനപ്പെട്ട ഗോവിന്ദൻ നായരുടെ പാർട്ടിയുമെല്ലാം ഇങ്ങനെ പറയുകയാണെന്നുണ്ടെങ്കിൽ അതു തൻകുഞ്ഞു പൊൻകുഞ്ഞു എന്ന ന്യായം അനുസരിച്ചെന്നേ പറയാൻ പറ്റുകയുള്ളു. ഇതു പറയുമ്പോഴും ഈ ഒരു കാര്യത്തെസംബന്ധിച്ചുമാത്രമല്ല ഈ ഗവർണ്ണർ എന്ന സ്ഥാപനത്തെസംബന്ധിച്ചുള്ള ബഹുമാനധാരണയോടുകൂടിയാണല്ലോ ഇതെല്ലാം പറയുന്നത്. ആ ധാരണയ്ക്ക് എതിരായിനിൽക്കുകയെന്നു പറഞ്ഞാൽ അതു പാർലമെന്ററി ജനാധിപത്യത്തിനെതിരാണ്. മാർക്സിസ്റ്റുകാർ പാർലമെന്ററി ജനാധിപത്യത്തിനെതിരാണെന്നുള്ള സൂചനകളെല്ലാംഉള്ള പ്രസംഗങ്ങളും കേട്ടപ്പോഴും ഞാൻ വിചാരിച്ചു ഗവർണ്ണർ എന്ന സ്ഥാപനത്തെസംബന്ധിച്ച ധാരണ എവിടെയെല്ലാം ചെന്നുനിൽക്കാൻ പോകുന്നുവെന്ന്. ഉദാഹരണത്തിനു ബഹുമാനപ്പെട്ട കരുണാകരന്റെയും ബഹുമാനപ്പെട്ട ഡോക്ടർ ജോർജ് തോമസ് സിന്റെയും പാർട്ടികളുംതന്നെ എവിടെ നിൽക്കുമോ? ഇപ്പോഴും എവിടെയാണു നിൽക്കുന്നത്? സത്യത്തിൽ ഇപ്പോഴും നിൽക്കുന്നതു ചില മാറ്റങ്ങൾക്കുള്ള സൂചനയാല്ലേ എന്നാലോചിക്കുമ്പോഴും ഞാൻ രണ്ടു സംഭവങ്ങളാണ് ഓർക്കുന്നതു്. ഏതായാലും ഉത്തർപ്രദേശിൽ ബഹുമാനപ്പെട്ട ഗോപാലറെഡ്ഡിയുടെ കാര്യം വരുമ്പോഴും ആ ഗവർണ്ണർ പറഞ്ഞ കാര്യം ശരിയല്ല എന്നു പറഞ്ഞുകൊണ്ടു് ഗവർണ്ണർക്കെതിരായി പ്രകടനം നടത്തുകയും. എല്ലാമുള്ള കാര്യങ്ങളും ബഹുമാനപ്പെട്ട ബേബിജോണിന്റെയും ബഹുമാനപ്പെട്ട ഗോവിന്ദൻ

LIBRARY ARCHIVES Kerala Legislative Assembly

നായരുടെയും എല്ലാംകൂടി ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടിക്കാർ ഉത്തർ പ്രദേശിൽ കൂടിയിട്ടുണ്ടു"; എന്നുള്ള കാര്യം നാം ഓർക്കണം. ഈവഴിക്കു പോയാൽ കുറേക്കൂടി കഴിയുമ്പോഴും.....

ശ്രീ. കെ. കരുണാകരൻ : സർ, സർ.....

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് : സർ, അവസാനം പേഴ്സണൽ എക്സ്പ്ലനേഷനു ടൈം കൊടുക്കണം.

അതുപോലെതന്നെ ബഹുമാനപ്പെട്ട ജോർജ്തോമസ്സിന്റെ പാർട്ടി അതിന്റെ അഖിലേൻഡ്യാ വർക്കിംഗ് കമ്മിറ്റി മറ്റു കാര്യങ്ങളെസംബന്ധിച്ചൊന്നുമല്ല—ഇവിടെ ഇപ്പോഴത്തെ ചർച്ചാവിഷയമായിട്ടുള്ള ഇവിടത്തെ മന്ത്രിസഭാരൂപീകരണത്തിന്റെ കാര്യത്തിൽത്തന്നെ—ഗവർണ്ണറുടെ പേരു പറഞ്ഞിട്ടില്ല—കേന്ദ്രഗവൺമെന്റു് ചെയ്തതു തെറ്റായിപ്പോയി എന്നു് അവരുടെ ഒരു പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതായി ഞാൻ വായിച്ചു. അദ്ദേഹത്തിനും എന്തെങ്കിലും പേഴ്സണൽ എക്സ്പ്ലനേഷൻ ഉണ്ടെങ്കിൽ അതിനും സമയം കൊടുക്കണം സർ. ഇവിടത്തെ മന്ത്രിസഭാരൂപീകരണത്തിന്റെ കാര്യത്തിൽ കേന്ദ്രം ചെയ്തതു തെറ്റാണെന്നു അഖിലേൻഡ്യാ പ്രവർത്തകകമ്മിറ്റി പറഞ്ഞിട്ടുള്ള ഒരു പാർട്ടിയുടെ നേതാവു് ഇവിടുത്തെ ഗവർണ്ണർ ചെയ്തതു ശരിയായി എന്നുള്ള അഭിപ്രായം കൈകൊള്ളുകയില്ലല്ലോ? ഈ അടുത്തകാലത്ത് ഇൻഡ്യൻ രാഷ്ട്രീയത്തിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ ഫലമായി ഇതേവരെ ഗവർണ്ണർ എന്ന സ്ഥാപനത്തെപ്പറ്റി ഞങ്ങളെപ്പോലെയുചില പാർട്ടികൾക്കു് ഉണ്ടായിരുന്നതായിട്ടുള്ള ആ അഭിപ്രായങ്ങൾ കോൺഗ്രസ്സിനു് അവരുടെ രണ്ടുകൂട്ടരുടെയും ഇടയിൽ കടക്കാൻ തുടങ്ങിയിട്ടുള്ളതെന്നോണു ഞാൻ സൂചിപ്പിക്കുന്നത്. എന്തുകൊണ്ടു് ഈ ഗവർണ്ണർ എന്നു പറഞ്ഞാൽ ദൈവം തമ്പുരാൻ ഇങ്ങോട്ടയച്ചിട്ടുള്ള ആളൊന്നുമല്ല. ഗവർണ്ണറെന്നു പറഞ്ഞാൽ കേന്ദ്രഗവൺമെന്റു് നിശ്ചയിച്ച ആളാണ്. കേന്ദ്രഗവൺമെന്റു നിശ്ചയിച്ച ആളിനെസംബന്ധിച്ച വിശ്വാസവും ബഹുമാനവും എല്ലാം അവർക്കുണ്ടായിരുന്ന കാലംവരെ ആ വിശ്വാസവും ബഹുമാനവുമെല്ലാം വച്ചുകൊണ്ടിരുന്നു. അതിൽ കേന്ദ്രഗവൺമെന്റിന്റെ കാര്യത്തിൽത്തന്നെ—ഇന്നത്തെ കേന്ദ്രഗവൺമെന്റിന്റെ കാര്യത്തിൽ—വിശ്വാസമില്ലാത്ത ഒരു പാർട്ടിയും.....

ഇനി നാളെ എന്തൊക്കെയാണ് സംഭവിക്കാൻപോകുന്നതെന്ന് നമുക്കറിയുകില്ലല്ലോ? എല്ലാപേരുടേയും വിശ്വാസമാണ് എല്ലാപേരെയും രക്ഷപ്പെടുത്തുന്നതു്. ആ വിശ്വാസത്തിന്റെ ഫലമായിട്ടു് ഒരു പക്ഷേ ജോർജ് തോമസ്സിന്റെ പാർട്ടിക്കാർക്കു് കേന്ദ്രത്തിൽ അധികാരം കിട്ടിയാൽ ആ നിശ്ചയിക്കപ്പെടുന്ന ഗവർണ്ണറെപ്പറ്റി വലിയ തൃപ്തിയൊന്നും ബഹുമാനപ്പെട്ട കരുണാകരനു് ഉണ്ടാകുകയില്ല. ഏതായാലും ഇവർ രണ്ടുകൂട്ടരും മുന്നായി കഴിഞ്ഞ കാലത്തു നിശ്ചയിക്കപ്പെട്ടിരുന്ന ഗവർണ്ണരിൽ ഒരാളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടിക്കും വേറൊരാളുടെ പ്രവർത്തിയെസംബന്ധിച്ചു് ജോർജ് തോമസ്സിന്റെ പാർട്ടിക്കും അഭിപ്രായവ്യത്യാസമെല്ലാം വന്നിട്ടുള്ള സ്ഥിതിക്കു് മറ്റു പലതിന്റെയും കാര്യത്തിൽമുമ്പു ഞങ്ങൾ പറഞ്ഞിരുന്നത് ഇപ്പോഴും നിങ്ങൾ സ്വീകരിച്ചിട്ടുണ്ടു്. ഒരൊറ്റപാർട്ടി അധികാരത്തിൽ വരികയില്ല, കൂട്ടുകക്ഷികൾക്കേ സാധിക്കുകയുള്ളു. ബഹുമാനപ്പെട്ട ഡോക്ടർ ജോർജ്തോമസ്സിന്റെ പാർട്ടി അതിൽ ഉറച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടി ബീഹാറിൽ സ്ഥാനം കൊടുക്കാമെന്ന്—ബഹുമാനപ്പെട്ട ഗോവിന്ദൻനായരുടെ പാർട്ടി—നിശ്ചയിച്ചുകഴിഞ്ഞു. ബീഹാറിൽ അതു കൊടുത്താൽ ഇവിടെ ബഹുമാനപ്പെട്ട കരുണാകരനും കിട്ടും. അവിടെ ബഹുമാനപ്പെട്ട ഗോവിന്ദൻനായരുടെ പാർട്ടിയിൽപ്പെട്ട ചന്ദ്രശേഖരനും മറ്റും

LIBRARY ARCHIVES Kerala Legislative Assembly

രെങ്കിലുമോ മന്ത്രിയായാൽ അടുത്ത ബഡ്ജറ്റു സമ്മേളനമാകുമ്പോഴും ബഹുമാനപ്പെട്ട കരുണാകരനും ഇവിടെ ഇരിക്കാം. ഏതായാലും ഒറ്റപാർട്ടിയേ രേിക്കൂ എന്നു പറഞ്ഞ ബഹുമാനപ്പെട്ട ജോർജിനെപ്പറ്റിയെല്ലാം ഞാൻ ഓർക്കുകയാണ്. എട്ടുപത്തുമാസംമുൻപ് ഒരു ചർച്ച നടന്ന അവസരത്തിൽ അന്നു വളരെ ശക്തിയായി പറഞ്ഞിട്ടുള്ള ബഹുമാനപ്പെട്ട കരുണാകരന് ഇപ്പോഴും വരേണ്ടിവന്നു. ഒരൊറ്റ പാർട്ടി ഭരണമല്ല, കൂട്ടുകക്ഷി ഭരണം വേണ്ടിവരുമെന്നുള്ള കാര്യം ഞങ്ങളും കുറച്ചുകാലംമുൻപു പറഞ്ഞിരുന്നതാണ്. ഗവർണ്ണറുടെ കാര്യത്തിലും ഇത്തരത്തിലാണ്. ഈ സാഹചര്യത്തിൽ ബഹുകക്ഷി ഭരണം പല സംസ്ഥാനങ്ങളിലും വരാനിടയുള്ള ഒരു സാഹചര്യത്തിൽ ഗവർണ്ണർ ഇങ്ങനെ തന്നെയാണോ വേണ്ടതെന്നുള്ളതു് ആലോചിക്കേണ്ട സമയമായില്ലേ എന്ന ആലോചനയിൽ ഒരു പക്ഷേ ഞങ്ങളും തലതിരിഞ്ഞ കൂട്ടർ ആണെങ്കിലും, നമ്മളും ആ വഴിക്കു് എത്തുകില്ലേ എന്നാലോചിക്കണമെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. ഏതായാലും ഗവർണ്ണറുടെ പ്രസംഗത്തിൽ ഇന്നതു ചെയ്തു എന്നുള്ളതു് ഇത്രവലിയ ആക്ഷേപമായിട്ടു നിങ്ങളും പറയും. നിങ്ങളും ഞങ്ങളെപ്പറ്റി ആദ്യകാലം മുതൽ പറഞ്ഞിട്ടുള്ളതാണ്. ഒരുമിച്ചു നാം കേട്ടവരാണ്, മിസ്റ്റർ ബേബിജോൺ. ഇന്നുബഹുമാനപ്പെട്ട ബേബിജോൺ ആളുകളെ കുരുതി കൊടുപ്പിച്ചു എന്നു പറഞ്ഞുകേട്ടപ്പോഴും ഞാൻ അതിശയിച്ചുപോയി. പുന്നപ്ര—വയലാർ സമരകാലത്ത് അവരെല്ലാം കൂടി നിങ്ങളെയും ഞങ്ങളെയും പറ്റിപറഞ്ഞിട്ടുള്ളതാണ്. അതു ഇന്നത്തെസ്ഥിതിയിൽ ഇന്നു നിങ്ങളും ഏറ്റെടുത്തുവെന്നുപറഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കണം. ഞങ്ങളും മഹാൻമാരാണെന്നൊന്നും പറയുന്നില്ല. പക്ഷേ പുന്നപ്ര—വയലാർ കാലത്തു കുരുതി കൊടുത്ത നിങ്ങളെയും ഞങ്ങളെയും കുറിച്ചു് ആക്ഷേപിച്ചിരുന്ന അവരുടെ കൂടെ ഇന്നു ഞങ്ങളും കുരുതികൊടുക്കുന്നു എന്നുപറയുന്നതിൽ നിങ്ങളും കൂടുകയും ചെയ്യുന്ന അവസരത്തിൽ എന്താണെന്നാലോചിക്കണം. ഐക്യമുന്നണി പുനരുദ്ധരിക്കാനാണോ ശ്രമിക്കുന്നത്? / അങ്ങനെ പുനരുദ്ധരിക്കുമ്പോഴും ഇതൊന്നാലോചിക്കാണമെന്നുമാത്രമേ എനിക്കു പറയാനുള്ളൂ.

ഇനി ഈ ഗവൺമെൻറിനു് ഭൂരിപക്ഷമുണ്ടോ എന്നുള്ളതു് അങ്ങനെ സാങ്കേതികമായി നോക്കേണ്ട. അക്കാര്യത്തിൽ—അക്കാര്യത്തിൽമാത്രം—ഞാൻ ബഹുമാനപ്പെട്ട ഡോക്ടർ ജോർജ്തോമസ് പറയുന്നതിനോടു യോജിക്കുന്നു. ഇതു് എങ്ങനെ വന്നു എന്നുള്ളതുതന്നെയാണ് പ്രശ്നം. ബഹുമാനപ്പെട്ട ബേബിജോൺ പഴയമുന്നണിയെ രക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ പാർട്ടി വച്ച നിർദ്ദേശം അംഗീകരിച്ചില്ലെന്നു പറഞ്ഞു. അദ്ദേഹം മുഴുവൻ പറഞ്ഞിട്ടില്ല. പതിനാലാം തീയതി അവരെല്ലാംകൂടി വന്ന അവസരത്തിൽ പിന്നെ കാണാൻ എന്നു പറഞ്ഞ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. ഞാൻ എന്റെ അഭിപ്രായം വളരെ തുറന്നു പറഞ്ഞു. നിങ്ങളേതായാലും ഐക്യമുന്നണിക്ക് അകത്തുള്ള അഭിപ്രായ വ്യത്യാസങ്ങളും തീർക്കുന്നതിനു കേരളാകോൺഗ്രസ്സിന്റെയും കോൺഗ്രസ്സിന്റെയും കൂട്ടുകൂടാമെന്നു തീരുമാനിച്ചിരിക്കുകയല്ലേ? അതാണു നിങ്ങളുടെ തീരുമാനം എന്നുണ്ടെങ്കിൽ സംസാരിക്കാനൊന്നുമില്ല. എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഞങ്ങളുടെ പാർട്ടിക്ക് ഇതേ സംബന്ധിച്ചു കൂടുതലെന്തെങ്കിലും ആലോചിക്കാനുണ്ടെങ്കിൽ ആലോചിച്ചിട്ട് എന്തെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ നമുക്കു കാണാം എന്നാണു പറഞ്ഞതു്, എന്നുപറഞ്ഞതല്ലേ? ബഹുമാനപ്പെട്ട ശേഷനുണ്ട്, ബഹുമാനപ്പെട്ട മജീദ് ഉണ്ട്, സർ അങ്ങ് (ചെയർ, കെ. മൊയ്തീൻകുട്ടിഹാജി) ഉണ്ട്. എന്താ ബേബിജോൺ? നിങ്ങളെല്ലാം ഇരിക്കുമ്പോഴും ഞാൻ പറഞ്ഞു ഇതിൽ രാഷ്ട്രീയ പ്രശ്നമുണ്ട്, എന്ന്. ഐക്യമുന്നണിക്കകത്ത് അഭിപ്രായ വ്യത്യാസമുണ്ട്. ഈ അഭിപ്രായവ്യത്യാസം തീർക്കാൻവേണ്ടി ഒരു സമ്മേളനം വിളിക്കണമെന്നാണ് നിങ്ങളും പറയുന്നത്. ഞാൻ സമ്മേളനം വിളിക്കാം. സമ്മേളനം വിളിച്ചിട്ട് പ്രശ്നം തീർന്നിട്ടില്ലെങ്കിൽ പിന്നെ ഒക്ടോബർ 8-ാം

LIBRARY ARCHIVES Kerala Legislative Assembly

തീയതിയിലെ നടപടിയെടുക്കുമോ? അതില്ല എന്നുള്ള ഉറപ്പു കിട്ടാതെ എന്തു സമ്മേളനം? അതാണ് എന്റെ പേഴ്സണൽ റീയാക്ഷൻ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കമ്മിറ്റി ആലോചിക്കണമെന്ന്. എന്നിട്ട് ഒക്ടോബർ 24-ാംതീയതി ആരോടും ആലോചിക്കാതെ രാജിവയ്ക്കുകയാണു ചെയ്തതെന്നു പറഞ്ഞു. രാജിവയ്ക്കുകയെന്ന വാക്കിനെ സംബന്ധിച്ചു എന്താണു പറയുക. അങ്ങനെയാണെങ്കിൽ മന്ത്രിമാരെ ഞെങ്ങും തിരഞ്ഞടുക്കുകയല്ല, ഗവർണ്ണർ നിശ്ചയിക്കുകയാണ്. സാങ്കേതികത്വത്തിൽ പിടിച്ചാൽ അങ്ങനെയാണ്. യഥാർത്ഥത്തിൽ എന്താണെന്ന്? ആരെയും അറിയിക്കാതെ രാജിവച്ചു എന്നാണ്. നിയമസഭയോടു ചോദിച്ചില്ല സഹപ്രവർത്തകരോടു ചോദിച്ചില്ല. ഈ നിയമസഭാരംഗത്തുവച്ച് ഞാൻ പറഞ്ഞിട്ടുള്ളതാണ് ഈ ചർച്ചയുടെ അവസാനം എനിക്കു സ്വീകാര്യമല്ലാത്ത ഒരു മോഷൻ ഇവിടെ പാസ്സായാൽ അടുത്ത നിമിഷത്തിൽ ഞാൻ രാജിവയ്ക്കുമെന്ന്. അപ്പോഴും രാജിവച്ചില്ല. എന്നിട്ടോ? അങ്ങനെ രാജിവയ്ക്കാൻവേണ്ടി ഞങ്ങളല്ലൊംകൂടിയാണു പോയത്. രാജ്ഭവനിൽ പോയപ്പോഴും ഞാൻ മാത്രമേ ഉണ്ടായിരിന്നുള്ളു എന്നേയുള്ളു. ഇങ്ങനെയല്ലാം പറഞ്ഞിട്ടു നിങ്ങളുടെ കൈയിൽ പ്രചാരമുള്ള കുറെ പത്രങ്ങളും ഉണ്ടായാൽ വിചാരിച്ച എന്തും പറഞ്ഞു ഫലിപ്പിക്കാമെന്നു വിചാരിച്ചാൽ..... അതാണ്—ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻനായരോടു ഞാൻ പ്രത്യേകം പറയുകയാണ്—അദ്ദേഹത്തിനു പറ്റിയ ഏറ്റവും വലിയ തെറ്റ്. 1959 മുതൽ അദ്ദേഹം കുത്തകപത്രങ്ങളുടെ തലവാചകം കണ്ടിട്ട് ഓരോ ഘട്ടത്തിലും വിശ്വസിച്ചു ഞങ്ങളെ ഒറ്റപ്പെട്ടിരിക്കുകയാണെന്ന്. 1959-ൽ വിശ്വസിച്ചു, 1962-ൽ വിശ്വസിച്ചു, 1964-ൽ വിശ്വസിച്ചു, 1965-ൽ വിശ്വസിച്ചു, 1967-ൽ വിശ്വസിച്ചു, മുന്നണിക്ക് അകത്ത് കുഴപ്പം വന്നപ്പോഴും വിശ്വസിച്ചു. ഇപ്പോഴും ആ വിശ്വാസത്തിൽ തന്നെയാണ്. വിശ്വാസം രക്ഷിക്കട്ടെ. അല്ലാതെ ഞാൻ ഒന്നും പറയുന്നില്ല. ഏതായിരുന്നാലും അന്നു നടന്നതെന്താണെന്ന്? അന്നു വളരെ വ്യക്തമായി ഞാൻ പറഞ്ഞിട്ടുള്ളതാണ്. അന്നു ഞാൻ ഉപയോഗിച്ച പദപ്രയോഗംതന്നെ ഞാൻ ഒന്നുകൂടി ഈ സഭയെ ഓർമ്മിപ്പിനാഗ്രഹിക്കുകയാണ്. കരുണാകരൻ മുതൽ ദിവാകരൻ വരെ എന്ന പദപ്രയോഗമാണു നടത്തിയത്. അന്നുബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടിയിൽബഹുമാനപ്പെട്ട ഡോക്ടർ ജോർജ്തോമസ്സും പെടുമായിരുന്നു. ഇന്നവർ രണ്ടായി. ആ രണ്ടായതിന്റെ സ്വാഭാവിക ഫലമായിട്ട് ജനഹിതമാണു വേണ്ടതെന്നെല്ലാം അദ്ദേഹം പറഞ്ഞു. അക്കാര്യം ഞാൻ ആദ്യം പറഞ്ഞോ അദ്ദേഹം ആദ്യം പറഞ്ഞോ എന്നുള്ളതിനെപ്പറ്റി തർക്കിക്കേണ്ട. ഇക്കാര്യത്തിലെങ്കിലും മാർക്സിസ്റ്റുകാരുമായി യോജിക്കാൻ വിരോധമില്ലെങ്കിൽ—എനിക്ക് ആവശ്യമൊന്നുമില്ല—ആകാം. ഏതായിരുന്നാലും അന്നത്തെ സത്യമെന്താണ്? അന്നത്തെ സത്യം ബഹുമാനപ്പെട്ട ജോർജ്തോമസ് അല്ല ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞു. എന്താണു പറഞ്ഞത്? ഈ രാജ്യത്തിന് ആകെ ഉണ്ടായിട്ടുള്ള ഒരു ശാപം മാർക്സിസ്റ്റുകാരുടെ നേതൃത്തിലുള്ള ഒരു മന്ത്രിസഭയാണ്. ആ മന്ത്രിസഭയെ മറിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി—ആ മന്ത്രിസഭ അല്ലാതെ മറെറാരു മന്ത്രിസഭ—ഉണ്ടാക്കുകയാണെങ്കിൽ അതിനു ഞങ്ങളും പിന്തുണ നൽകും പിന്തുണ നൽകുമെന്ന് അന്ന് ഈ നിയമസഭാതലത്തിൽവച്ചു പറഞ്ഞിട്ട് അതിന്റെ അടിസ്ഥാനത്തിൽ കുറേ സംഭാഷണങ്ങളും കുറേ ചർച്ചകളും നടന്നതിന്റെ ഫലമാണ് ഒക്ടോബർ 3-ാം തീയതി നടന്നത്, ഒക്ടോബർ 24-ാം തീയതി നടന്നത്. ഇതാണു പ്രശ്നം. അതിന്റെ അടിസ്ഥാനത്തിൽ..... ബഹുമാനപ്പെട്ട ബേബിജോൺ ചോദിച്ചു ഐക്യമുന്നണി പുനരുദ്ധരിക്കേണ്ടേ എന്ന്. ഞാൻ ചോദിക്കുന്നു ഐക്യമുന്നണി ഏത് ഐക്യമുന്നണിയാണ്? ബഹുമാനപ്പെട്ട കരുണാകരനും ബഹുമാനപ്പെട്ട ജോർജ്തോമസ്സും രണ്ടുപേരുംകൂടി കൂടുമോ എന്നുള്ളത് വേറെ പ്രശ്നം. അല്ലെങ്കിൽ അതിലേതെങ്കിലും പാർട്ടി കൂടിയിട്ടുള്ള മുന്നണിയാണോ? അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ ബഹുമാനപ്പെട്ട ബേബിജോണിന്റെ പാർട്ടിക്ക് അഭിപ്രായവ്യത്യാസമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അല്ലെങ്കിൽ പേഴ്സണൽ എക്സ്പ്ലനേഷൻ ആകാം. ഏതായാലും ഡോക്ടർ ജോർജ് തോമസ്സിന്റെയും കരുണാകരന്റെയും രണ്ടുപേരുടെയും കോൺഗ്രസ്സിന്റെ പിന്തുണ പാടില്ല എന്നൊരു വിഭാഗവും രണ്ടുമാകാം എന്ന വേറൊരു വിഭാഗവും രണ്ടും വേണ്ട കരുണാകരനാകാം എന്നൊരു വിഭാഗവും ഇങ്ങനെയാണ് സർ ഞാൻ അങ്ങയുടെ (ബേബിജോൺ) പ്രസംഗം കേട്ടപ്പോൾ മനസ്സിലാക്കിയത്. ഇതു രണ്ടും വയ്യ എന്നുള്ളതാണെങ്കിൽ നമുക്ക് ആലോചിക്കാം.

ശ്രീ. ബേബിജോൺ: നേരത്തേ പറഞ്ഞതും അതുതന്നെയായിരുന്നു.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ആ നിലയ്ക്ക് നിങ്ങൾ അന്നു പറഞ്ഞിട്ടുണ്ടോ? അതാണു പ്രശ്നം. ഒക്ടോബർ 14—ാംതീയതി നിങ്ങളോട് കുത്തിക്കുത്തി ചോദിച്ച ചോദ്യവും ഇതാണ്. ഐക്യമുന്നണിയ്ക്കകത്തുള്ള അഭിപ്രായവ്യത്യാസം—തർക്കം—തീർക്കാൻ കഴിയാതെ വരുമ്പോൾ അതു തീർക്കുന്നതിനുള്ള ഒരുപാധിയായി കേരളാകോൺഗ്രസിന്റെയും കോൺഗ്രസ്സിന്റെയും സഹായത്തോടുകൂടിയുള്ള ഒരു പ്രമേയം പാസാക്കുകയെന്നുള്ള നടപടിക്രമമാണോ നിങ്ങൾ അംഗീകരിക്കുന്നത്; അതിന്റെ കാര്യത്തിൽ ഒരു തീർപ്പില്ലാതെകണ്ട് മറ്റൊന്നും സംസാരിച്ചിട്ടു കാര്യമില്ല. ആ നിലപാടിൽ തന്നെയാണു ഇന്നും ഞങ്ങൾ നിൽക്കുന്നത്. ആ നിലപാടിൽ നിങ്ങൾ എത്തിയോ? അതല്ല ആ നിലപാടിന്റെ കാര്യത്തിൽ വല്ല അറകുറപ്പണികൾ ചെയ്യേണ്ടതുണ്ടെങ്കിൽ അങ്ങനെ ചെയ്യാം. പക്ഷേ പ്രശ്നം ഇതാണ്. ശ്രീ. കെ. എം. ജോർജിനെപ്പറ്റി പറയുകയാണെങ്കിൽ അദ്ദേഹം ഇപ്പോൾ നിങ്ങളുടെ അഭിപ്രായത്തിൽ നന്നായിട്ടുണ്ട്. കെ. എം. ജോർജ്ജ് പറയുന്നത് അച്ചുതമേനോൻ നന്നായിട്ടുണ്ടെന്നാണ്. അച്ചുതമേനോൻ പറയുന്നത് കെ. എം. ജോർജ്ജ് നന്നായിട്ടുണ്ടെന്നാണ്, ഇതിൽ ഏതാണ് ശരിയെന്ന് എനിക്കറിയുകയില്ല. ഏതായാലും പ്രശ്നം ഇതാണ്.

അന്ന്, ഒക്ടോബർ 24—ാം തീയതി, ഇന്നു ബഹുമാനപ്പെട്ട കരുണാകരൻ വളരെ വ്യക്തമായിട്ടു പറഞ്ഞതുപോലെ—ബഹുമാനപ്പെട്ട ജോർജ്ജ് തോമസ് പറയുന്നതിനെപ്പറ്റി ഞാൻ പറയുന്നില്ല. അദ്ദേഹം ഇപ്പോൾ സിൻഡിക്കറ്റാണ്. അങ്ങനെന്തൊക്കെയല്ലേ? അതിരിക്കട്ടെ. ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞതുപോലെ മാർക്സിസ്റ്റുകാരെ ഒഴിച്ചു നിറുത്തിക്കൊണ്ടുള്ള ഒരു ഭരണം ഇവിടെ ഉണ്ടാക്കുക. ബഹുമാനപ്പെട്ട ജോർജ്ജുതോമസ് പറഞ്ഞതുപോലെയാണെന്നുണ്ടെങ്കിൽ ആദ്യത്തെ പട്ടംതാണുപിള്ള ഭരണംമുതൽ അവസാനത്തെ ചാക്കോ—ശങ്കർ ഭരണംവരെയുള്ള കാൺഗ്രസ്സു ഭരണം, അതിന്റെ തുടർച്ചയായിട്ടുള്ള ഐക്യമുന്നണി, ഇതാണ്. ഇതുതന്നെയാണ് പ്രശ്നം. ഇതാണ് പ്രശ്നമെന്നുള്ള നിലയ്ക്കാണ് അന്നു രാജിവയ്ക്കുകയെന്നു പറയാതെ ആ നിലയ്ക്കുള്ള.....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഒരു ചോദ്യം.

[Mr. Speaker in the Chair]

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ വഴങ്ങുന്നില്ല. എന്റെ സമയംകഴിഞ്ഞു പിന്നെ സമയംതരാമെങ്കിൽ ചോദ്യത്തിനു ഉത്തരം പറയാം.

അന്നത്തെ സ്ഥിതിയെന്തായിരുന്നു. അതുതന്നെയാണ് ഗവർണ്ണറുടെ നടപടിയെസംബന്ധിച്ച് എനിക്കു പറയാനുള്ളത്. അന്നത്തെ സ്ഥിതി എന്തായിരുന്നു. നിലവിലുള്ള മന്ത്രിസഭ പോയി. ആ മന്ത്രിസഭ പോകുന്നതിനുള്ള കാരണം ഈ നിയമസഭയിലെ ഒരു വോട്ടാണ്. ആ വോട്ടിൽ ഒന്നിച്ചുനിന്നവർ എല്ലാംകൂടി മന്ത്രിസഭ രൂപീകരിക്കുകയാണെങ്കിൽ അത്

LIBRARY ARCHIVES Kerala Legislative Assembly

തടയാൻ ഗവർണ്ണർക്കു അധികാരമില്ല. ഞാൻ അങ്ങനെ ചെയ്യുന്നതിനു തയ്യാറുമായിരുന്നില്ല. പ്രസിഡൻറുഭരണം ഒഴിവാക്കാനൊന്നുമല്ല. അന്ന് 69 പേർ വോട്ടു ചെയ്തു. ആ 69 പേരുകൂടി മന്ത്രിസഭയിൽ ചേരുകയാണെങ്കിൽ അതിൽ 69 പേരുടേയും പിൻതുണയെങ്കിലും കിട്ടി—പ്രഖ്യാപിച്ചിട്ടുള്ള പിൻതുണ നല്ല കാര്യംചെയ്താൽ പിൻതുണയ്ക്കാമെന്ന്—നല്ല കാര്യം ആരാണ് തീരുമാനിക്കുക. ഈ പാർട്ടികളെല്ലാംകൂടി ഒന്നിച്ച് ഒരു മന്ത്രിസഭ രൂപീകരിക്കാൻ തയ്യാറാകുകയാണെങ്കിൽ ആ മന്ത്രിസഭാ രൂപീകരണം കഴിഞ്ഞ തെരഞ്ഞെടുപ്പു വാഗ്ദാനത്തിനു എതിരാണെന്ന് എനിക്ക് അഭിപ്രായമുണ്ടെങ്കിൽ പോലും—അതെന്റെ രാഷ്ട്രീയാഭിപ്രായമാണ്—ഭരണഘടനാപരമായി അന്ന് അങ്ങനെ വോട്ടുചെയ്ത 69 പേർകൂടിയുള്ള ഒരു ഭരണം ഉണ്ടാക്കിയാൽ തടയാൻ എനിക്ക് അധികാരമില്ല. ആ കാരണത്താലാണ് ഞാൻ എന്തുചെയ്യണമെന്നു പറയാത്തത്. അങ്ങുതീരുമാനിക്കണമെന്ന് ഗവർണ്ണറോടു പറഞ്ഞത്. അതു കഴിഞ്ഞിട്ട് വളരെ വ്യക്തമായിട്ടു പറഞ്ഞു, 69—ൽ 9 പേരുടെ പിൻതുണ ഞങ്ങൾക്കില്ല, ഞങ്ങൾക്കാവശ്യമില്ലായെന്ന് വളരെ വ്യക്തമായിട്ടു പറഞ്ഞു. എന്നുമാത്രവുമല്ല ആ 9 പേരുടെ പിൻതുണയോടുകൂടിമാത്രമേ ഭരിക്കാനൊക്കൂ എന്നുണ്ടെങ്കിൽ ആ നിമിഷം രാജിവയ്ക്കും എന്നു പ്രഖ്യാപിച്ചുകൊണ്ടു വന്നിട്ടുള്ള ഒരു മുഖ്യമന്ത്രിയെ മന്ത്രിയാക്കി സത്യപ്രതിജ്ഞചെയ്യിച്ചത് ഗവർണ്ണർ ചെയ്ത ഭരണഘടനാലംഘനമാണെന്നാണ് എന്റെ കുറ്റാരോപണം. അതാണ് എന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്. അന്ന് ഒന്നായിനിന്നിരുന്ന ബഹുമാനപ്പെട്ട കരുണാകരനും ബഹുമാനപ്പെട്ട ജോർജ്ജ്തോമസുംകൂടി ഞങ്ങൾ ഇവർക്ക് പിൻതുണനൽകാൻ പോകുന്നു എന്നു പറഞ്ഞുകൊണ്ട്, അവരുടെ പിൻതുണയെ ആശ്രയിച്ചിട്ടാണ് മന്ത്രിസഭ രൂപീകരിച്ചിരുന്നതെങ്കിൽ അതു ശരിയാകുമായിരുന്നു; ഭരണഘടനാപരമാകുമായിരുന്നു. രാഷ്ട്രീയമായി അതിനെ എതിർക്കുവാൻ എനിക്കു ധാരാളം ന്യായമുണ്ട്; അതു ഞാൻ ചെയ്യും. എന്നാൽ ഭരണഘടനാപരമായിട്ട് അതിനെ തടയാൻ എനിക്ക് അധികാരമില്ല. എന്നാൽ പ്രസിഡൻറു ഭരണത്തെക്കുറിച്ച് അത്ര വേവലാതിപ്പെടേണ്ട കാര്യമില്ല. പ്രസിഡൻറുഭരണം വരുന്നുവെന്നു പറഞ്ഞാൽ ഒരു ഇടക്കാലതെരഞ്ഞെടുപ്പിനു മുമ്പുള്ള പ്രസിഡൻറുഭരണമാണ്. അത് ഇത്തരം രാഷ്ട്രീയ പ്രതിസന്ധിയിലൊക്കെ ഉണ്ടാകും. അത്തരത്തിലുള്ള പ്രസിഡൻറുഭരണം ഒഴിവാക്കാൻവേണ്ടി പിൻതുണയുണ്ടെന്നു പ്രഖ്യാപിച്ചിട്ടില്ലാത്ത—ചോദിക്കുമ്പോഴും പറയുന്നതു നല്ലകാര്യമൊക്കെ ചെയ്താൽ ഞങ്ങൾ പിൻതുണനൽകും. നല്ല കാര്യങ്ങളെന്നുള്ളതിന് അവരുടെ വ്യാഖ്യാനം, 1948—ലെ പട്ടം താണുപിള്ള മുതൽ 1964—ലെ ശങ്കർവരെയുള്ളവരെല്ലാം ചെയ്തതാണ് അവരുടെ അഭിപ്രായത്തിൽ നല്ലത്. ആ നല്ലകാര്യങ്ങൾ ചെയ്യണമെങ്കിൽ പിൻതുണനൽകുമെന്നു പ്രഖ്യാപിക്കുന്ന ഒരു പാർട്ടിയുടെ പിൻതുണയുമായിട്ടാണോ ബഹുമാനപ്പെട്ട ബേബിജോൺ നടക്കുന്നത്. ആ പിൻതുണയുള്ള ഒരു ഗവൺമെൻറിനെ ഞങ്ങൾ പിൻതുണനൽകിയില്ലെങ്കിൽ ഞങ്ങൾ ഒറ്റപ്പെടുമെന്നു പറയുന്ന ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻ നായരുണ്ട്. ബഹുമാനപ്പെട്ട ഗോവിന്ദൻ നായരുടെ അഭിപ്രായത്തിൽ ഞങ്ങൾ സാർവലൗകികമായി ഒറ്റപ്പെട്ടുകഴിഞ്ഞു. ദേശീയമായിട്ടും ഒറ്റപ്പെടുമെന്നാണ്. ഈ ഒറ്റപ്പെടുന്ന കാര്യമൊക്കെ ഈ നാട്ടിൽനിൽക്കുന്ന കാര്യമല്ലേ. സാർവ്വദേശീയമായി ഒറ്റപ്പെടാത്തവരുടെ കാര്യത്തെക്കുറിച്ച് ഇപ്പോഴും ഞാൻ ഒന്ന് ഓർക്കുന്നുണ്ട്. 69—ൽ അവരുടെ പാർട്ടി കാൺഗ്രസ്സു നടന്നു, ഞങ്ങളുടേതും നടന്നു. അവരുടെ പാർട്ടി കാൺഗ്രസ്സിലേയ്ക്ക് സോവിയറ്റു യൂണിയനിൽനിന്നൊക്കെ കുറെ സൗഹൃദ പ്രതിനിധികളും വന്നു. ഞങ്ങളുടെ കാൺഗ്രസ്സിനു ആരും വന്നില്ല, ഞങ്ങളും ഒറ്റപ്പെട്ടുപോയല്ലോ. അവർക്ക് സോവിയറ്റു പ്രതിനിധി പാനമറോവ് വന്നപ്പോൾ ഒരു റഡ് ബാനർ കൊണ്ടുവന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതു കഴിഞ്ഞപ്പോഴാ ഇന്നു ബഹുമാനപ്പെട്ട എം. എൻ. പറയുന്ന അതേ സ്പിരിറ്റിൽ പറയുന്നു അവർക്ക് ഒന്നുമില്ല, അവർ ഒറ്റപ്പെട്ടിരിക്കുകയാണ്, ഞങ്ങളാണെന്നുണ്ടെങ്കിൽ — അന്ന് 65—ലെ ഇടക്കാലതെരഞ്ഞെടുപ്പു നടന്ന സമയമാണ്— അന്ന് ഞാൻ ഒരു ചോദ്യം ചോദിച്ചു. അതു ഞാൻ ഇപ്പോഴും ആവർത്തിക്കുകയാണ്. പാനമറോവ് വന്നപ്പോഴാ റഡ്ബാനർ തന്നു, അദ്ദേഹം എത്ര വോട്ടുകൊണ്ടുവരും ഈ കേരളത്തിൽ. അദ്ദേഹം വോട്ടു കൊണ്ടുവരുമോ സോവിയറ്റു യൂണിയനിൽനിന്ന്? അന്നുതന്നെ ഞാൻ പറഞ്ഞു. ഈ നാട്ടിലുള്ള ജനങ്ങളുടെ അംഗീകാരംനേടി അതിൽക്കൂടി സാർവ്വലൗകിക അംഗീകാരംകിട്ടുന്നകാലത്തു കിട്ടിയാൽ മതി. നിങ്ങൾ സാർവ്വലൗകികമുണ്ടെന്നുപറഞ്ഞ് ഈ നാട്ടുകാരുടെ അംഗീകാരം നേടാൻ ശ്രമിക്കുകയാണ്. ഞങ്ങൾക്ക് അത്തരത്തിലുള്ള അംഗീകാരമൊന്നുംവേണ്ട. ഞങ്ങൾ ഞങ്ങളുടെ സ്വന്തംകാലിൽനിൽക്കും. ഇൻഡ്യയുടേയും കേരളത്തിന്റെയും പ്രശ്നങ്ങളെസംബന്ധിച്ച് ഞങ്ങൾ സ്വതന്ത്രമായിട്ടു ചിന്തിക്കും. കുറച്ചൊക്കെ ആലോചിച്ചിട്ടാണ് ഞങ്ങളുടെ അഭിപ്രായം. മറ്റുള്ളവർ, ലോകത്തിലുള്ള ആരുപറയുന്നതും ഞങ്ങൾ ശ്രദ്ധിക്കും. ബഹുമാനത്തോടുകൂടി ശ്രദ്ധിക്കും. ബഷ്നേവ് പറഞ്ഞാലും ശ്രദ്ധിക്കും. മാവോ പറഞ്ഞാലും ശ്രദ്ധിക്കും. മാവോ പറഞ്ഞാലും ശ്രദ്ധിക്കുമെന്നു പറഞ്ഞാൽ ഇവർ ചാടിക്കടിക്കാൻ വരും. ബഷ്നേവ് പറയുന്നതു ശ്രദ്ധിക്കും, മാവോ പറയുന്നതും ശ്രദ്ധിക്കും. ഡിറോ പറയുന്നതു കുറെക്കാലം ശ്രദ്ധിച്ചു. അതുകഴിഞ്ഞപ്പോഴാ പിന്നെ കുറച്ചു സംശയമാണ്. ഏതായാലും കേൾക്കാനുള്ളതൊക്കെ ശ്രദ്ധിക്കും. ശ്രദ്ധിച്ച് ആലോചിക്കും. ആലോചിച്ചിട്ട് ഇവിടത്തെ സ്ഥിതി എന്തെന്നു ചിന്തിച്ച് ആലോചിക്കും. തീരുമാനിക്കും. ഒറ്റപ്പെട്ടു എന്നു ബഹുമാനപ്പെട്ട എം. എൻ. പറയുന്നത് — ബഹുമാനപ്പെട്ട ഗോവിന്ദൻ നായരുടെ ഒറ്റപ്പെടാത്തതല്പാത്ത സ്ഥിതിയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഞാൻ എന്തെങ്കിലും പറഞ്ഞാൽ ഞാൻ വൻപാർട്ടി മേധാവിത്വമാണ് പറയുന്നതെന്ന് പറയുമെന്നുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. ഇത്രയും ഒറ്റപ്പെട്ടതുകൊണ്ട് ഇതിൽ വലിയ പാർട്ടിയോട് ഞാൻ ചോദിക്കുകയാണ് ഈ പാർട്ടികളിൽ രണ്ടു മൂന്നു പാർട്ടികളുടെയെങ്കിലും സഹായം കൂടാതെ ഈ കേരളത്തിൽ ഏതെങ്കിലും ഒരു നിയോജകമണ്ഡലത്തിൽ ജയിക്കാൻ സാധിക്കുമോ? വളരെ വീമ്പു പറയേണ്ട. കുറെ വീമ്പുപറഞ്ഞിട്ടുള്ള ആളാണ് ശ്രീമാൻ എം. എൻ. അതിന്റെ ഫലം എവിടെ എത്തിയെന്നും എനിക്കറിയാം. അതുകൊണ്ട്, ഇനി കുറെയൊക്കെ പ്രായമായി എനിക്കും എം. എൻ.-ഉം. ആ സ്ഥിതിക്ക് ഇനി വലിയ വീമ്പുപറയുമ്പോഴാ കുറച്ചൊന്നു ശ്രദ്ധിക്കണം. സർ, ഇനി എനിക്ക് എത്ര സമയമുണ്ട്?

മി. സ്പീക്കർ: അഞ്ചുമിനിട്ട്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അങ്ങനെയാണെങ്കിൽ രണ്ടു കാര്യത്തെസംബന്ധിച്ചുമാത്രം സംസാരിച്ച് അവസാനിപ്പിക്കാം. നമ്മുടെ ഈ ഗവൺമെന്റ് ചെയ്ത നല്ലകാര്യങ്ങളെക്കുറിച്ച് ഒക്കെ കുറെ പറയണമെന്നുണ്ടായിരുന്നു. നല്ലകാര്യങ്ങളുടെ ഒരു ലിസ്റ്റു വച്ചിട്ടുണ്ട്. അതിനെക്കുറിച്ചെല്ലാം പറയണമെന്നുണ്ടായിരുന്നു. അതു പോകട്ടെ. വെറെ സന്ദർഭം കിട്ടുമല്ലോ അപ്പോഴാ പറയാം. എന്നാൽ ഈ രണ്ടുസംഗതികളെക്കുറിച്ചു പറയാതിരിക്കാൻ നിവൃത്തിയില്ല.

ഒന്ന് പോലീസിന്റെ കാര്യം. പോലീസിന്റെകാര്യത്തെക്കുറിച്ച് ഞാൻ അധികമൊന്നും പറയുന്നില്ല; സമയമില്ലാത്തതുകൊണ്ട്. ഇവിടെ പലരും പറഞ്ഞു എന്റെ ഭരണകാലത്ത് കുറെ പോലീസ് മർദ്ദനങ്ങൾ നടന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ബേബിജോൺ പറഞ്ഞതുപോലെ, നടന്നിരിക്കും. അദ്ദേഹംതന്നെ പറഞ്ഞതുപോലെ ബൂർഷ്വാഭരണക്രമത്തിൽ കുറെയൊക്കെ വരും. ബൂർഷ്വാഭരണക്രമത്തിൽ വരുമെന്നും അതു കഴിയുന്നതും കൂടാതെകണ്ട് കഴിക്കണമെന്നുമുള്ള ബോധത്തോടുകൂടിയാണ് ഞാൻ പ്രവർത്തിച്ചത് എന്നാണ് എന്റെ വിശ്വാസം. നിങ്ങളും അങ്ങനെ ചെയ്യുന്നുണ്ടോ? നിങ്ങളും എന്നു പറയുമ്പോൾ ഈ ഗവൺമെന്റിനെയാണ് പറയുന്നത്. ഇതാണ് എന്റെ ചോദ്യം. എന്നാൽ ഇന്നുതന്നെ അടിയന്തിരപ്രമേയത്തിന്റെ കാര്യത്തിൽ ഇടപെട്ടുകൊണ്ട് ഞാൻ ഒരു നിർദ്ദേശംവച്ചിട്ടുണ്ട്. ആ നിർദ്ദേശം എന്താണെന്നുവച്ചാൽ, ഞങ്ങളും നാട്ടിലാകെ കുഴപ്പമുണ്ടാക്കുകയാണെന്ന് അപ്പുറത്തിരിക്കുന്നവർ പറയുന്നു. അതിൽ ഭാഗികമായി ബഹുമാനപ്പെട്ട ബേബിജോണും ചേരും. മറിച്ച് ഞങ്ങൾക്ക് ആക്ഷേപമുണ്ട്. ആഭ്യന്തരമന്ത്രിയെ ആക്രമിച്ചതുസംബന്ധിച്ച് ഇവിടെ നടന്ന രോഷപ്രകടനത്തിൽ ഞാൻ പങ്കുകൊള്ളുന്നു. പങ്കുകൊള്ളുന്നു എന്നു ഞാൻ പറഞ്ഞാലും നിങ്ങളും വിശ്വസിക്കുകയില്ല; എങ്കിലും പങ്കുകൊള്ളുന്നു. എനിക്കു ചോദിക്കാനുണ്ട്, ശ്രീമാൻ കുഞ്ഞാലിയെ കൊന്നകാര്യത്തിൽ എന്താണ് മിസ്റ്റർ കരുണാകരനു പറയാനുള്ളത്? മിക്ക ബഹുമാനപ്പെട്ട മെമ്പറന്മാരും ആ സമയത്തുതന്നെ ചൂണ്ടിക്കാണിച്ചതുപോലെ കുഞ്ഞാലിവധക്കേസിൽ പ്രതിയായിട്ടുള്ള ഒരാളെസംബന്ധിച്ച്—അദ്ദേഹം ശ്രീ. കരുണാകരന്റെ പാർട്ടിയിലാണോ ശ്രീ. ജോർജ്ജ് തോമസിന്റെ പാർട്ടിയിലാണോ എന്നറിയുന്നതുകൂടെ—ഏതായാലും എന്റെ അറിവു ശരിയാണെങ്കിൽ അങ്ങനെ ഒരാളെ അവരുടെ ബാംബേ സമ്മേളനത്തിൽ പ്രതിനിധിയായിട്ട് അയച്ചിരുന്നു എന്നു തോന്നുന്നു; അല്ലെങ്കിൽ തിരുത്താം. ഏതായാലും ഒരുകാര്യം വളരെ വ്യക്തം. ഇന്ന് ഇവിടെ ശ്രീമാൻ മുഹമ്മദുകോയയുടെ നേരെ ഉണ്ടായ ആക്രമണത്തിലുണ്ടായ ഈ അരിശമൊന്നും കുഞ്ഞാലിയെ കൊന്ന അവസരത്തിൽ കണ്ടില്ലെന്നുള്ളതു ഒരു സത്യമാണ്. അതുപോലെതന്നെ ശ്രീമാൻ മുഹമ്മദുകോയയുടെ പാർട്ടിയിൽപ്പെട്ടവർ തന്നെ നിലമ്പൂർ പൗലോസിനെ കൊന്ന സമയത്ത് അതിനെസംബന്ധിച്ച് യാതൊരു ആക്ഷേപവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ എങ്ങനെ കൊന്നു എന്നുള്ളതിനെസംബന്ധിച്ച് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട അച്ച്യുതമേനോന്റെ എനിക്കുള്ള ഒരു കത്തിൽ പറയുന്നത് എന്താണ്. മുസ്ലീം ലീഗു വാളണ്ടിയറൻമാർ പോയിക്കൊണ്ടിരുന്ന വഴിയിൽ മാർക്സിസ്റ്റുകാർ ചുവപ്പുകൊടിക്കഷ്ണം വച്ചിട്ടുള്ള വടിയും വീശിക്കൊണ്ടിരുന്നു. അങ്ങനെ പോയിക്കൊണ്ടിരിക്കെ പ്രകോപനപരമായ സാഹചര്യത്തിൽ ഏറ്റുമുട്ടൽനടന്നു, മരിച്ചു എന്നാണ്. ഞാൻ ചോദിക്കുകയാണ്, ഇത്രയുമൊക്കെ മുഖ്യമന്ത്രി പറയുന്ന അവസരത്തിൽ നടന്നത് എന്താണെന്നു നമുക്ക് ഊഹിക്കാം. ഈ സംഭവത്തിൽ നിങ്ങൾക്ക് യാതൊരു രോഷവുമില്ലാത്തതെന്താണ്? അതുപോലെതന്നെ ഞങ്ങളാണ് ആക്രമണകാരികളാണെന്നു പറയുന്നുണ്ട്. പക്ഷേ മരിക്കുന്നതിൽകൂടുതൽ മാർക്സിസ്റ്റുകാരാണ്. ഇതൊരു പരമാർത്ഥമാണ്. അതുകൊണ്ട് ഞാൻ പറയുന്നത്, ഞങ്ങളും പറയുന്നുണ്ട് നിങ്ങളും പറയുന്നുണ്ട്.

(പല അംഗങ്ങളും എന്തോ പറഞ്ഞുകൊണ്ടിരുന്നു).

അതെ ഇതു രണ്ടും രക്തസാക്ഷിത്വം വരിക്കാൻവേണ്ടിയിട്ടാണ്. നിങ്ങളും മരിച്ചാൽ കൊന്നതാണ്, ഞങ്ങളും മരിച്ചാൽ രക്തസാക്ഷിത്വം വരിക്കാൻവേണ്ടി. ഇല മുള്ളിൽ വീണാലും മുള്ള് ഇലയിൽ വീണാലും..... അതുചിലരുടെ പാരമ്പര്യമാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ഇതിന്റെ സത്യം കണ്ടുപിടിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഈ അസംബ്ലിയിലെ മെമ്പറൻമാർ കൂടുന്ന ഒരു കമ്മിറ്റി ആ സ്ഥലത്തൊക്കെ പോവുക. ബഹുമാനപ്പെട്ട കേളുയേട്ടന്റെ പ്രസംഗത്തിലൂടെ പറഞ്ഞു—എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly

മാർ ചെയ്ത പ്രസംഗം കേട്ടവനാണ് ഞാൻ. മുതുകുളം പി. ആർ. വാസു, അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകൻമാർക്കും ലോക്കപ്പിലുണ്ടായിട്ടുള്ള അനുഭവങ്ങൾ എണ്ണിയെണ്ണി പറയുന്നത് ഞാൻ കേട്ടതാണ്. ലോക്കപ്പിൽ വച്ചാണ്. അത് ഇന്നത്തെപോലീസ് നിയമമനുസരിച്ചുതന്നെ തെറ്റായിട്ടുള്ള നടപടിയാണ്. ഇനി ഈ ചുവപ്പുകൊടി പിടിക്കുമോയെന്നു ചോദിച്ചിട്ട് ഒരു പഴയ കമ്മ്യൂണിസ്റ്റുകാരനെ തല്ലുക. എന്നാലും അച്യുതമേനോൻ മുഖ്യമന്ത്രിയായിട്ടുള്ള കാലത്ത് നടക്കുന്നതു ശരിയാണോ?

ഇത്തരം സംഭവങ്ങൾ നടന്നിട്ടുള്ളതിനെപ്പറ്റി..... ലോക്കപ്പ് മർദ്ദനം പോലീസ് നിയമപ്രകാരംതന്നെ നിയമവിരുദ്ധമാണ്. നിയമം കൈയിൽ എടുക്കുന്നതിനെപ്പറ്റി ഒട്ടേറെ പ്രസംഗങ്ങൾ ഇവിടെ നടക്കുകയുണ്ടായി. ഞാൻ പറയുന്നത് ഇന്നത്തെ നിയമപ്രകാരംതന്നെ നിയമം കൈയിൽ എടുക്കുന്നത്, ലോക്കപ്പിൽ വച്ചുതല്ലുന്നത് പോലീസുകാരാണ്. അതു നടക്കുന്നുണ്ടോ? അതു നടക്കുന്നു എന്നു ഞങ്ങൾ പറയുന്നതു നിങ്ങൾ വേദവാക്യമായി എടുക്കേണ്ട. നിങ്ങൾ പറയുന്നതു വേദവാക്യമായി എടുക്കണമെന്നു ഞങ്ങളോടും പറയരുത്. അതുകൊണ്ട് ഇതിന്റെ സത്യാവസ്ഥ കണ്ടുപിടിക്കുന്നതിന് ഈ ബഹുമാനപ്പെട്ട സഭയിൽനിന്നുള്ള ഏതാനും അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റിയെ നിർദ്ദേശിക്കണം. ആ കമ്മിറ്റി ഓരോ സ്ഥലത്തും ഓരോരുത്തർക്കും ഉണ്ടായിട്ടുള്ള അനുഭവങ്ങൾ കേൾക്കുക. അതുപോലെതന്നെ പോലീസിനുള്ള വെർഷനും കേൾക്കുക. ഈ രണ്ടു വെർഷനെ സംബന്ധിച്ചും ഈ നിയമസഭയുടെ കമ്മിറ്റിയിൽക്ക് ഏകാഭിപ്രായമുണ്ടാകുകയില്ല. എന്നിട്ട് ഇതുരണ്ടും എന്തായി എന്നുള്ളത് ജനങ്ങളുടെ മുമ്പിൽ വയ്ക്കുക. ജനങ്ങൾ കേൾക്കട്ടെ. അടികിട്ടുന്നവർക്കു എന്തു പറയാനുണ്ട്, അടിച്ചവർക്ക് എന്തു പറയാനുണ്ട് എന്നുള്ളതിനെസംബന്ധിച്ച് ജനങ്ങൾക്ക് അറിയത്തക്കനിലയിൽ ഈ വിവരങ്ങൾ ജനങ്ങളുടെ മുമ്പിൽ വച്ചിട്ട് പിന്നെ ജനങ്ങൾ തീരുമാനിക്കട്ടെ. ഈ ഗവൺമെൻറാണോ വേണ്ടത് അതോ വേറെ ഏതെങ്കിലും ഗവൺമെൻറാണോ വേണ്ടത് എന്നുള്ളത് ജനങ്ങൾ തീരുമാനിക്കട്ടെ. കുരുക്ഷേത്രത്തെപ്പറ്റി ഇവിടെ സമരാഹ്വാനം നടത്തിയതാണ്. ആ കുരുക്ഷേത്രത്തിനുമുമ്പ് ഈ സത്യാവസ്ഥ കണ്ടുപിടിക്കട്ടെ. അതാണ് ഒരു കാര്യം. രണ്ടാമതൊരുകാര്യം ഭൂനിയമത്തെസംബന്ധിച്ച്. ഭൂനിയമത്തിന്റെ പല വശങ്ങളെസംബന്ധിച്ചും സംസാരിക്കണമെന്ന് എനിക്കാഗ്രഹമുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ ഒരു വശത്തേക്കുറിച്ചു പറയാം. ഈ നിയമം നടപ്പിലാക്കുക. ഈ നിയമം നടപ്പിലാക്കുന്നതിൽ നിയമവിരുദ്ധമാണെന്നു ഞാൻ സമ്മതിച്ചു എന്നു പറഞ്ഞതായിട്ടാണ് ബഹുമാനപ്പെട്ട മാണി ഇന്നിവിടെ വായിച്ചതുതന്നെ. ഇതു ഭരണഘടനാവിരുദ്ധമാണെന്നു കോടതി വിധിച്ചേക്കാൻ ഇടയുണ്ടെന്നോണർത്ഥം. ഇതാണ് ഞാൻ പറഞ്ഞത്. ഇതു ഞാൻ മാറ്റുന്നില്ല. എന്നുള്ളതിന്റെ അർത്ഥം എന്റെ അഭിപ്രായത്തിൽ ഭരണഘടനാവിരുദ്ധമാണെന്നല്ല. ഈ കഴിഞ്ഞ 22 കൊല്ലക്കാലത്തെ അനുഭവമാണ്. എത്രയേറെ നല്ലനല്ല നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ ആ നിയമങ്ങളെല്ലാം ഭരണഘടനാവിരുദ്ധമാണെന്നു കോടതികൾ വിധിച്ചതിന്റെ അടിസ്ഥാനത്തിൽ പാർലമെൻറിൽ ഭരണഘടനാഭേദഗതി വരുത്തേണ്ടിവന്നു. എന്നുമാത്രവുമല്ല പുതിയ തരത്തിലുള്ള 7 ഭേദഗതികൾ മാത്രമല്ല ഈ കോടതിവിധികൾക്ക് അടിസ്ഥാനമായി നിൽക്കുന്ന ഭരണഘടനയിലെ 'റൈറ്റ് ടു പ്രോപ്പർട്ടി' എന്നുള്ള ക്ലാസ്തന്നെ മാറ്റണമെന്നുള്ള അഭിപ്രായത്തിൽ ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടിതന്നെ എത്തിയിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. അതോ ആളെ പറ്റിക്കാനുള്ള പ്രസംഗമാണോ എന്നറിയില്ല. അതുകഴിഞ്ഞ്..... അവരുടെ സമ്മേളനത്തിലൊക്കെ ഘോരഘോരം പ്രസംഗിക്കും. അവർ പാസ്സാക്കിയ പ്രമേയത്തിലൊന്നും കാണുകയുമില്ല. പ്രമേയത്തിൽ റൈറ്റ് ടു പ്രോപ്പർട്ടി

LIBRARY ARCHIVES Kerala Legislative Assembly

യുടെ കാര്യം ഇല്ലെന്നാണു തോന്നുന്നത്. ഞങ്ങളും പറഞ്ഞാൽ ഇനിയെങ്കിലും ചേർക്കുമല്ലോ എന്നു വിചാരിക്കുകയാണ്. എന്തായാലും ഈ ''റൈറ്റ് ടു പ്രോപ്പർറ്റി'' യുടെ കാര്യത്തിൽ വളരെ സാരമായ മാറ്റംവരുത്തിയില്ലെങ്കിൽ ഇത്തരം നിയമങ്ങൾക്ക് അർത്ഥമില്ല എന്നു പ്രധാനമന്ത്രിയുടെ പാർട്ടിപോലും പറയുക. ആ അഭിപ്രായം പ്രധാനമന്ത്രി പോലും പ്രകടിപ്പിക്കുക. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ അതും വിശേഷിച്ച് ഞാൻ അതു പറഞ്ഞതിനെക്കുറിച്ച്—ഇതുപോലെ ഒരു നിയമം രാജസ്ഥാനിൽ പാസ്സാക്കിയതു ഹൈക്കോടതി ഭരണഘടനാവിരുദ്ധമാണെന്നുവിധിച്ച റിപ്പോർട്ടുണ്ട്. അപ്പോൾ ഈ തരത്തിൽ നന്നാകാനിടയുണ്ട്. അതു കൂടാതെകണ്ട് കഴിക്കണമെങ്കിൽ റൈറ്റ് ടു പ്രോപ്പർറ്റി എടുത്തുകളയണം. അതിനു ബഹുമാനപ്പെട്ട ജോർജ്ജും ജോൺജേക്കബ്ബും ഒക്കെ.....മാണി പിന്നെ .....യോജിക്കുമെന്നുതോന്നുന്നില്ല എനിക്ക്. അതിന്റെ കാര്യത്തിൽ അവർക്കൊക്കെ ഒന്നാകാൻകഴിയുമോ? ബഹുമാനപ്പെട്ട ബേബിജോണിനോടും ഈ ഒരു കാര്യമാണ് ഞാൻ പറഞ്ഞത്. ഭരണഘടനാവിരുദ്ധമാണെന്നു അറിഞ്ഞുകൊണ്ടു നിയമം പാസ്സാക്കിച്ചു.....

ശ്രീ. കെ. എം. മാണി: സർ, ഒരു ചോദ്യം.....

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: എന്റെ പ്രസംഗസമയം കഴിഞ്ഞ് അങ്ങ് സമയം തരികയാണെങ്കിൽ ഞാൻ എല്ലാ ചോദ്യത്തിനും ഉത്തരം പറയാം.

ഭരണഘടനാവിരുദ്ധമാണെന്നറിഞ്ഞുകൊണ്ടു നിയമം പാസ്സാക്കാൻ ഞാൻ സമ്മതിച്ചു എന്നുപറയുന്നതു ഏറ്റവും മിതമായ ഭാഷയിൽ പറഞ്ഞാൽ അഭിപ്രായം വളച്ചൊടിക്കലാണ്, ഒരു കാര്യംകൂടി പറയേണ്ടതുണ്ട്. നിയമം നടപ്പിലാക്കുക എന്നുപറഞ്ഞാൽ.....അതുതന്നെയാണു എനിക്കു ഈ നിയമസഭയിൽവച്ച് റവന്യൂമന്ത്രിയായ ശ്രീ. ജേക്കബിനോടു ചോദിക്കാനുള്ളത്. അദ്ദേഹം വിചാരിക്കുന്നുണ്ടോ ഈ നിയമം നടപ്പിലാക്കാൻ ഉദ്യോഗസ്ഥൻമാരുടേതായിട്ടുള്ള ഒരു മെഷിനറികൊണ്ടു സാധിക്കുമെന്ന്. കേന്ദ്രഗവൺമെൻറിന്റെ മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ് തയ്യാറാക്കിയിട്ടുള്ള ലാൻഡ് റിഫോംസ് ഇംപ്ലിമെൻറേഷനെസംബന്ധിച്ചുള്ള ഒരു കമ്മിറ്റി റിപ്പോർട്ട് ഞാനിവിടെ വായിക്കാം. ഇതു സെൻട്രൽ ഹോം മിനിസ്ട്രിയുടേതാണ്, ഞങ്ങളുടേതല്ല.

'Land Reforms Implementation:

> The main obstacles to effective land reform implementation as brought out by the evaluation studies and the work of scholar are as follows:

എന്നു പറയുന്നുണ്ട്. ആദ്യത്തെ പോയിൻറ് എന്താണെന്നറിയാമോ?

The administration of tenancy legislation has been left to civil servants who often lack both the qualifications and the integrity necessary for the job and are over-burdened with responsibilities.

സിവിൽ ഉദ്യോഗസ്ഥൻമാർ മാത്രമായിട്ടുള്ള ഒരു മെഷിനറികൊണ്ട് ഇതു നടപ്പിലാകുകയില്ലെന്നു പറഞ്ഞിട്ടുള്ളത് ഞങ്ങളല്ല സർ. സെൻട്രൽ ഹോം മിനിസ്ട്രിയാണ്. ഈ സാഹചര്യത്തിൽ ഈ നിയമം നടപ്പിലാക്കണമെങ്കിൽ വേറെ എന്താണു മാർഗ്ഗം? ജനങ്ങളുടേതായിട്ടുള്ള ഇനിഷ്യേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ജോയിൻറ് ആക്ഷൻ അതല്ലാതെ രക്ഷയൊന്നുമില്ല. അതിനു പകരം ഇവർ പാർട്ടികളുടെ ഒരു കമ്മിറ്റി ഉണ്ടാക്കാൻപോകുന്നതായി ഒരു ഓർഡർ കാണുകയുണ്ടായി. ആ ഓർഡറിൽ ഓരോ ജില്ലയുടെയും ജില്ലാ ഘടനകളുടേതായിട്ടുള്ള മുഴുവൻ പ്രതിനിധികളും എല്ലാ പഞ്ചായത്തുകളുടെയും കമ്മിറ്റിയിൽ വേണമെന്നുണ്ട്. ഇതിന്റെ അർത്ഥം എന്താണെന്നുണ്ടെങ്കിൽ ഓരോ പഞ്ചായത്തിലുമുള്ള സ്ഥിതിഗതികളും നോക്കിക്കൊണ്ടു ആ പഞ്ചായത്തിന്റെ അതിർത്തിയിൽ ആര് ഈ നിയമം തോൽപ്പിക്കാൻ ശ്രമിക്കുന്നു എന്നു നോക്കുക—നിയമം തോൽപ്പിക്കുവാൻ ശ്രമിക്കുന്ന കള്ളപ്പോര് പൊളിക്കുന്നത് ആരാ? ആ പഞ്ചായത്ത് അതിർത്തിയിൽ ഉള്ള കർഷകത്തൊഴിലാളികളും

.....

ശ്രീ. ഇ. ജോൺജേക്കബ്: മാർക്സിസ്റ്റ് കാർ മാത്രം മതി.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ എന്തുപറഞ്ഞാലും നിങ്ങൾക്കു ദുരുദ്ദേശമാണ്. അട്ടയ്ക്ക് ദുഷ്ട ചോരയിലേ കണ്ണെത്തുള്ളൂ, അതുപോലെയാണ് ശ്രീ. ജോൺ ജേക്കബ്. മുമ്പൊരു കാലത്ത് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ഒരാൾ കമ്മ്യൂണിസം ഭൂതമാണ് എന്നു പറഞ്ഞു നടന്നിട്ട് ഒടുവിൽ അയാൾക്കു ഭ്രാന്തു വന്നു. അവസാനം അയാൾ ഒരു ഏഴുനിലക്കെട്ടിടത്തിന്റെ ഏഴാം നിലയിൽ നിന്നു താഴോട്ട് ചാടിവീണു. ആ അനുഭവം വരുത്തരുതേ എന്നാണ് എനിക്ക് ശ്രീ. ജോൺ ജേക്കബിനോടു പറയാനുള്ളത്.

പഞ്ചായത്തതിർത്തിയിലുള്ള കർഷക തൊഴിലാളികളും, ചെറിയ കൃഷിക്കാർ ഈ നിയമം കൊണ്ടു ദോഷം വരുന്നതായിട്ടുള്ള ചെറുകിട ഭൂ ഉടമസ്ഥൻമാർ (എല്ലാ ഭൂ ഉടമസ്ഥൻമാരെയും ഞാൻ പെടുത്തുകയില്ല.) വൻകിട ഭൂ ഉടമസ്ഥൻമാരെ ഒഴിച്ചുനിറുത്തിക്കൊണ്ടു ചെറുകിട ഭൂ ഉടമസ്ഥൻമാർ കൃഷിക്കാർ കർഷകത്തൊഴിലാളികളും ഇങ്ങനെ വരുന്ന ഞങ്ങളുടെയിടയിൽ പ്രവർത്തിക്കുന്ന പ്രതിനിധികളും ആരൊക്കെയുണ്ടോ.... ബഹുമാനപ്പെട്ട ജോൺ ജേക്കബിന് ഏതെങ്കിലും ഒരു പഞ്ചായത്തിൽ അവിടുത്തെ കർഷകത്തൊഴിലാളികളുടെയിടയിൽ സ്ഥാനമുണ്ടെങ്കിൽ.... അല്ല, കർഷകത്തൊഴിലാളികളെ തല്ലുകയേ ഉള്ളൂയെങ്കിൽ ചിലപ്പോൾ കിട്ടിയില്ലെന്നുവരും. കർഷകത്തൊഴിലാളികളുടെ മുമ്പിൽ ആ പഞ്ചായത്തിനും കിട്ടും. ആ പ്രദേശത്തുള്ള കർഷകത്തൊഴിലാളികളും, കൃഷിക്കാർ, ചെറുകിട ഭൂ ഉടമസ്ഥൻമാർ അവർക്ക് പ്രാധിനിധ്യമുള്ള കമ്മിറ്റികളും—ഇങ്ങനെ ആരെല്ലാം നിയമം തോൽപിക്കുന്നതിന്റെ കഥകളും പലതും ഈ റിപ്പോർട്ടിലുണ്ട്. അതൊന്നും വായിക്കാൻ സമയമില്ല. ഈ ഉദ്ദേശത്തോടുകൂടി ഈ പ്രവർത്തനത്തിൽ വല്ല മാറ്റവും വരുത്തിക്കാണാൻ ഇന്നു മന്ത്രിസഭയിലില്ലെങ്കിലും മന്ത്രിസഭയ്ക്ക് പിൻതുണ നൽകുന്ന ശ്രീ. ബേബി ജോൺ ശ്രമിക്കുമോ? അതെയും മതി, ഇതു മാത്രം. സമയമില്ലാത്തതുകൊണ്ടു ഞാൻ കൂടുതൽ പറയുന്നില്ല. എന്റെ ഈ നാലു ഭേദഗതികളും പാസ്സാക്കിത്തരണമെന്നു സഭയോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, മൂന്നുദിവസമായി ഇവിടെ നടന്നുവരുന്ന ചർച്ച ഏകദേശം ഒരു അവസാനത്തിലേയ്ക്ക് നീങ്ങുകയാണു്. മിക്കവാറും എല്ലാ കാര്യങ്ങളും ഇവിടെ ചർച്ച ചെയ്തു കഴിഞ്ഞിരിക്കുകയാണ്. പ്രതിപക്ഷ നേതാവും് സഖാവും് ഇ. എം. എസ്സിന്റെ പ്രസംഗം ഞാൻ വളരെ ശ്രദ്ധാപൂർവം കേൾക്കുകയുണ്ടായി.

ശ്രീ. എ. വി. കുഞ്ഞാമ്പു: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവിടെ പരാമർശിക്കപ്പെട്ട മുഴുവൻ പ്രശ്നങ്ങളും ഗവൺമെൻറിന്റെ പ്രശ്ന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളാണ്. അതിനെപ്പറ്റി ഗവൺമെന്റിൽ ചുമതല വഹിക്കാത്ത സഭാ നേതാവിനു മറുപടി പറയാൻ അവകാശമുണ്ടോ? കാബിനറ്റിൽ പങ്കില്ലാത്ത സഭാനേതാവിന് അവകാശമുണ്ടോ?

മി. സ്പീക്കർ: ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: എന്റെ പ്രസംഗം കേട്ടുകഴിഞ്ഞശേഷം ന്യായമായി ആ സംശയം ചോദിക്കാമായിരുന്നു. ഈ ഗവൺമെന്റ് രൂപീകരിക്കാനിടയായ രാഷ്ട്രീയ സാഹചര്യങ്ങളിൽ നിന്നു വേർപെട്ടു നിന്നുകൊണ്ട് ഈ ഗവൺമെന്റിനെ രാഷ്ട്രീയമായി വിമർശിക്കുന്നതു കൊണ്ടു കാര്യമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിൽ ഈ ഗവൺമെന്റിനെ രണ്ടുരീതിയിലാണ് എതിർത്തിട്ടുള്ളത്: ഒന്ന് ഭരണഘടനാപരമായും രണ്ട് രാഷ്ട്രീയമായും. ഭരണഘടനാപരമായി ഈ ഗവൺമെന്റിന്റെ നിലനിൽപ്പിനെ സംബന്ധിച്ചിടത്തോളം ഇന്നു വലുതായ എതിർപ്പുകളം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായില്ല. ഏതായിരുന്നാലും അതിനെച്ചൊല്ലിയായിരുന്നു ഇതുവരെ ഉണ്ടായിരുന്ന വഴക്കെല്ലാം തന്നെ. ഡിസംബർ 9—ാം തീയതി നടന്ന ചില സംഭവങ്ങളെച്ചൊല്ലിയാണ് പിന്നീട് ഇവിടെ പ്രധാനമായി ചില ആക്ഷേപങ്ങളം ഉണ്ടായത്. സർ, ഈ ഗവൺമെന്റ് ഉണ്ടാകാനിടയായ സാഹചര്യം മുൻ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മന്ത്രിസഭയുടെ രാജിസമർപ്പിച്ചതാണ്. ആ മന്ത്രിസഭ രാജിസമർപ്പിച്ചത് അന്നുണ്ടായിരുന്ന ഒരു വോട്ടിംഗിന്റെ അടിസ്ഥാനത്തിലാണെന്നുപറയുകയുണ്ടായി. ആ വോട്ടിംഗിൽ കോൺഗ്രസ്സും കേരളാ കോൺഗ്രസ്സും ചേർന്ന് വോട്ടു ചെയ്തു എന്നുള്ളതാണ് മന്ത്രിസഭയുടെ രാജിക്ക് ഇടയാക്കിയ കാര്യങ്ങളം. അന്നു പ്രധാനമായി പൊന്തിവന്ന കാര്യം അഴിമതിയെ സംബന്ധിച്ചുള്ളതാണ്. ഐക്യമുന്നണിക്കകത്ത് അഭിപ്രായ വ്യത്യാസം പലതുണ്ട്. ഒരു കാര്യത്തിൽ മാത്രമാണ് ആ അഭിപ്രായവ്യത്യാസം. പൊതു വേദിയിൽ ഒരു ചർച്ചയ്ക്കും വോട്ടിംഗിനും ഇടയായ സാഹചര്യങ്ങളം മുൻ മുഖ്യമന്ത്രി പൂർണ്ണമായും ഇനിയും മനസ്സിലാക്കിയിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അഴിമതിയെസംബന്ധിച്ചിടത്തോളമുള്ള അഭിപ്രായവ്യത്യാസങ്ങളം ഐക്യമുന്നണിക്കകത്ത് എല്ലാതലത്തിലും ചർച്ചചെയ്തു കഴിഞ്ഞതിനുശേഷം അവിടെയുള്ള ചർച്ചകളൊന്നും തന്നെ പ്രയോജനകരമാകുന്നില്ലെന്നും നിയമസഭയിലെ ഭൂരിപക്ഷ കക്ഷി ഐക്യമുന്നണിക്കെതിരായി അഴിമതിയാരോപണം ഏറ്റവും ശക്തമായ ആയുധമായി എടുത്തുപയോഗിക്കുകയും ചെയ്ത രാഷ്ട്രീയ പരിത:സ്ഥിതിയിൽ ഐക്യമുന്നണിയുടെ എല്ലാ ഘടകകക്ഷികളുടെയും അഭിപ്രായം നിരംകുശം തള്ളിമാറ്റിക്കൊണ്ടു അഴിമതി നടത്തിക്കൊള്ളാനുള്ള ഒരു ലൈസൻസ് മാർക്സിസ്റ്റ് പാർട്ടിയുടെ അനുവാദം ഉണ്ടെങ്കിൽ ആകാം എന്നുള്ള ഒരു പൊതുനിലവാരം ഉണ്ടാകുകയും ചെയ്ത പരിത:സ്ഥിതിയിൽ ഐക്യമുന്നണിയിലെ ഘടക കക്ഷികം ഒരു പ്രമേയം അവതരിപ്പിക്കുകയും ആ പ്രമേയത്തിനു കോൺഗ്രസ്സും കേരളാ കോൺഗ്രസ്സും പിൻതുണനൽകുകയുമാണു ചെയ്തത്. അവരുടെ പിന്തുണ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള പൂർണ്ണമായ അവകാശം അവർക്കുള്ളതാണ്. പക്ഷേ ഐക്യമുന്നണിയിലെ ഘടക കക്ഷികം ഇതു നിയമസഭാതലത്തിൽ ഉന്നയിക്കുന്നതിന് ഉണ്ടായ കാര്യം അതാണ്. സഖാവ് ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്നപ്പോൾ പാസ്സായ പ്രമേയമനുസരിച്ച് അദ്ദേഹം ബർലിനിൽ നിന്ന് എത്തിയശേഷം കാബിനറ്റിലെ നാലു മന്ത്രിമാരുടെ പേരിൽ നടപടിയെടുക്കുന്നതിനു മുമ്പായി അവരോടാലോചിക്കുകയോ അവർക്കുതന്നെ ഒരഭിപ്രായം പറയാനുള്ള അവകാശം നൽകുകയോ ഐക്യമുന്നണിയിലെ ഘടക കക്ഷികളോടുചേർന്ന് ഒന്നാലോചിക്കുകയോ ചെയ്യുകയെന്നുള്ള സാമാന്യ രാഷ്ട്രീയമര്യാദ അദ്ദേഹം പാലിച്ചില്ലെന്നുള്ളതാണ് 24—ാം തീയതിയിലെ സംഭവത്തിന് ഇടയായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളതു്. സർ, ഐക്യമുന്നണി എന്നു പറയുമ്പോൾ ഐക്യമുന്നണിയുടെ ഘടക കക്ഷികൾക്ക് എല്ലാം ഐക്യമുന്നണിയിലെ പ്രകടന പത്രികയോട് ബാധ്യതയുണ്ട്. ഏതെങ്കിലുമൊരു പാർട്ടി പറയുന്നതു മാത്രം എല്ലാ കാലത്തും കേട്ടുകൊണ്ടിരിക്കുക എന്നുള്ളതല്ല. ഐക്യമുന്നണി എന്നു പറഞ്ഞാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് പൊളിറ്റിക്കൽ കാസ്റ്റിങ്ങ് വോട്ട് മറ്റു പാർട്ടികളും നിന്നു തരണമെന്നും ഉള്ളതല്ല എന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. ഇക്കാര്യം അവർ മനസ്സിലാക്കുന്നില്ലെന്നുള്ളതാണ് സത്യം, സർ. ആ കാര്യങ്ങളും എന്തുതന്നെയായിരുന്നാലും 24-ാം തീയതി ഇവിടെ പ്രമേയം പാസായതുമൂലമാണ് അതിന് ഘടക കക്ഷികളും വോട്ടു ചെയ്തതു മൂലമാണ് ഇവിടെ പ്രസിഡൻറ്ഭരണം വരാൻ ഇടയായത് എന്ന് പ്രചരിപ്പിക്കാനുള്ള ഒരു അവസരം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് കിട്ടിയില്ലെന്നുള്ളതിന്റെ വേദനയും വിദ്വേഷവും വിഷമവുമൊക്കെ എനിക്കു മനസ്സിലാക്കാൻ കഴിയും. സ്വാഭാവികമായും രാഷ്ട്രീയ വസ്തുസ്ഥിതികളെ കണക്കിലെടുത്തുകൊണ്ട് വ്യതിയാനങ്ങളും ഉണ്ടായിട്ടുണ്ടെന്ന് സമ്മതിക്കുന്നതിനും ഇപ്പുറത്തിരിക്കുന്ന ആളുകൾക്ക് മടിയില്ല. സർ, ഈ കാര്യങ്ങളെ സംബന്ധിച്ചൊന്നും വിശദമായി പറയേണ്ട കാര്യമില്ല. നാം അവിടെയല്ലല്ലോ നിൽക്കുന്നത്.

നവംബർ ഒന്നാം തീയതിക്കുശേഷം ഇവിടെ എന്തെല്ലാം മാറ്റങ്ങളും ഉണ്ടായി. ഇൻഡ്യയിലെ രാഷ്ട്രീയ സ്ഥിതിഗതികളും, നവംബർ ഒന്നാം തീയതിയാണ് നിൽക്കുന്നതെന്ന അടിസ്ഥാനത്തിൽ ഇന്നു ചർച്ച ചെയ്യുന്നത് ശരിയായിരിക്കുകയില്ല. ഇൻഡ്യയിലെ പൊതുവായ സ്ഥിതിവിശേഷങ്ങളിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ, നവംബർ ഒന്നാം തീയതി ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ബംഗാളിൽ ഉള്ളതിനെ നിലനിറുത്തിക്കൊണ്ടു പോകാൻ ഇന്ന് എടുത്തിരിക്കുന്ന നയം ഇതെല്ലാം കണക്കിലെടുക്കേണ്ടതല്ലേ? ഇവിടെ മൂന്നു ദിവസം നടത്തിയ ചർച്ചകളിൽ മാർക്സിസ്റ്റ് പാർട്ടിയുടെ അണികളിൽ നിന്നു നവംബർ ഒന്നാം തീയതിക്കുശേഷം ഉണ്ടായ രാഷ്ട്രീയമാറ്റങ്ങൾ കണക്കിലെടുക്കുന്നതിനോ വിലയിരുത്തുന്നതിനോ ഉള്ള യാതൊരു സൗമനസ്യവും കാണിക്കാതിരുന്നു എന്നുള്ളത്, ഇന്നും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ നിന്നു പോയ ദിവസത്തെ വികാരവിചാരങ്ങളിൽത്തന്നെ നിൽക്കുന്നുവെന്നുള്ളതിനു തെളിവാണ്. അതിനുശേഷവും രാഷ്ട്രീയമായി വലുതായ മാറ്റങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. പിന്നെ അന്നു "കരുണാകരനിൽത്തുടങ്ങി ദിവാകരനിൽ അവസാനം" ആണെന്നു പറഞ്ഞിരുന്നുവെങ്കിൽ ഇന്നു സഖാവ് ഇ. എ. എസ്സി-ൽത്തുടങ്ങി ഡോക്ടർ ജോർജ് തോമസിൽ ചെന്നവസാനിക്കുന്ന ചില അനുകൂല സാഹചര്യങ്ങളിൽ എത്തിയിരിക്കുകയാണ്. അതിൽ ജോർജ് തോമസ് ശ്രീമാൻ കരുണാകരനെക്കൂടി ലഭിക്കുമെന്ന സൂചന അങ്ങയ്ക്ക് ഇപ്പോഴും നൽകുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ മാറ്റങ്ങളും കാണേണ്ടതുണ്ട്. അതു മാത്രവുമല്ല, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നവംബർ ഒന്നാം തീയതിയിലെയോ ഒക്ടോബർ 21-ാം തീയതിയിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണോ? അല്ല. ഇന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ചെകുത്താനോടു ചേരാൻ തയ്യാറായി നിൽക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയായും ചെകുത്താനെ ചെകുത്താനായും, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോടു ചേരുന്ന ചെകുത്താനെ ആ രീതിയിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ചെകുത്താനോട് കൂടുമ്പോഴും ആ രീതിയിലും കാണുക എന്നുള്ളതാണ് രാഷ്ട്രീയം. അതുകൊണ്ട് ചെകുത്താനോടു കൂടുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്നുള്ള നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള പെരുമാറ്റം ലഭിക്കണമെന്നു പറഞ്ഞാൽ ബുദ്ധിമുട്ടുണ്ട്. അതുപോലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് കൂടി നിൽക്കുമ്പോൾ ചെകുത്താനെ ചെകുത്താനായി കാണണമെന്നു പറഞ്ഞാൽ അതിനെ അംഗീകരിക്കുവാനും നിർവ്വാഹമില്ല.

സർ, ഇന്ന് അവരുടെ ശത്രു ആരാണ്? ഏതു ചെകുത്താനുമായും ചേർന്ന് ഈ ഗവൺമെൻറിനെ എതിർക്കുക, ഏതു മാർഗ്ഗവും ഉപയോഗിച്ച് എതിർക്കുക; അതാണോ രാഷ്ട്രീയമായ കാഴ്ചപ്പാട്. ഈ നാട്ടിലെ ശക്തമായ പ്രതിപക്ഷം ഏതു മാർഗ്ഗവും ഉപയോഗിച്ച് എതിർക്കുക എന്ന നയം രൂപീകരിച്ചിരിക്കുന്ന അവസരത്തിൽ ഗവൺമെൻറിന് എല്ലാ മാർഗ്ഗങ്ങളും ചിലപ്പോഴെങ്കിലും സ്വീകരിക്കേണ്ടതായി വന്നേക്കും. സർ, അങ്ങ് അധികാരത്തിൽ ഇരുന്ന കാലത്ത്, 32 മാസക്കാലം, ഇപ്പോഴുള്ളതുപോലെ ശക്തമായ പ്രതിപക്ഷം അപ്പുറത്ത് ഉണ്ടായിരുന്നോ, രാജ്യത്ത് ഈ നില ഉണ്ടായിരിന്നോ? ഈ ഗവൺമെൻറിനു നേരിടേണ്ടിവരുന്ന രാഷ്ട്രീയ പരിതഃസ്ഥിതി എന്താണ്? ശക്തമായ പ്രതിപക്ഷം, ഏതു മാർഗ്ഗവും ഉപയോഗിച്ച് ഏതു ചെകുത്താനെയും കൂട്ടുപിടിച്ച് ഈ ഗവൺമെൻറിനെതിരായി പ്രവർത്തിക്കുമെന്ന് പല പൊതുവേദിയിലും പ്രഖ്യാപിക്കുകയും അതിനുവേണ്ടി വെടിവയ്പ് ആയാലും ശരി, ലാത്തിച്ചാർജ്ജായാലും ശരി, നടത്തിക്കുമെന്നു പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. ശ്രീമാൻ കരുണാകരൻ നേതാവായി അപ്പുറത്തിരുന്ന കാലത്ത് ഇങ്ങനെ ഒരു പ്രഖ്യാപനം അങ്ങേയ്ക്കു നേരിടേണ്ടിവന്നില്ലല്ലൊ? എന്നുള്ള സഹാനുഭൂതിയെങ്കിലും ഈ ഗവൺമെൻറിനോട് കാണിക്കണമെന്നാണ് എനിക്കു വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്.

അതുപോലെതന്നെ നിങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിനു കാര്യമായ ചില ആക്ഷേപങ്ങളും ഉണ്ടെന്നാണു് മനസ്സിലാക്കുവാൻ കഴിഞ്ഞത്. പോലീസ് മർദനങ്ങളെ സംബന്ധിച്ചിടത്തോളം നിരവധി ആക്ഷേപങ്ങളും ഉണ്ടായി. ഒരു ഗവൺമെൻറിൽ നിന്നും മറെറാരു ഗവൺമെൻറിലേക്ക് മാറ്റം ഉണ്ടാകുമ്പോൾ സ്വാഭാവികമായി ചില സംഭവങ്ങളും ഉണ്ടാകുമെന്ന് അങ്ങേയ്ക്കും ബോധ്യമുള്ളതാണ്. പക്ഷേ ഇങ്ങനെ പരാതിപ്പെടുന്നതിനുമുമ്പ് സമയത്തിൻെറ ഒരു ചെറിയ അലവൻസ് എങ്കിലും അനുവദിക്കേണ്ടതാണ്. ഒന്നാം തീയതി ഈ ഗവൺമെൻറ് അധികാരത്തിൽ വന്നു. രണ്ടാം തീയതിയാണ് ശ്രീ. എ. കെ. ഗോപാലൻ പ്രസ്താവന ഇറക്കിയത്, ഈ രാജ്യത്ത് പോലീസ് ഭീകരമായ മർദ്ദനം നടത്തുന്നുവെന്ന്. രണ്ടുദിവസത്തിനകം ഭരണം നിയന്ത്രിതമായി കഴിഞ്ഞശേഷം ചുറ്റുപാടുകളും നോക്കുമ്പോൾ വിചാരിക്കുന്ന രീതിയിൽ കാര്യങ്ങളും നടന്നില്ല. അതുമാത്രവുമല്ല നമ്മുടെ വ്യവസായ മന്ത്രി പറഞ്ഞു നവംബർ മൂന്നാംതീയതിയിലെ പ്രകടനത്തിന് മാർക്സിസ്റ്റു പാർട്ടി ആഹ്വാനം നൽകിയിട്ട് ഒരപ്പുപ്പൻതാടിപോലും പറന്നില്ലെന്ന വസ്തുത വ്യവസായമന്ത്രി പരസ്യമായി പറഞ്ഞു. അതു വളരെയധികം പ്രകോപിപ്പിച്ചു. അതിൻെറ ഫലമായിട്ട് വളരെകരുതലോടുകൂടി ഡിസംബർ ഒന്നാം തീയതി ചില പരിപാടികളും ആവിഷ്കരിച്ചു. ആ പരിപാടികളും ആവിഷ്ക്കരിക്കുന്നയവസരത്തിൽ സഖാവ് ബേബിജോൺ പറഞ്ഞതിനെപ്പററി അങ്ങു പരാമർശിക്കുകയുണ്ടായി. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, സേലം ജയിലിൽ നടന്ന മനുഷ്യക്കുരുതിക്ക് കുരുതിക്കാർ മാത്രമല്ല കാരണക്കാർ എന്നും കരുതി കൊടുപ്പിച്ച പാർട്ടികൂടി ഉത്തരവാദിയാണെന്നു പിന്നീട് അങ്ങയുടെ പാർട്ടി വിലയിരുത്തിയിട്ടില്ലേ? 1948–ലെ കൽക്കട്ടാ തീസിസ്സിനെ തുടർന്ന് രാജ്യത്തുടനീളം നടന്ന മർദ്ദനങ്ങളും ഭീകര പ്രവർത്തനങ്ങളും ഉണ്ടായപ്പോഴും തെറ്റായ രാഷ്ട്രീയനയം സ്വീകരിക്കേണ്ടി വന്നതിലാണെന്ന് പിൽക്കാലത്ത് വിലയിരുത്തുകയുണ്ടായിട്ടില്ലേ? ചിലപ്പോഴും അതാതു രാഷ്ട്രീയ പാർട്ടികളും സ്വീകരിക്കുന്ന രാഷ്ട്രീയനയങ്ങളും മാത്രം വിധേയമാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഭരണസംപ്രദായത്തിന്റെ അതിരുകാണുകയും ഭരണ സംപ്രദായത്തിനു ആ അതിരു വരെ നിൽക്കുവാൻ സാധ്യമാക്കുകയും ചെയ്യുന്നതിനെ നിങ്ങൾ അംഗീരിക്കുന്നുണ്ടോ? രാഷ്ട്രീയപാർട്ടികൾ എല്ലാംതന്നെ ആ അടിസ്ഥാനത്തിൽ ആണ് ഈ കാര്യങ്ങൾഎടുക്കുകയും ചെയ്യുന്നത്. ഈ ഗവർൺമെൻറിന് എതിരായി പാലീസ് മർദ്ദനം എന്ന ഒരൊറ്റ ആക്ഷേപം അല്ലാതെ മറ്റൊന്നും തന്നെ മറുഭാഗത്തുനിന്നും ഉയർന്നു വന്നിട്ടില്ലെന്നുള്ളതാണ് ഈ മൂന്നു ദിവസത്തെ ചർച്ചയിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പ്രത്യേകത. പോലീസ് മർദ്ദനങ്ങളെക്കുറിച്ച് തീർച്ചയായും ആക്ഷേപിക്കേണ്ടതാണ്. പ്രതിപക്ഷത്തിന്റെ വികാരത്തെ മാനിക്കാനുള്ള വികാരം ഈ ഭാഗത്ത് ഉണ്ടെന്ന് ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നു. അതേ അവസരത്തിൽത്തന്നെ അവരോടു കൂട്ടുകൂടാൻ വരുന്ന ചെകുത്താനെ തള്ളിമാറ്റിക്കൊണ്ട് നിങ്ങളുടെ പൂർവ്വകാല ചെയ്തികളും വികാരങ്ങളും ഉണർത്തിവിടണമെന്നു പറയുവാനും ഞാനാഗ്രഹിക്കുന്നു. അതിനെല്ലാം അപ്പുറത്തായി രാഷ്ട്രീയ യാഥാർത്ഥ്യങ്ങൾ അംഗീകരിക്കണം. ഈ രാജ്യത്തു ചില വിപ്ലവസാഹസിക പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ശ്രീകാകുളം നാടാകെപ്പടരട്ടെ എന്നും തലശ്ശേരിയും പുൽപ്പള്ളിയും നാടാകെ പടരട്ടെ എന്നും വാഷിംഗ്ടോസ്റ്റർ പ്രചരണം നടത്തുകയും കുറ്റ്യാടി പോലുള്ള സംഭവങ്ങൾ ഉണ്ടാകുകയും ചെയ്ത പരിതഃസ്ഥിതിയിൽ ആ വഴിക്കുള്ള രാഷ്ട്രീയ പ്രവർത്തനങ്ങൾക്കു പ്രോൽസാഹനം നൽകുകയും ചെയ്യുന്ന സന്ദർഭത്തിൽ തീർച്ചയായും ഗവൺമെൻറിന് ആ യാഥാർത്ഥ്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. ആ അടിസ്ഥാനത്തിൽ ഇന്ന് ഈ മാതിരിയുള്ള സാഹസിക പ്രവർത്തനങ്ങൾ അതിലേയ്ക്കാണു നയിക്കുന്നതെന്നും ആർക്കാണ് സഹായകമായിരിക്കുന്നതെന്നും മാർക്സിസ്റ്റുപാർട്ടി ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. നിയമസമാധാനം പാലിക്കുന്ന അവസരത്തിൽ പോലീസിന്റെ രീതിയിൽ കുറ്റിയാടി സംഭവങ്ങൾ അവരിൽ ഉണ്ടാക്കിയ വികാരങ്ങൾ, മന്ത്രിയുടെ നേരെ നടന്ന കയ്യേറ്റങ്ങൾ തീർച്ചയായും അവരിൽ ഉണ്ടാക്കുന്ന പ്രതികരണങ്ങൾ ഒരു അളവുവരെ ഉണ്ടാകും ഉണ്ടാകുകയും ചെയ്യുന്നതു സ്വാഭാവികമാണ്. പിന്നെ മറ്റൊന്ന് മാർക്സിസ്റ്റു പാർട്ടി ഇന്നു പ്രതിപക്ഷത്താണ്. അദ്ധ്യാപകൻമാർക്കെതിരെ ലാത്തിച്ചാർജ് നടന്ന അവസരത്തിൽ ഇന്നത്തെ പ്രതിപക്ഷനേതാവ്, അന്നത്തെ ആഭ്യന്തരകാര്യവകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങു നൽകിയ വിശദീകരണവും അന്നും വാക്കൗട്ട് ഉണ്ടായിരുന്നു, അന്നു വാക്കൌട്ട് നടത്തിയത് ശ്രീമാൻ അണ്ണനും കെ. പി. ആറും ആയിരുന്നു. ആ കസേരയും ഈ കസേരയും വ്യത്യാസമാണോ? ഒരു ഗവൺമെൻറ് ഇരിക്കുന്ന അവസരത്തിൽ ആ രീതിയിലുള്ള സമീപനം ആവശ്യമായിവന്നിരിക്കാം. അതിന് ഇടയാക്കിയ കുറെ വസ്തുനിഷ്ഠമായ ഈ കാര്യങ്ങൾ കണക്കിലെടുത്തു പരിശോധിക്കുമ്പോൾ ഈ ഗവൺമെൻറിനു പിന്തുണ നൽകുവാനുള്ള എല്ലാ സാഹചര്യങ്ങളും ഇന്നു നിലനിൽക്കുന്നുണ്ട്. പിന്തുണ നൽകുന്ന അവസരത്തിൽ അതു സോപാധികമായിരിക്കണമെന്നാകാം, ഇവിടെ ഓരോ പരിപാടികളുടെ അടിസ്ഥാനത്തിൽ ആകാം. ആ രീതിയിൽ പിന്തുണ പല ഭാഗത്തുനിന്നും ഉണ്ടായി എന്നു വരാവുന്നതാണ്. അതുകൊണ്ടു ഭരണഘടനാപരമായ പ്രശ്നത്തെ, ഇന്ന് ആ ഒരു കാര്യം ഉയർത്തിപിടിക്കാത്തരീതിയിൽ പ്രസംഗിച്ചതിനു ഞാൻ പ്രതിപക്ഷനേതാവിനെ അഭിനന്ദിക്കുന്നു. രാഷ്ട്രീയമായ എതിർപ്പ് രാഷ്ട്രീയമായ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യണം. രാഷ്ട്രീയമായ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്ന അവസരത്തിൽ ഈ കാഴ്ച്ചപ്പാട് ഉണ്ടാകേണ്ടതുണ്ട്. ഈ നിയമസഭയ്ക്ക് അകത്തും പുറത്തും നടന്നു വരുന്ന വാദഗതികളും നമ്മുടെ രാജ്യത്ത് സാഹസിക രാഷ്ട്രീയ പ്രവർത്തനങ്ങളായി മാറ്റിക്കൊണ്ടുവരാൻ വരുന്ന ഒരു പ്രത്യയ ശാസ്ത്രത്തിന്റെ മറവിൽ വാസ്തവത്തിൽ പൊതുജനസമരങ്ങൾ പലതും പൊതുജന സമരങ്ങൾതന്നെ, ആ വഴിയിലേക്കു സമരത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ ആ രാഷ്ട്രീയ പ്രസ്ഥാനത്തിൽനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന അവസരത്തിൽ, പൊതുജനസമരങ്ങൾ നടത്തുന്ന ആളുകൾതന്നെ ഗവൺമെൻറിൻെറ പ്രതീക്ഷകൾക്കപ്പുറത്തേക്ക് നയിക്കുമെന്നും പൊതുജനസമരം നടത്തുന്നവർ മർദ്ദനങ്ങളെക്കുറിച്ചു പറയുവാൻ ഇടയുണ്ടെന്ന് അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നത്.

ഈ മൂന്നു ദിവസങ്ങളിൽ നടന്ന ചർച്ചകൾ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് അവർ ഇന്നു സ്വീകരിച്ചിരിക്കുന്നരാഷ്ട്രീയ നയങ്ങളെസംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിനോടുള്ള രാഷ്ട്രീയ നയത്തിൽ നൽകിയിരിക്കുന്ന രൂപത്തെ സംബന്ധിച്ചിടത്തോളം എങ്കിലും ചില വ്യതിയാനങ്ങൾ വരുത്തുന്നതിനു സഹായകമാകുമെന്നാണു പ്രതീക്ഷിക്കുന്നത്. അതുപോലെ തന്നെ അപ്പുറത്തുനിന്നും ഉണ്ടായിട്ടുള്ള ഗൗരവമേറിയ ആക്ഷേപങ്ങൾ അർഹിക്കുന്ന ഗൗരവത്തോടുകൂടി എടുക്കുകയും വേണം. ഈ രാജ്യത്തു നടന്നിട്ടുള്ള സംഭവങ്ങൾ സാഹചര്യം വരുത്തി എന്നതിനെ ആക്ഷേപിക്കുവാനല്ല, സാഹചര്യവുമായി ബന്ധപ്പെടുത്തിക്കൊണ്ട് അതിനെ പരിശോധിക്കാനും ആ അടിസ്ഥാനത്തിൽ നിയന്ത്രണം നൽകുന്നതിനും ഉള്ള മനോഭാവം ഗവൺമെൻറു ഭാഗത്തും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുവാൻ ഞാനീ അവസരം ഉപയോഗിച്ചുകൊള്ളുന്നു. പോലീസിൻെറ അനിയന്ത്രിതമായ പ്രവർത്തനത്തെ യാതൊരു കാരണവശാലും ഒരു ജനാധിപത്യ ഗവൺമെൻറിന് ഭൂഷണമല്ല. പോലീസിൻെറ അനിയന്ത്രിതപ്രവർത്തനത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് അതുമായി ഈ ഗവൺമെൻറിനെ കരിതേയ്ക്കാൻ..... .. ..

ശ്രീ. എം. കെ. എ. ഹമീദ്: സർ, പോയിൻറ് ഓഫ് ഓർഡർ...

സ്പീക്കർ: ഒരു ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചുകൊണ്ടുനിൽക്കുന്നതിനിടയ്ക്ക്.....

(സഭയിൽ ബഹളം)

ശ്രീ. എം. കെ. എ. ഹമീദ്: പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യാൻ അവകാശമില്ലെ സർ.

മി. സ്പീക്കർ: അവകാശമുണ്ട്. ഈ സഭയിൽ ചർച്ചകൾക്കു മറുപടി പറയുന്ന സമയത്തു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അനുവദിക്കാൻ പ്രയാസമാണ്. അഞ്ചുമിനിട്ടു സമയമേ ഉള്ളൂ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സഭാനേതാവു തന്നെ പ്രതിപക്ഷകക്ഷിയോടും ഗവൺമെൻറിനോടും അഭ്യർത്ഥിക്കുന്നു എന്നാണു പറഞ്ഞത്. ഗവൺമെൻറിനുവേണ്ടി മറുപടി പറയുന്ന ആൾ അഭ്യർത്ഥിക്കുന്നു എന്നാണു പറയുന്നത്. ആരാണു മറുപടി പറയേണ്ടത് ഇതാണു എനിക്ക് അറിയേണ്ടുന്ന കാര്യം.

ശ്രീ. ടി. കെ. ദിവാകരൻ: സഭാ നേതാവിനെ സംബന്ധിച്ചിടത്തോളം സഭയുടെ എല്ലാ ഭാഗത്തുനിന്നും വരുന്ന വികാരങ്ങൾ മാനിക്കുക എന്നുള്ളതാണു സഭാ നേതാവിൻെറ ഉത്തമമായ പ്രവർത്തി. ആ രീതിയിൽ പ്രതിപക്ഷ ഭാഗത്തുനിന്നും വന്നിട്ടുള്ള വിമർശനങ്ങളെല്ലാം ഗവൺമെൻറു ഭാഗത്തുനിന്നുള്ള ഗവൺമെൻറിൻെറ സമീപനത്തെ പ്രതിപക്ഷത്തെ മനസ്സിലാക്കുന്നതിനും കഴിയുന്നിടത്തോളം ഞാൻ ശ്രമിച്ചിട്ടുണ്ടു്. പ്രതിപക്ഷത്തിൻെറ വികാരങ്ങളെ മാനിക്കുവാൻ ഗവൺമെൻറു് തയ്യാറാകണമെങ്കിൽ സഭയിലെ പ്രതിപക്ഷത്തിൻെറ വികാരങ്ങളെല്ലാം മാനിച്ചു പോകാനുള്ള അധികാരം ഈ സഭയുടെ നേതാവു് എന്നുള്ള നിലയിൽ എനിക്കുണ്ട്. പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവിനോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് ഒരു കാര്യം മാത്രമാണ്. ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറിനോട് കാണിക്കുന്ന സൗമനസ്യമെങ്കിലും സഖാവ് അച്ചുതമേനോൻ ഗവൺമെൻറിനോടും കാണിക്കണം. അതുപോലെതന്നെ പഞ്ചാബിലെയും ഒറീസയിലെയും ഗവൺമെൻറുകളെ അട്ടിമറിക്കുന്നതിനെതിരായി സഖാവ് ഇ. എം. എസ്. താക്കീതു നൽകുമ്പോഴും അച്ചുതമേനോൻ ഗവൺമെൻറിൻെറ വർഗ്ഗസ്വഭാവത്തെപ്പറ്റി ശ്രീ. ഇ. എം. ജോർജ്ജിനെപ്പോലുള്ളവർ വലുതായ വർഗ്ഗവിശകലനത്തിനൊന്നും തയാറാകേണ്ടതില്ലെന്ന് അറിയിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇവിടെ രണ്ടുമൂന്നു ദിവസമായി നടക്കുന്ന ചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സഭാനേതാവും ഈ ഭാഗത്തുനിന്നും സംസാരിച്ച അനേകം ബഹുമാനപ്പെട്ട മെമ്പറൻമാരും വളരെ വിശദമായി പറഞ്ഞതുകൊണ്ടു ഞാൻ വളരെയധികം പറയാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റു ബഹുമാനപ്പെട്ട മെമ്പറൻമാരും ഇവിടെ ഉന്നയിച്ച ചില കാര്യങ്ങൾക്ക് സർക്കാരിൻെറ പേരിൽ മറുപടി പറയാൻ അൽപ്പസമയം എടുക്കണമെന്നുമാത്രമേ എനിക്കുദ്ദേശമുള്ളു. ബഹുമാനപ്പെട്ട സഭാനേതാവ് പറഞ്ഞുവച്ച ഇടത്തുനിന്നാണ് ഞാൻ ആരംഭിക്കുന്നത്.

പ്രതിപക്ഷത്തിൻെറ അഭിപ്രായങ്ങളും ഇവിടെ ഉന്നയിച്ച എല്ലാഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ട് ഇവിടെ രണ്ടുമൂന്നു ദിവസമായി ഉന്നയിച്ച നിർദ്ദേശങ്ങളെല്ലാം ഗവൺമെൻറ് അവയുടെ ഗുണങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുന്നതാണെന്നും അതനുസരിച്ച് ഗവൺമെൻറിൻെറ നയങ്ങളിലും നടപടികളിലും പ്രവർത്തനങ്ങളിലും ഒക്കെ എന്തെല്ലാം മാറ്റം വരുത്തേണ്ടതുണ്ട് എന്നു ചിന്തിക്കുന്നതാണെന്നും പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

അതുപോലെ രണ്ടുമൂന്നു പ്രധാന സംഗതികൂടി പറയാനുണ്ട്. മൽസ്യത്തൊഴിലാളികളുടെ കാര്യം ഇവിടെ പറയുകയുണ്ടായി. ബോട്ടുകൾ റിപ്പെയർ ചെയ്യാൻ ഉള്ള സൗകര്യക്കുറവിനെപ്പറ്റിയും മൽസ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ കാര്യത്തെപ്പറ്റിയും പറഞ്ഞു. ഇതിന് ഒരു വ്യവസ്ഥയും ഇല്ലെന്നു പറയുന്നതു ശരിയായിരിക്കുകയില്ല. പലതും ഇതിനെ സംബന്ധിച്ച മാസ്റ്റർ പ്ലാനിൽ പറഞ്ഞിട്ടുള്ള സംഗതികളാണ്. അതിനും പുറമേ ഇതിനുള്ള സൗകര്യങ്ങൾ കൂടുതൽ ആക്കാനും കാലതാമസം ഒഴിവാക്കാനും റിപ്പെയറിനു കൂടുതൽ സൗകര്യം ചെയ്യാനും ഗവൺമെൻറ് തയാറാകുന്നതാണ്. ആംഗ്ലോ ഇൻഡ്യൻ സമുദായത്തെ സംബന്ധിച്ച് പല തവണ ഉന്നയിച്ച സംഗതി റിസർവേഷൻ എടുത്തു കളഞ്ഞു എന്നാണ്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ചപ്പോൾ, ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ടവരുടെ ഏതാണ്ടു മുഴുവൻ സെൻസസ് കണക്കെടുത്തതിൽ പിശകുകൾ ഉണ്ടെന്നാണ് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. അതു പരിശോധിച്ച്, പിശകുണ്ടായിട്ടുണ്ടെങ്കിൽ പുനരാലോചിക്കുന്നതാണെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. വേറെ പല പ്രശ്നങ്ങളും ബഹുമാനപ്പെട്ട പല മെമ്പർമാരും ഉന്നയിച്ചിട്ടുണ്ട്. ഹരിജനങ്ങളുടെ സംഗതിയാണു ബഹുമാനപ്പെട്ട രാമുണ്ണി ഉന്നയിച്ചത്. ഒരു ഗവൺമെൻറും ഹരിജനങ്ങൾക്ക് ഗുണം ചെയ്തിട്ടില്ല. ഒരു കാര്യവും ചെയ്തിട്ടില്ല എന്നു ശ്രീമാൻ രാമുണ്ണിയുടെ അഭിപ്രായത്തോട് എനിക്ക് യോജിപ്പാണുള്ളത്. ഈ പ്രശ്നത്തിൽ, അവരുടെ ഉദ്യോഗ പ്രാതിനിധ്യക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടോ എന്നു പരിശോധിക്കാൻ സെക്രട്ടറിയേറ്റിൽ ഒരു സെൽ ഏർപ്പെടുത്താൻ ഗവൺമെൻറ് തീരുമാനമെടുത്തിട്ടുള്ള സംഗതി ഈ അവസരത്തിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഉദ്യോഗക്കയറ്റം കൊടുക്കുന്നതിലും ഐ. എ. എസ്. പ്രാതിനിധ്യം കൊടുക്കുന്നതിലും അവശ്യകം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെന്നു മാന്യസുഹൃത്ത് ചടയൻ പറയുകയുണ്ടായി. വീഴ്ചകളും ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്. പ്രതിപക്ഷത്തിന്റെ ഉപദേശവും ഹരിജനങ്ങൾക്ക് എല്ലാം കിട്ടിയോ എന്നു ചോദിച്ചുകൊണ്ട് ഒരൽപ്പം പരിഹാസത്തോടുകൂടി എഴുന്നേറ്റു നിൽക്കുകയുണ്ടായി. അവരുടെ മറവ് അവശതകളും പരിഹരിക്കാൻ ശ്രമിക്കുന്നതാണെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

ഏറ്റവും അധികം തെറ്റിദ്ധരിപ്പിക്കുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു വകുപ്പിന്റെ ചാർജ്ജാണ് ഞാൻ വഹിക്കുന്നത്. ഈ വകുപ്പിനെ ശ്ലാഘിച്ചുകൊണ്ടു ചില പ്രസംഗങ്ങളും നടന്നപ്പോൾ മറ്റു ചില മെമ്പറൻമാർ ഇതിനെ കഠിനമായി വിമർശിച്ചുകൊണ്ടും പ്രസംഗിക്കുകയുണ്ടായിട്ടുണ്ട്. വിമർശനങ്ങളിൽ കഴമ്പുള്ള വിമർശനങ്ങളെപ്പറ്റി തീർച്ചയായും ഗവൺമെന്റ് പരിശോധിക്കുന്നതാണ്. പോലീസിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും അക്രമമോ കൊള്ളരുതായ്മയോ വന്നിട്ടുണ്ടെങ്കിൽ അന്വേഷിക്കാൻ മുൻ ഗവൺമെന്റ് സ്വീകരിച്ചപോലെ, ഉത്തരവിട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട വാസുവിന്റെ നേരേ നടന്ന മർദ്ദനത്തെപ്പറ്റി പറയുകയുണ്ടായി. നേരത്തെ തന്നെ കളക്ടർക്ക് ഉത്തരവു കൊടുത്തിട്ടുണ്ട്. ശ്രീ. വാര്യരുടെ ആവശ്യമനുസരിച്ച് അന്വേഷണത്തിന്റെ വിവരം അദ്ദേഹത്തിനു കൊടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അവ അദ്ദേഹത്തിനു ലഭിക്കുമെന്നു ഞാൻ വിചാരിക്കുന്നു. കോഴിക്കോട്ടും, പാലക്കാട്ടും നടന്ന സംഭവങ്ങളും നിർഭാഗ്യകരമായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. അതിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവു കൊടുത്തിട്ടുണ്ട്. പ്രകടനങ്ങൾക്ക് നേതൃത്വം നൽകിയ ആളുകളുടെ കൂട്ടത്തിൽ ഈ സഭയിലെ ഒന്നുരണ്ട് സാമാജികൻമാർക്കും വളരെ ഗുരുതരമായ പരിക്കുകളും പറ്റിയിട്ടുണ്ടെന്നുള്ള കാര്യം വളരെ ഖേദകരമായിപ്പോയി. നടന്ന സംഗതികളെക്കുറിച്ച്, സംഭവം നടന്ന ഉടനെതന്നെ, ഏതാനും മണിക്കൂറുകൾക്കുള്ളിൽ അന്വേഷണം നടത്താൻ ഗവൺമെന്റ് ഉത്തരവിട്ടിട്ടുണ്ട്. പോലീസിന്റെ ഭാഗത്തുനിന്നാണു പ്രകോപനമുണ്ടായതെന്ന് ചിലർ പറയുന്നതുകൊണ്ട് അതിനെപ്പറ്റി അന്വേഷിക്കുന്നതാണ്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പൂർവ്വകാലത്തു നടന്ന ഗവൺമെന്റ് നടപടികളും തന്നെയാണ് ഈ ഗവൺമെന്റിനു മാർഗ്ഗദർശകമായിട്ടുള്ളത്. എല്ലാ പ്രശ്നങ്ങളും അതതിന്റെ ഗൗരവത്തോടും പ്രാധാന്യത്തോടും കൂടി ഉന്നയിച്ചതുതന്നെ ആയിരിക്കുമെന്നാണു ഞാൻ മനസ്സിലാക്കുന്നത്. ആ രീതിയിൽ അവ പരിശോധിക്കുന്നതാണ്. സമയം ഇല്ലാത്തതുകൊണ്ട് ഞാൻ അധികം ദീർഘിച്ചു പറയുന്നില്ല. ഈ ഗവൺമെന്റിനെ മറിച്ചിടുന്നതിനു വേണ്ടി അക്രമാസക്തമായ പ്രക്ഷോഭണം ഉണ്ടാക്കുകയും ലാത്തിച്ചാർജ് ചെയ്യാതെ മുൻപോട്ടുപോകാൻ കഴിയുകയില്ലെന്ന വിധത്തിൽ നിയമലംഘനം നടത്തുകയും ചെയ്യുമ്പോൾ ആ നിയമലംഘനം വെറുതെ നോക്കിനിൽക്കുക, അതിൽനിന്നു മുരിതം അനുവേക്കുന്നവർക്ക് യാതൊരു സഹായവും ചെയ്യാതെ പോലീസ് നോക്കി നിൽക്കുവാൻ സാധിക്കുമോ? ഒരു പരിഷ്കൃതരാജ്യത്തേയും പോലീസിന് ഈ നയം സ്വീകരിക്കാൻ നിർവ്വാഹമില്ല. നമ്പൂതിരിപ്പാടിന്റെ കാലത്ത് മാർക്സിസ്റ്റുകാർ മരിച്ചിട്ടുണ്ട്. കുഞ്ഞാലിയുടെ കാര്യംതന്നെ പറയുകയുണ്ടായി; പൗലോസിന്റെ കാര്യം പറയുകയുണ്ടായി. കുഞ്ഞാലിയും പൗലോസും മാത്രമല്ല മിനിഞ്ഞാന്നുവരെ പലരും മരിച്ചിട്ടുണ്ട്. ഓരോ മരണത്തിന്റെയും കണക്കു ഞാൻ കൊണ്ടുവന്നിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ടു ഞാൻ പറയുന്നില്ല. നമ്പൂതിരിപ്പാടിന്റെ കാലത്ത് 4 മാർക്സിസ്റ്റുകാരും 7 മാർക്സിസ്റ്റല്ലാത്തവരും മരിച്ചിട്ടുണ്ട്; ഈ ഗവൺമെന്റു വന്നതിനു ശേഷം 7 മാർക്സിസ്റ്റുകളും 6 മാർക്സിസ്റ്റല്ലാത്തവരും മരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു ശരിയായ നിലപാടു സ്വീകരിക്കാനും ഈ കാര്യത്തിൽ അക്രമത്തിനും കൊള്ളയ്ക്കും തെണ്ടാമോഷണത്തിനും നേതൃത്വം നൽകുന്നതിരിക്കാനുമാണു ശ്രമിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി രണ്ടു കാര്യങ്ങൾകൂടി പറയാനുണ്ട്. 9—ാം തീയതി ഗവർണ്ണറുടെ പ്രസംഗം നടന്നപ്പോൾ ഇവിടെ നടന്ന സംഭവത്തെ സംബന്ധിച്ച്, അദ്ദേഹം എത്ര പാടുപെട്ടു പരിശ്രമിച്ചാലും, എനിക്കു പറയാനുള്ളത് അതു പ്രതിപക്ഷ നേതാവിന്റെ സ്ഥാനത്തിരിക്കുന്ന ഇ. എം. ന്റെ നേതൃത്വത്തിൽ നടക്കേണ്ടതായിരുന്നില്ല, അൽപ്പംകൂടി പിന്നിലിരിക്കുന്ന ഇ. എം. ന്റെ (ഇ. എം. ജോർജിനെ ഉദ്ദേശിച്ച്) നേതൃത്വത്തിൽ നടക്കേണ്ടതായിരുന്നു എന്നാണ്. യാതൊരു വിധത്തിലും അതിനു നീതീകരണം ഉണ്ടാവുകയില്ല.

ഞാൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു ചോര ചിന്തിയിട്ടില്ലാത്ത ആളാണു്, രണ്ടു തലയും മൂർച്ചയുള്ള വാക്കു ശരിക്കു പിടിക്കാനറിയാത്തതുകൊണ്ട് എനിക്കും മുറിവു പറ്റും എന്നുള്ള വാദങ്ങൾ ഞാൻ ഇവിടെ കേട്ടു. എങ്കിലും എന്റെ നേരേ നടന്ന ആക്രമണത്തെ ശ്രീ. നമ്പൂതിരിപ്പാട് ഇപ്പോഴെങ്കിലും അപലപിച്ചു കാണുന്നതിൽ ഗവൺമെന്റിന്റെ പേരിൽ മാത്രമല്ല സ്വന്തം നിലയിലും എന്റെ പിഞ്ചോമന മക്കളുടെ പേരിലും എന്റെ പ്രിയപ്പെട്ട ഭാര്യയുടെ പേരിലും എനിക്കു നമ്പൂതിരിപ്പാടിനോടു നന്ദിയുണ്ട്. അക്രമ പ്രചാരവേല ഈ നാട്ടിൽ ഇനി നടക്കുകയില്ല എന്നുള്ളതിന്റെ സൂചനയായി ഇത് എടുക്കുകയാണ്. ഈ മാതിരി സംഭവങ്ങൾ ഇല്ലാതായിപ്പോകട്ടെ എന്ന പ്രാർത്ഥനയാണ് എനിക്കുള്ളത്. അതിൽ വേണ്ട മനഃപരിവർത്തനം ഉണ്ടായി എന്നാണ് അപ്പുറത്തിരിക്കുന്ന നമ്പൂതിരിപ്പാട് അപലപിച്ചതിൽ നിന്നും മനസ്സിലാക്കുന്നത്.

ഈ സഭയുടെ എല്ലാ ഭാഗത്തു നിന്നും വന്ന നല്ല അഭിപ്രായങ്ങളുടെ കാര്യത്തിൽ പരിഗണനയും ശ്രദ്ധയും ഗവൺമെന്റിനുണ്ടായിരിക്കുന്നതാണെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. കുഷ്ഠരോഗം ഉളവാക്കണമെന്ന ഉദ്ദേശമില്ലാത്തതുകൊണ്ടു ശക്തമായി ഒന്നും പറയുന്നില്ല. നന്ദി പ്രമേയം പാസ്സാക്കണമെന്നു മാത്രം അഭ്യർത്ഥിക്കുന്നു.

Mr. Speaker: Now I will put the amendments and the motion to vote.

The Amendment moved by Shri R. Gopalakrishnan Nair was, by leave, withdrawn.

The Amendment moved by Shri N. Gamaliel was, by leave, withdrawn.

The Amendment moved by Shri Alexander Parambithara was, by leave, withdrawn.

The Amendment moved by Shri K. Karunakaran was, by leave withdrawn.

The Amendment moved by Shri P. K. Kunjachan was put and lost.

The Amendments moved by Shri T. K. Krishnan were put and lost.

The Amendment moved by Dr. George Thomas was, by leave, withdrawn.

The Amendment moved by Shri E. M. Sankaran Namboodiripad was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Shri E. M. Sankaran Namboodiripad: Sir, I demand a poll.

A Poll was taken when the House divided as follows:—

Ayes—55

1 Shri K. K. Aboo
2 ,, V. S. Achyuthanandan
3 ,, A. K. Appu
4 ,, A. V. Aryan
5 ,, C. K. Balakrishnan
6 ,, E. Balanandan
7 ,, C. B. Chandrasekhara Warrier
8 ,, P. N. Chandrasenan
9 ,, K. Chathunni Master
10 ,, V. V. Dakshinamoorthy
11 ,, S. Damodaran
12 ,, P. Gangadharan
13 ,, E. M. George
14 Smt. K. R. Gouri Thomas
15 Shri C. Govinda Panicker
16 ,, P. Govinda Pillai
17 ,, M. K. A. Hameed
18 ,, E. K. Imbichi Bava
19 ,, C. Kannan
20 ,, K. Karunakaran Nair
21 ,, M. K. Kelu
22 ,, M. K. Krishnan
23 ,, T. K. Krishnan
24 ,, R. Krishnan (Alathur)
25 ,, R. Krishnan (Palghat)
26 ,, P. P. Krishnan
27 ,, V. Krishna Das
28 ,, E. P. Krishnan Nambiar
29 Shri E. V. Kumaran
30 ,, A. V. Kunhambu
31 ,, V. V. Kunhambu
32 ,, P. Kunhan
33 ,, E. T. Kunhan
34 ,, P. K. Kunjachan
35 ,, A. P. Kurian
36 ,, T. M. Meethiyan
37 ,, Paloli Mohammed Kutty
38 ,, Mustafa Kamal
39 ,, A. S. N. Nambissan
40 ,, N. Prabhakara Thandar
41 ,, A. S. Purushothaman
42 ,, P. G. Purushothaman Pillai
43 ,, K. P. Raghava Poduval
44 ,, P. C. Raghavan Nair
45 ,, K. I. Rajan
46 ,, T. K. Ramakrishnan
47 ,, M. Ramunny
48 ,, M. Sadasivan
49 ,, E. M. S. Namboodiripad
50 ,, K. A. Sivarama Bharathy
51 ,, V. Sreedharan
52 Dr. P. K. Sukumaran
53 Shri N. Vasudevan Pillai
54 ,, B. Wellingdon
55 ,, P. P. Wilson

Noes—73

1 Shri T. A. Majid
2 ,, P. V. Abraham
3 ,, P. M. Abubacker
4 ,, E. Ahamed
5 ,, C. Ahmedkutty
6 ,, Alexander Parambithara
7 ,, K. Avukkaderkutty Naha Haji
8 ,, Baby John
9 ,, N. K. Balakrishnan
10 ,, J. Camalias Moraes
11 Shri J. A. Chacko
12 ,, M. Chadayan
13 ,, K. Chandrasekhara Sastri
14 ,, E. Chandrasekharan Nair
15 ,, V. P. Cherukoya Thangal
16 ,, N. I. Devassykutty
17 ,, M. K. Divakaran
18 ,, T. K. Divakaran
19 ,, N. Gamaliel
20 ,, N. Ganapathy
21 Dr. K. George Thomas

LIBRARY ARCHIVES Kerala Legislative Assembly

22	Shri	K. M. George	49	Shri	C. M. Kutty
23	,,	M. K. George	50	,,	K. Moideenkutty Haji
24	,,	K. T. George	51	,,	M. Moideenkutty Haji
25	,,	P. P. George	52	,,	C. H. Muhammed Koya Haji
26	,,	P. K. Gopalakrishnan	53	,,	C. S. Neelakantan Nair
27	,,	R. Gopalakrishnan Nair	54	,,	K. G. Neelakantan Namboodiripad
28	,,	G. Gopinathan Pillai	55	,,	K. Purushothaman Pillai
29	,,	M. N. Govindan Nair	56	,,	P. K. Raghavan
30	,,	M. Hakimji Sahib	57	,,	C. K. Rajan
31	,,	K. T. Jacob	58	,,	P. Ramalingom
32	,,	E. John Jacob	59	,,	P. Ramunni Kurup
33	,,	Joseph Chazhikkattu	60	,,	P. Ravindran
34	,,	K. Karunakaran	61	,,	Sayed Ummer Bafakih
35	,,	O. Koran	62	,,	R. S. Unni
36	,,	M. Krishnan	63	,,	P. S. Namboodiri
37	,,	K. K. Kumara Pillai	64	,,	B. V. Seethi Thangal
38	,	P. Kunhiraman Kidavu	65	,,	K. Sekharan Nair
39	,,	U. P. Kunikullaya	66	,,	N. K. Seshan
40	,,	P. K. Kunju	67	,,	P. S. Srinivasan
41	,,	K. G. Kunjukrishna Pillai	68	,,	M. M. Thomas
42	,,	V. Kuttikrishnan Nair	69	,,	T. V. Thomas
43	,,	B. Madhavan Nair	70	,,	P. Unnikrishna Pillai
44	,,	Pandalam P. R. Madhavan Pillai	71	,,	K. C. Vamadevan
45	,,	K. Mahabala Bhandari	72	,,	P. P. Wilson
46	,,	Mattapalli Majeed	73	,,	K. C. Zacharia
47	,,	K. M. Mani			
48	,,	M. P. Mohammed Jafferkhan			

NEUTRALS—NIL

Mr. Speaker : Those for—55, those against—73 and Neutrals—Nil. The amendment is lost.

The next amendment

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സർ, അത് വോട്ടിനിടുന്നതിനുമുൻപ് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും എനിക്കും വയസ്സ് അറുപതു കഴിഞ്ഞതാണ്. കൂടെക്കൂടെ ഇങ്ങനെ എഴുന്നേൽക്കുകയും ഇരിക്കുകയും ചെയ്യേണ്ട കാര്യമുണ്ടോ?

(പല അംഗങ്ങളുടെ പ്രതിഷേധം)

ശ്രീ. ടി. കെ. കൃഷ്ണൻ: ഇന്നത്തെ നടപടിയിൽനിന്ന് ഈ പരാമർശം നീക്കംചെയ്യണം.

മി. സ്പീക്കർ: ആർഡർ, ആർഡർ. മറ്റു വല്ലയിടത്തും പറഞ്ഞാൽ കേൾക്കാൻ രസമാകുമായിരുന്നു. ഈ ഘട്ടത്തിൽ അദ്ദേഹം അതു പറഞ്ഞതു നന്നായില്ല. ഏതായാലും അദ്ദേഹം അതു പിൻവലിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. രാജൻ: പിൻവലിച്ചില്ല. പോം നടന്നുകൊണ്ടിരിക്കുകയാണ്. സംസാരിച്ചാൽ ഞങ്ങളും സംസാരിക്കും.

മി. സ്പീക്കർ: വോട്ടിംഗ് നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഇതു പറയേണ്ടിയിരുന്നില്ലായിരുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സർ, ഞാൻ അതു പിൻവലിച്ചു.

The Amendment moved by Shri E. M. Sankaran Namboodiripad was put and lost.

The Amendment moved by Shri E. M. Sankaran Namboodiripad, was put and lost.

The Amendment moved by Shri E. M. Sankaran Namboodiripad was put and lost.

The Amendment No. 20, moved by Shri M. Ramuni, was put and lost.

The question that the Motion of Thanks to the Governor's Address moved by Shri P. Ramunni Kurup be adopted was put and carried.

Mr. Speaker: Order, order. The House will now adjourn to meet again at 8 a. m. Monday, the 19th January.

The Assembly adjourned at 12.38 p. m. to meet again at 8 a. m. on Monday, the 19th January, 1970.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനപരിപാടിയുടെ ഒരു ലിസ്റ്റ്

ട്രാക്ടറുകൾ, പവ്വർ ടില്ലറുകൾ, പമ്പുസെറ്റുകൾ, പവ്വർസ്പ്രേയറുകൾ തുടങ്ങിയ കാർഷികയന്ത്രങ്ങളും ഉപകരണങ്ങളും സംഭരിച്ചോ, നിർമ്മിച്ചോ വിതരണം ചെയ്യുക, കാർഷികോപകരണങ്ങളുടെ സ്പെയർ പാർട്ടുകൾ ശേഖരിച്ചു വിതരണം നടത്തുക, യന്ത്രവൽക്കരണത്തിന്റെ സമഗ്ര വളർച്ചയ്ക്കു അവശ്യം വേണ്ട സർവ്വീസ് സ്റ്റേഷനുകളും വർക്കുഷാപ്പുകളും സ്ഥാപിക്കുക, വിവിധ തരം കാർഷികയന്ത്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചും മറ്റും വേണ്ടതായ പരിശീലനം കൊടുക്കുക, ചെറുകിട കർഷകരുടെ ആവശ്യം മുൻനിർത്തി കാർഷിക യന്ത്രങ്ങൾ വാടകയ്ക്കു കൊടുക്കുക. കൂടാതെ കാർഷിക വിഭവങ്ങൾ പരുവപ്പെടുത്തി സാധനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുക, തുടങ്ങിയവയാണ് കോർപ്പറേഷന്റെ അംഗീകൃതപരിപാടികൾ. മേൽപ്പറഞ്ഞ പരിപാടികൾ കന്നുകാലി സംരക്ഷണം, ക്ഷീരോൽപ്പാദനം, മൽസ്യബന്ധനം എന്നീ മേഖലകളിലും വ്യാപിച്ച് അവയുടെ പരിപോഷണത്തിനു സഹായിക്കുക എന്നതും കോർപ്പറേഷന്റെ പരിപാടികളിൽ ഉൾപ്പെടുന്നു.

കാർഷികപരിപോഷണത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുകയും അവ നടപ്പിൽ വരുത്തുകയും ചെയ്യുക എന്നുള്ളത് നാഷണൽ എക്സ്റ്റൻഷൻ ബ്ലോക്കുകളെക്കൊണ്ട് ഉദ്ദേശിക്കപ്പെടുന്നുണ്ടെങ്കിലും മേൽപ്പറഞ്ഞ വിപുലമായ പരിപാടികൾ ബ്ലോക്കുകൾ ഏറ്റെടുത്തു നടത്തുക എന്നത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Question No.* (93) dated 15-1-1970*]

		Acres
(1)	Reclamation of Mungode kayal or Akathumuri Kayal	600
(2)	Reclamation of Vellayani lake	1235
(3)	Reclamation of Peringalam Kayal in Ashtamudi lake	389
(4)	Reclamation of Panmana Vatta Kayal	320
(5)	Reclamation of Pazhaya Ekkalpuram in Manroe Island	180
(6)	Reclamation of Paravoor Kayal (work now taken up by Agricultural Department)	410
(7)	Reclamation of Kozhi vila kayal in Ashtamudi Kayal	300
(8)	Reclamation of Kariamuttam Kayal providing outer bund and filling by a dredging	50
(9)	Reclamation of portion of Kayal west of Pallippuram putting up outer bund	200
(10)	Reclamation of the Tharigu kayal at Manroe light in Thiruvarpu Panchayat	417
(11)	Reclamation of a block from Vembanadu lake on the southern side of Kaipuzha Vetchoor Kayal	357
(12)	Benchali Irrigation-cum-reclamation scheme in Tirur taluk	1500
(13)	Reclamation of lands at Perumba in Cannanore District	187
(14)	Reclamation of Aukulam lake	100
(15)	Reclamation of Kattampally Project II stage	1,000
	Total	7,425

LIBRARY ARCHIVES Kerala Legislative Assembly